بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 5

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

ലക്കം 24

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2020 ജൂൺ 11/ഹി.ശം. 1399 ഇഹ്സാൻ 11/1441 ശവ്വാൽ 18


## അല്ലാഹുവിന്റെ വചനം

وَلَا تُؤۡتُوا السُّفَهَآءَ اَمۡوَالَکُمُ الَّتِیۡ جَعَلَ اللّٰہُ لَکُمۡ قِیٰمًا وَّارۡزُقُوۡهُمۡ فِیۡهَا وَاکۡسُوۡهُمۡ وَقُوۡلُوۡا لَهُمۡ قَوۡلًا مَّعۡرُوۡفًا۝ (النساء:6)

'നിങ്ങളുടെ നിലനില്പിന് അല്ലാഹു നിങ്ങൾക്ക് ആശ്രയമാക്കിത്തന്നിരിക്കന്ന നിങ്ങളുടെ ധനം ബുദ്ധിപക്വതയില്ലാത്തവർക്ക് നിങ്ങൾ വിട്ടു കൊടുക്കരുത്. നിങ്ങൾ അവർക്ക് അതിൽനിന്ന് ആഹാരവും വസ്ത്രവും നല്കുകയും അവരോടു നല്ലവാക്ക് പറയുകയും ചെയ്യുക.' (4:06)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**ദാസത്വത്തിന്റേയും പരിപാലനത്വത്തിന്റേയും ഒരു ബന്ധംകൊണ്ടാണ് നമസ്കാരത്തിൽ സ്വാദും സന്തോഷവുമുണ്ടാകുന്നത്. പരിപാലനത്വത്തിന്റെ വ്യക്തിഗത തേട്ടമായ, ഒന്നിനും കഴിവില്ലാത്തവനും അല്ലെങ്കിൽ ഒന്നിനും കഴിവില്ലാത്തവനെപ്പോലുള്ളവനുമായി മനുഷ്യൻ സ്വയംതന്നെ നിശ്ചയിച്ച് ഇടാത്തിടത്തോളം അല്ലാഹുവിന്റെ അനുഗ്രഹവും പ്രകാശവും അവനിൽ പതിയുകയില്ല. അങ്ങനെയാണെങ്കിൽപ്പിന്നെ ഉന്നത നിലയിലുള്ള സ്വാദും കരസ്ഥമാകുന്നതായിരിക്കും. അതിനെക്കാളുപരി ഒരു രുചിയുമില്ല.**

# സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

### നമസ്കാര സ്തംഭങ്ങളുടെ യാഥാർഥ്യം

നമസ്കാരസ്തംഭങ്ങൾ വാസ്തവത്തിൽ ആത്മീയമായ സഭാമര്യാദയുടെ രണ്ടു ഭാഗങ്ങളാണ്. മനുഷ്യന് അല്ലാഹുവിന്റെ മുമ്പിൽ നില്ക്കേണ്ടതായി വരുന്നു. നിൽക്കുക എന്നതും സേവകന്മാരുടെ മര്യാദകളിൽപ്പെട്ടതാണ്. രണ്ടാമത്തെ ഭാഗമായ കുനിയുക എന്നതും(റുക്കൂഅ്)വിളിച്ചോതുന്നത് കല്പന പാലിക്കുന്നതിന് എത്രമാത്രം തലകുനിക്കുന്നു എന്നതിന്റെ തയ്യാറെടുപ്പിനെയാണ്. ആരാധനയുടെ ഉദ്ദേശ്യമായ സുജൂദ്, സമ്പൂർണമായ മര്യാദയേയും സമ്പൂർണമായ വണക്കത്തേയും താനൊന്നുമല്ലെന്ന അവസ്ഥയേയും പ്രകടിപ്പിക്കുന്നു. അല്ലാഹു ഓർമക്കുറിപ്പ് എന്ന നിലയിൽ നിശ്ചയിച്ചിട്ടുള്ള മര്യാദകളും മാർഗങ്ങളുമാണത്. ശരീരത്തിന് ആന്തരികമായ മാർഗത്തിൽനിന്ന് വിഹിതം നല്കുന്നതിനുവേണ്ടി അത് നിശ്ചയിച്ചിരിക്കുന്നു. ഇതിനു പുറമെ ആന്തരികമായ വഴിയുടെ ദഢതയ്ക്കുവേണ്ടി ഒരു ബാഹ്യമായ വഴിയും വെച്ചിരിക്കുന്നു. ഇനി ബാഹ്യമായ മാർഗത്തിൽ (അത് ആന്തരികവും അന്തഃസ്ഥിതവുമായ മാർഗത്തിന്റെ ഒരു പ്രതിച്ഛായയാണ്)വെറും കോപ്പിയടിക്കുന്നവനെപ്പോലെ കോപ്പിയടിക്കുകയും അതിനെ ഒരു അസഹ്യമായ കാര്യമെന്ന് മനസ്സിലാക്കി ഊരി എറിയുന്നതിന് ശ്രമിക്കുകയും ചെയ്യുക. അപ്പോൾ നിങ്ങൾതന്നെ പറയുക, ഇതിൽ എന്തു സ്വാദും രുചിയും കിട്ടാനാണ്? സ്വാദും സന്തോഷവും ഉണ്ടാകാത്തിടത്തോളം അതിന്റെ യാഥാർഥ്യം എങ്ങനെ പരിശോധിക്കാൻ കഴിയും. ആത്മാവും താനൊന്നുമല്ലെന്ന അവസ്ഥയോടും തികവാർന്ന വണക്കത്തോടുംകൂടി ദൈവത്വത്തിൽ വീഴുകയും നാവ് എന്തൊന്നാണോ പറയുന്നത് അത് ആത്മാവും പറയണം. ആ നേരത്ത് ഒരു സന്തോഷവും പ്രകാശവും സമാധാനവും കരസ്ഥമാകുന്നു.....ചുരുക്കത്തിൽ പറഞ്ഞതിന്റെ ഉദ്ദേശ്യം നമസ്കാരത്തിൽ സ്വാദും സന്തോഷവും ഉണ്ടാകുന്നതും ദാസത്വത്തിന്റേയും പരിപാലനത്വത്തിന്റേയും ഒരു ബന്ധത്താലാണ്. പരിപാലനത്വത്തിന്റെ വ്യക്തിഗത തേട്ടമായ, ഒന്നിനും കഴിവില്ലാത്തവനും അല്ലെങ്കിൽ ഒന്നിനും കഴിവില്ലാത്തവനെപ്പോലുള്ളവനുമായി മനുഷ്യൻ സ്വയംതന്നെ നിശ്ചയിച്ച് ഇടാത്തിടത്തോളം അല്ലാഹുവിന്റെ അനുഗ്രഹവും പ്രകാശവും അവനിൽ പതിയുകയില്ല. അങ്ങനെയാണെങ്കിൽപ്പിന്നെ ഉന്നത നിലയിലുള്ള സ്വാദും കരസ്ഥമാകുന്നതായിരിക്കും. അതിനെക്കാളുപരി ഒരു നിർവൃതിയുമില്ല.

### സത്യസന്ധമായ നമസ്കാരം

ഈ സ്ഥാനത്ത് മനുഷ്യാത്മാവ് തികച്ചും താൻ ഒന്നുമല്ല എന്ന അവസ്ഥയിലായിത്തീരുമ്പോൾ അത് അല്ലാഹുവിലേക്ക് ഒരു അരുവിപോലെ ഒഴുകന്നു. അല്ലാഹു അല്ലാത്തവരുമായുള്ള ബന്ധം പൂർണമായും മുറിക്കപ്പെടുന്നു. ആ നേരത്ത് അല്ലാഹുവിന്റെ സ്നേഹം അവനിൽ പതിക്കുന്നു. ആ രണ്ടു ആവേശവും കൂടിച്ചേരുന്ന ഈ നേരത്ത്–മുകളിലേക്ക് പരിപാലനത്തിന്റെ ആവേശവും താഴേക്ക് ദാസത്വത്തിന്റെ ആവേശവും–ഒരു സവിശേഷമായ അവസ്ഥയുണ്ടാകുന്നു. അതിന്റെ പേരാണ് സ്വലാത്ത്. തെറ്റുകുറ്റങ്ങളെ ഭസ്മമാക്കിത്തീർക്കുന്നത് ഈ നമസ്കാരം തന്നെയാണ്. അത് തന്റെ സ്ഥാനത്ത് ഒരു പ്രകാശവും തിളക്കവും ഉപേക്ഷിച്ചു പോകുന്നു. വഴിയിൽ ബുദ്ധിമുട്ടുകളും അപകടങ്ങളും ഉണ്ടാകുന്ന നേരത്ത് അത് സാലിക്കിന്(അല്ലാഹുവിലേക്ക് പ്രയാണം ചെയ്യുന്നയാൾ)പ്രകാശിക്കുന്ന ഒരു ദീപമായി പ്രയോജനപ്പെടുന്നു. അവന്റെ വഴിയിലുണ്ടാകുന്ന എല്ലാ തരത്തിലുള്ള ചപ്പു ചവറുകളിൽനിന്നും വഞ്ചനകളുടെ കല്ലുകളിൽനിന്നും മുള്ളുകളിൽനിന്നും രക്ഷപ്പെടാനുള്ള മാർഗം അറിയിച്ചുകൊടുക്കുന്നു. *ഇന്നസ്സ്വലാത്ത തൻഹാ അനിൽഫാഹ്ശാഇ വൽമുൻകർ*(29:46) എന്ന ആയത്ത് അവനിൽ യോജിച്ചുവരുന്ന ഒരു അവസ്ഥയാണത്. കാരണം അത് അവന്റെ കൈയിലല്ല. അവന്റെ മനസ്സിൽ ഒരു പ്രകാശിക്കുന്ന വിളക്ക് വെച്ചിട്ടുണ്ടാകും. ഈ പദവി പൂർണവിനയവും താനൊന്നുമല്ലെന്ന പൂർണ വിചാരവും എളിമയും പൂർണ അനുസരണവും കൊണ്ടാണ് ലഭിക്കുന്നത്. അപ്പോൾപിന്നെ പാപത്തിന്റെ വിചാരം എങ്ങനെയാണ് അവനുണ്ടാകുക? നിഷേധം അവനിലുണ്ടാകുകയേ അല്ല. വൃത്തികെട്ട പ്രവൃത്തിയിലേക്ക് അവന്റെ ദൃഷ്ടി ഉയരുകയുമില്ല. അവനുണ്ടാകുന്ന ആനന്ദത്തേയും സന്തോഷത്തേയും കുറിച്ച് എങ്ങനെ വിവരിക്കണമെന്ന് എനിക്ക് മനസ്സിലാകുന്നില്ല.

### അന്യദൈവത്തിലേക്കുള്ള മടക്കം

യഥാർഥ അർഥത്തിലുള്ള നമസ്കാരം ദുആ മുഖേനയാണ് കൈവരുന്നതെന്ന കാര്യം സ്മരണാർഹമാണ്. അന്യ ദൈവങ്ങളോടു ചോദിക്കുക എന്നത് വിശ്വാസപരമായ ആത്മീയരോഷത്തിന് തികച്ചും വിരുദ്ധമാണ്. എന്തുകൊണ്ടെന്നാൽ, ദുആയുടെ ഈ സ്ഥാനം അല്ലാഹുവിനുള്ളതാണ്. മനുഷ്യൻ പൂർണമായ നിലയിൽ മൃദുലനായി, അല്ലാഹുവിനോടു ചോദിക്കാത്തിടത്തോളം അവനോടു അർഥിക്കാത്തിടത്തോളം യഥാർഥമായ നിലയിൽ അവൻ സത്യസന്ധനായ മുസ്‌ലിമും സത്യസന്ധനായ മുഅ്മിനും എന്നു പറയാൻ അർഹനല്ലെന്ന് സത്യമായും മനസ്സിലാക്കുക; ഇസ്‌ലാമിന്റെ യാഥാർഥ്യംതന്നെ, മനുഷ്യന്റെ സകല ശക്തിയും, അത് ബാഹ്യമാകട്ടെ ആന്തരികമാകട്ടെ സർവതും അല്ലാഹുവിന്റെ തിരുസന്നിധയിൽ വീണു കിടക്കുന്നതാവണം എന്നതാണ്. ഒരു വലിയ എഞ്ചിൻ ഒരുപാട് ബോഗികൾ വലിച്ചുകൊണ്ടുപോകുന്നതുപോലെ മനുഷ്യൻ തന്റെ സകല ജോലികളും അനക്കമടക്കങ്ങളും ആ വലിയ എഞ്ചിന്റെ ശക്തിക്ക് വിധേയമാക്കാത്തിടത്തോളം അവനെങ്ങനെയാണ് അല്ലാഹുവിന്റെ ദൈവത്വത്തെ വിശ്വസിക്കാനാകുക. *ഇന്നീ വജ്ജഹത്തു വജ്ഹിയ ലില്ലദീ ഫത്വറസ്സമാവാത്തി വൽഅർള ഹനീഫൻ വ്വമാ അന മിനൽമുശ്‌രിക്കീൻ*(6:80) തീർച്ചയായും ഞാൻ ഋജുമാനസനായുംകൊണ്ട് ആകാശങ്ങളേയും ഭൂമിയേയും സൃഷ്ടിച്ചവന്റെ നേരെ എന്റെ ശ്രദ്ധ തിരിക്കുന്നു. ഞാൻ ബഹുദൈവവിശ്വാസിക

(ശേഷം പേജ് 12ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# നബി(സ)തിരുമേനിയുടെ ദൈവമാർഗത്തിൽ ചെലവഴിക്കൽ

ഇസ്‌ലാമിക പാഠമനുസരിച്ച് നബി(സ)തിരുമേനി അല്ലാഹുവിന്റെ മാർഗത്തിൽ അതിരില്ലാതെ ചെലവഴിച്ചതിന് ഉത്തമ മാതൃകയാണ്. ആ മഹാത്മാവ് സാമ്പത്തികമായി ഞെരുക്കത്തിന്റെ കാലം കണ്ടു. ഐശ്വര്യത്തിന്റെ കാലവും കണ്ടു. ഈ രണ്ടുകാര്യങ്ങളിലൂടെ നബി(സ)തിരുമേനിയുടെ ഉത്കൃഷ്ട സ്വഭാവം തുറന്ന നിലയിൽ ലോകത്തിന്റെ മുമ്പിൽ വന്നു. ദീർഘമായി യാത്ര ചെയ്ത് ക്ഷീണിച്ച് അവസാനം മരച്ചുവട്ടിൽ വിശ്രമിക്കുകയും വീണ്ടും യാത്ര തുടരുകയും ചെയ്യുന്ന ഒരു യാത്രക്കാരന്റെ അവസ്ഥയാണ് നമുക്കു അവിടെയെല്ലാം കാണാൻ കഴിയുന്നത്. നശ്വരമായ ദുൻയാവിനോടും അതിലെ സമ്പത്തുകളോടും നബി(സ) തിരുമേനിക്കു ഒരു താൽപര്യവും ഉണ്ടായിരുന്നില്ല.(ബുഖാരി)

നബി(സ)തിരുമേനി തന്റെ കുടുംബക്കാർക്കും സ്വഹാബാക്കൾക്കും അതേ രീതിയിൽതന്നെയായിരുന്നു ശിക്ഷണം നല്കിയിരുന്നതും. ഒരിക്കൽ സ്വഹാബാക്കളുടെ ഒരു മജ്‌ലിസിൽ അവരെ സംബോധന ചെയ്തുകൊണ്ടു പറഞ്ഞു: “അനന്തരാവകാശത്തിൽ കിട്ടുന്ന സ്വത്തിനെ തങ്ങളുടെ സ്വത്തിനെക്കാൾ അധികം സ്നേഹിക്കുന്നവർ നിങ്ങളിലാരെങ്കിലുമുണ്ടോ? സ്വഹാബത്ത് പറഞ്ഞു, ‘അല്ലാഹുവിന്റെ ദൂതരേ! അങ്ങനെ സ്വന്തം സ്വത്തിനെ സ്നേഹിക്കാത്തവരായി ഞങ്ങളിലാരുമില്ല’ നബി(സ)തിരുമേനി പറഞ്ഞു, ‘എന്നാൽ ഓർത്തുകൊള്ളുക ! നിങ്ങളുടെ യഥാർഥ സ്വത്ത് എന്നു പറയുന്നത് നിങ്ങൾ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിച്ച് മുമ്പേ അയച്ചിട്ടുള്ളതാണ്. ബാക്കിയുള്ളത് നിങ്ങളുടെ അനന്തരാവകാശികളുടെ സ്വത്താണ്.’ (ബുഖാരി)

ഒരിക്കൽ നബി(സ)തിരുമേനി ഒരു ആടിനെ അറുത്ത് സാധുക്കളിൽ വിതരണം ചെയ്തു. പിന്നീടു ചോദിച്ചു, ‘ഇറച്ചി വല്ലതും ബാക്കിയായിട്ടുണ്ടോ?’ വീട്ടുകാർ പറഞ്ഞു, ‘മുഴുവനും വിതരണം ചെയ്തു കഴിഞ്ഞു, അല്പം നമുക്കു ബാക്കിയുണ്ട്.’ പറഞ്ഞു, ‘വിതരണം ചെയ്തത് യഥാർഥത്തിൽ രക്ഷപ്പെട്ടു. (അതിന്റെ പ്രതിഫലം സുരക്ഷിതമായി). ബാക്കിയായത് പാഴായിപ്പോയെന്ന് മനസ്സിലാക്കിക്കൊള്ളുക.’ (തിർമിദി)

മദീനയിൽ നബി(സ)തിരുമേനിയുടെ അടുക്കൽ ബഹ്റയ്നിൽനിന്ന് ധനം വന്നു. അപ്പോൾ സുബ്ഹി നമസ്കാരത്തിന് ധാരാളമാളുകൾ വന്നു. നബി(സ) പറഞ്ഞു: ‘നിങ്ങൾ ദാരിദ്ര്യത്തിലും പട്ടിണിയിലുമാകുമെന്ന് ഞാൻ ഭയപ്പെടുന്നില്ല. എന്നാൽ, എനിക്കുള്ള ഭയം നിങ്ങളിൽ ദുൻയാവ് വിശാലമാക്കപ്പെടുമ്പോൾ നിങ്ങൾ മുൻകഴിഞ്ഞ ജനതകളെപ്പോലെ പരസ്പരം മത്സരിക്കുകയും അവരുടെ പര്യവസാനം നിങ്ങൾക്കും ഉണ്ടാകുകയും ചെയ്യുമോ എന്നാണ്.’ (ബുഖാരി)

നബി(സ)തിരുമേനി പറഞ്ഞു: ‘എന്റെയടുക്ക ൽ ഉഹ്ദുമലയോളം സ്വർണം വന്നാൽ അത് മൂന്നാം ദിവസം ഉദിച്ചുയരുന്നതിനുമുമ്പേ അല്ലാഹുവിന്റെ വഴിയിൽ ചെലവഴിക്കുന്നതിലും ആവശ്യത്തെക്കാളേറെ ഒരു ദീനാർ പോലും കൈവശം വെക്കാതിരിക്കുന്നതിലുമാണ് എന്റെ സന്തോഷം. നബി(സ)തിരുമേനി തന്റെ വലത്തും ഇടത്തും മുമ്പിലും പിമ്പിലും കൈവീശിക്കൊണ്ടു പറഞ്ഞു, ‘ഇങ്ങനെ എല്ലാ ധനവും അല്ലാഹുവിന്റെ വഴിയിൽ മനസ്സു തുറന്ന് ചെലവഴിയ്ക്കുകയും മടക്കിക്കൊടുക്കുകയും ചെയ്യും.’ പിന്നീടു പറഞ്ഞു, അതിസമ്പന്നന്മാർ ഖിയാമത്തുന്നാൾ നഷ്ടത്തിലായിരിക്കും; വലത്തും ഇടത്തും മുമ്പിലും പിമ്പിലും അല്ലാഹുവിന്റെ വഴിയിൽ ചെലവഴിക്കുന്നവരൊഴികെ. എന്നാൽ, അത്തരക്കാർ വളരെ വിരളമാണ്.’(ബുഖാരി)

നബി(സ)തന്റെ സ്വഹാബാക്കളിലും ഇതേ ചൈതന്യം ഉണ്ടാക്കാൻ ആഗ്രഹിച്ചിരുന്നു. ആ മഹാത്മാവ് പറയാറുണ്ടായിരുന്നു, ‘അല്ലാഹു ധനം നല്കുകയും എന്നിട്ട് അതിനെ സന്ദർഭമനുസരിച്ച് അല്ലാഹുവിന്റെ മാർഗത്തിൽ അസാധാരണമാം വിധം ചെലവഴിക്കാൻ സൗഭാഗ്യവും ധൈര്യവും നല്കപ്പെടുകയും ചെയ്തവൻ അസൂയാർഹനാണ്.’ (ബുഖാരി)

നബി(സ)തിരുമേനി ഏറ്റവും നല്ല സ്വദഖയെ ഇങ്ങനെ നിർവചിച്ചു; ‘നീ ആരോഗ്യവാനായിരിക്കുക, ധനം വിട്ടുകൊടുക്കാൻ നിനക്കു മടിയുണ്ടായിരിക്കുക, ദാരിദ്ര്യത്തെക്കുറിച്ചു ഭയവും ധനം സമ്പാദിച്ചാൽ കൊള്ളാമെന്ന് നിനക്ക് ആഗ്രഹവും ഉണ്ടായിരിക്കുക. ഈ പരിതഃസ്ഥിതിയിൽ നല്കുന്ന ദാനമാണ് ഏറ്റവും പുണ്യകരം. അന്നേരം നീ ദാനത്തെ പിന്നിലേക്ക് നീക്കി വെക്കരുത്. അങ്ങനെ ജീവിതം തൊണ്ടക്കുഴിയിൽ എത്തുന്ന നേരം നീ പറയും, ഇത്ര ഇന്നവനു കൊടുക്കണം, ഇത്ര ഇന്നവനുകൊടുക്കണം എന്നെല്ലാം. യഥാർഥത്തിലോ ആ ധനം ആ ഘട്ടത്തിൽ ഇന്നവന്റേതായിക്കഴിഞ്ഞിരിക്കുകയാണ്.’ (ബുഖാരി)

ഹദ്റത്ത് അസ്മാഅ്(റ)നിവേദനം. നബി(സ) തിരുമേനി എന്നോടു പറഞ്ഞു, ‘സമ്പത്ത് സൂക്ഷിച്ച് നീ പാത്രത്തിന്റെ വായ മൂടിക്കെട്ടി വെക്കരുത്. അങ്ങനെ ചെയ്യുന്നപക്ഷം നിന്റെ പാത്രത്തിന്റെ വായ നിനക്കെതിരായി അല്ലാഹുവും കെട്ടി വെക്കും. നീ ധനം എണ്ണിക്കണക്കാക്കി വെക്കരുത്. നിനക്കെതിരിൽ അല്ലാഹുവും എണ്ണിക്കണക്കാക്കി വെച്ചു കളയും. (അതായത് ഏതെങ്കിലും പണം അതിൽനിന്ന് പുറത്തു കടക്കുന്നില്ലെങ്കിൽ പിന്നെ വരുന്നത് എവിടെനിന്ന്?). മനസ്സു തുറന്ന് കഴിവുള്ളത്ര ദാനം നീ ചെയ്തു കൊള്ളുക. (ബുഖാരി).

ആഇശ(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു, ‘ദുർവ്യയം ചെയ്യാത്ത നിലയ്ക്ക് ഒരു സ്ത്രീ തന്റെ ഭർത്താവിന്റെ ധനത്തിൽനിന്ന് ദാനം ചെയ്താൽ അവൾക്ക് അതിന്റെ പ്രതിഫലമുണ്ട്. അവളുടെ ഭർത്താവിന് സമ്പാദിച്ചതിന്റെ പ്രതിഫലമുണ്ട്. ഭൃത്യനും അതുപോലെ പ്രതിഫലമുണ്ട്.’(ബുഖാരി)

പിശുക്കന്റേയും ദാനം ചെയ്യുന്നവന്റേയും ഉപമ രണ്ടു മനുഷ്യരെപ്പോലെയാണ്. അവർ ഇരുമ്പിന്റെ ഓരോ ജുബ്ബ ധരിച്ചിട്ടുണ്ട്. ആ ജുബ്ബ രണ്ടും അവരുടെ മുല മുതൽ കഴുത്തിൽ എല്ലുവരെയുണ്ട്. ദാനശീലമുള്ളവൻ ദാനം ചെയ്യുമ്പോഴെല്ലാം ആ ജുബ്ബ വലിഞ്ഞു നീണ്ടിട്ട് അവന്റെ ശരീരമാകെ മൂടും. അവന്റെ കൈവിരലുകളുടെ അറ്റങ്ങൾപോലും കുപ്പായത്തിനുള്ളിലാവും. ഭൂമിയിൽ പതിഞ്ഞ അവന്റെ കാലടികൾ ഈ കുപ്പായം ഭൂമിയിലൂടെ വലിച്ചിഴച്ച് കൊണ്ടു പോകുക കാരണം മാഞ്ഞു പോകും. എന്നാൽ, പിശുക്കൻ വല്ലതും ചെലവു ചെയ്യാൻ ഉദ്ദേശിക്കുന്നപക്ഷം അവന്റെ ജുബ്ബയുടെ ഓരോ കണ്ണിയും അവയുടെ സ്ഥാനങ്ങളിലേക്ക് ചേർന്ന് ഒട്ടിപ്പിടിച്ചു നില്ക്കും. അവൻ കുപ്പായം വലിച്ചുനീട്ടി വികസിപ്പിക്കാനൊരുങ്ങും. പക്ഷേ, അതു വികസിക്കുകയില്ല.’ (ബുഖാരി)

നബി(സ)തിരുമേനി തന്റെ സ്വഹാബാക്കളുടെ ആവശ്യങ്ങൾ എപ്പോഴും ശ്രദ്ധിച്ചിരുന്നു. സഹായിക്കുമ്പോൾ അവരുടെ അഭിമാനത്തിന് ഭംഗം തട്ടാതിരിക്കാൻ പ്രത്യേകം ഗൗനിച്ചിരുന്നു. ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ്(റ)യോടും അങ്ങനെ സ്നേഹനിർഭരമായ നിലയിൽ പെരുമാറിയ സംഭവം വന്നിട്ടുണ്ട്. ജാബിർ(റ)ന്റെ പിതാവ് അബ്ദുല്ലാഹ്(റ) ഉഹുദ് യുദ്ധത്തിൽ ശഹീദായി. അപ്പോൾ ഏഴു സഹോദരിമാരുടെ ഭാരം ജാബിർ(റ)ന്റെ തലയിലായി. യഹൂദിയ്ക്കു പിതാവ് കൊടുക്കാനുണ്ടായിരുന്ന കടവും വീട്ടാനുണ്ടായിരുന്നു. ആയിടയ്ക്ക് വീട്ടുകാര്യങ്ങൾ നോക്കാൻ ഹദ്റത്ത് ജാബിർ(റ)ന് വിവാഹവും കഴിക്കേണ്ടി വന്നു. ഈ കാര്യങ്ങൾ എല്ലാം നബി(സ) വീക്ഷിച്ചുകൊണ്ടിരുന്നു. നബി(സ) തിരുമേനി അദ്ദേഹത്തെ സഹായിക്കാനും ആഗ്രഹിച്ചിട്ടുണ്ടാകും. എന്നാൽ, ജാബിർ(റ) അഭിമാനിയായ ചെറുപ്പക്കാരനാണെന്ന കാര്യവും നബി(സ)തിരുമേനിയ്ക്കറിയാമായിരുന്നു. ഒരു യുദ്ധത്തിൽനിന്ന് വന്നുടനെ നബി(സ) ഹദ്റത്ത് ജാബിറിനെ സഹായിക്കാൻ ഒരു അവസരം ഉണ്ടാക്കി. ജാബിറിന്റെ ഒട്ടകം പെട്ടെന്ന് ഓടാൻ പറ്റാത്ത നിലയിലായി. നബി(സ) ഉടനെ അതിനെ കച്ചവടമാക്കി. മദീനയിൽ വന്നപ്പോൾ ഖജാൻജിയായ ബിലാലിനോട് അതിന്റെ വില കൊടുക്കാൻ നിർദേശിച്ചു. ഹദ്റത്ത് ജാബിർ(റ) അതിന്റെ വില വാങ്ങി മടങ്ങി പോകുമ്പോൾ നബി(സ) അദ്ദേഹത്തെ വിളിച്ചിട്ടു പറഞ്ഞു, വിലയോടൊപ്പം ആ ഒട്ടകത്തേയും കൊണ്ടുപൊയ്ക്കൊള്ളുക. ഇങ്ങനെ നബി(സ)തിരുമേനി തന്റെ ഒരു പ്രിയപ്പെട്ട സ്വഹാബിയുടെ ആവശ്യസമയത്ത് അദ്ദേഹത്തിന്റെ മാന്യതയ്ക്ക് ഒരു കോട്ടവും തട്ടാത്ത വിധത്തിൽ സഹായിച്ചു. (ബുഖാരി)

**(തുടരും)**






## ഹദീഥുന്നബ്‌വി (സ):

**നബി(സ)തിരുമേനി പറഞ്ഞു:‘രണ്ടാളുടെ ഇടയിൽ നീ നീതി പുലർത്തൽ ധർമമാണ്. ഒരാൾ തന്റെ വാഹനത്തിലേറാനോ യാത്രോപകരണങ്ങൾ അതിനുമുകളിൽ കയറ്റിവെക്കാനോ നീ സഹായിക്കലും ഒരു ധർമമാണ്. നല്ല വാക്കു പറയുന്നതും ധർമമാണ്. നമസ്കാരത്തിന് നടന്നുപോകലും ധർമമാണ്. വഴിയിലുള്ള ശല്യം ദൂരീകരിക്കലും കൂടി ഒരു ധർമമാണ്.’ (ബുഖാരി മുസ്‌ലിം)**

ത്വാലിബെ ദുആ:
M.K. Abdul Azeez & Family, Ahmadiyya Jama-ath Mannarkad(Kerala)

## ഖുത്ബ ജുമുഅ

അല്ലയോ ജനങ്ങളേ! അല്ലാഹുവിനോടു തഖ്‌വയുള്ളവരാകുകയും ക്ഷമിക്കുകയും ചെയ്യുക.
അല്ലാഹുവിനോടു തഖ്‌വയുള്ളവരാകുക. അല്ലാഹു നിങ്ങളുടെ വഴികൾ തുറക്കുന്നവനും
നിങ്ങളുടെ ജോലികൾ ഉണ്ടാക്കുന്നവനുമാണ്.

"നിങ്ങൾക്കു മുമ്പേ കഴിഞ്ഞുകടന്നുപോയവർ, അവരിൽനിന്നുള്ള ഒരാൾക്കുവേണ്ടി മണ്ണിൽ കുഴിയെടുക്കുകയും
പിന്നീട് അയാളെ ജീവനോടെ കുഴിച്ചുമൂടുകയും ചെയ്തിരുന്നു, പിന്നീട് വാൾ കൊണ്ടുവരികയും
അയാളുടെ തലയിൽ വെക്കുകയും അയാളെ പിളർത്തി രണ്ടുകഷണമാക്കുകയും ചെയ്യുമായിരുന്നു.
പക്ഷേ, അയാളുടെ ദീനിൽനിന്ന് തടയാൻ അതിന് സാധിക്കുമായിരുന്നില്ല."

"അല്ലാഹു ഖബ്ബാബിനുമേൽ കരുണ ചൊരിയുമാറാകട്ടെ! അദ്ദേഹം സ്വന്തം ഇഷ്ടത്താൽ ഇസ്‌ലാം സ്വീകരിച്ചു.
അദ്ദേഹം അനുസരിച്ചുകൊണ്ട് ഹിജ്റത്ത് ചെയ്തു. ഒരു ധർമഭടനെന്ന നിലയിൽ ജീവിച്ചു. ശാരീരികമായ നിലയിൽ
അദ്ദേഹം പരീക്ഷിക്കപ്പെട്ടു. സൽക്കർമം ചെയ്യുന്നവന്റെ പ്രതിഫലം അല്ലാഹു പാഴാക്കിക്കളയുകയില്ല."

**നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ബദ്‌രി സ്വഹാബി**
**ഹദ്റത്ത് ഖബ്ബാബ് ബിൻ അറത്ത്(റ)ന്റെ സ്തുത്യർഹമായ സൽഗുണങ്ങളുടെ ചർച്ച.**

**ഖുത്ബ ജുമുഅ 2020 മെയ് 08/1399 ഹിജ്റത്ത് 08**
**മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സർറെ) യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- الرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ-
إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ- اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ-
صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

ഇന്ന് ഞാൻ ഒരു ബദ്‌രീ സ്വഹാബിയായ ഹദ്റത്ത് ഖബ്ബാ ബിൻ അറത്ത്(റ)നെക്കുറിച്ചാണ് വിവരിക്കുന്നത്. ബനൂ സഅ്ദ് ബിൻ സയ്ദ് ഗോത്രവുമായിട്ടായിരുന്നു അദ്ദേഹത്തിന് ബന്ധം. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് അറത്ത് ബിൻ ജൻദല എന്നായിരുന്നു. അദ്ദേഹത്തിന്റെ സംജ്ഞാനാമം അബൂ അബ്ദുല്ലാഹ് എന്നും ചിലരുടെ പക്കൽ അബൂ മുഹമ്മദെന്നും അബൂ യഹ്‌യാ എന്നുമായിരുന്നു. അദ്ദേഹം ജാഹിലിയ്യാ കാലഘട്ടത്തിൽ അടിമയാക്കി മക്കയിൽ വിൽക്കപ്പെടുകയുണ്ടായി. അദ്ദേഹം ഉത്ബ ബിൻ ഗസ്‌വാന്റെ അടിമയായിരുന്നു. ചിലർ പറയുന്നത് ഉമ്മു അൻമാർ ഖുസായിയായുടെ അടിമയായിരുന്നുവെന്നാണ്. ബനൂസുഹ്റായുടെ സഖ്യകക്ഷിയായി. ഒന്നാമതായി ഇസ്‌ലാം സ്വീകരിച്ചവരുടെ കൂട്ടത്തിൽ അദ്ദേഹം ആറാം നമ്പർകാരനായിരുന്നു. ഇസ്‌ലാം സ്വീകരിക്കുകയും അത് വെളിപ്പെടുത്തുകയും ചെയ്തതിന്റെ ഫലമായി പീഢനങ്ങളനുഭവിക്കേണ്ടി വന്ന പ്രാരംഭകാല മുസ്‌ലിമീങ്ങളിൽപ്പെട്ട വ്യക്തിയായിരുന്നു അദ്ദേഹം. ഹദ്റത്ത് ഖബ്ബാബ്(റ), നബി(സ)തിരുമേനി ദാറു അർഖമിൽ വരുന്നതിനും അതിൽ ആളുകളെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചുതുടങ്ങുന്നതിനും മുമ്പേ ഇസ്‌ലാം സ്വീകരിച്ചിരുന്നു.'(അത്ത്വബക്കാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ്, വാല്യം 3, പേജ് 121–122, ഖബ്ബാബ് ബിൻ അറത്ത്, ദാറുൽകുതുബുൽഇൽമിയ്യ, ബേറൂത്ത് 1990)(അൽഇസ്വാബ ഫീ തമീസിസ്സ്വഹാബ വാള്യം 2, പേജ് 221, ഖബ്ബാബ് ബിൻ അറത്ത്, ദാറുൽകുതുബുൽഇൽമിയ്യ, ബേറൂത്ത് 1995)(ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ വാല്യം 2, പേജ് 147, ഖബ്ബാബ് ബിൻ അറത്ത്, ദാറുൽകുതുബുൽഇൽമിയ്യ, ബേറൂത്ത് 2003)

മുജാഹിദ് പറയുന്നു:'നബി(സ)തിരുമേനിയുടെ ക്ഷണത്തിന് ഏറ്റവുമാദ്യം ഉത്തരം നല്കിയവർ ഇവരാണ്: ഹദ്റത്ത് അബൂബക്കർ(റ), ഹദ്റത്ത് ഖബ്ബാബ്(റ), ഹദ്റത്ത് സ്വുഹയ്ബ്(റ), ഹദ്റത്ത് ബിലാൽ(റ), ഹദ്റത്ത് അമ്മാർ(റ), ഹദ്റത്ത് അമ്മാറിന്റെ മാതാവ് ഹദ്റത്ത് സുമയ്യ(റ). നബി(സ)തിരുമേനിയെ അല്ലാഹു അദ്ദേഹത്തിന്റെ പിതൃവ്യൻ അബൂത്വാലിബ് മുഖേന സുരക്ഷിതമാക്കി വെച്ചു. ഹദ്റത്ത് അബൂബക്കർ(റ)നെ അദ്ദേഹത്തിന്റെ ജനംതന്നെ സുരക്ഷിതമാക്കിവെച്ചു.' എന്തായാലും ഇതെഴുതുന്നയാൾ ഒരു പ്രത്യേക കാഴ്ചപ്പാടിലൂടെയാണ് ഇതെഴുതുന്നത്. ഈ എഴുതുന്ന ആളിന്റെ ബുദ്ധിയിലും നബി(സ)തിരുമേനിയുടെ പിതൃവ്യൻ അബൂത്വാലിബ് ആ മഹാത്മാവിനെ സംരക്ഷിച്ചുവെന്നാണ് പറയുന്നുത്. നബി(സ)തിരുമേനി തന്നെയും മക്കമുശ്‌രിക്കുകളുടെ ആക്രമണങ്ങളിൽനിന്ന് സുരക്ഷിതനായിരുന്നില്ലത്രെ! അബൂബക്കറും സുരക്ഷിതനായിരുന്നില്ല. ഇതിന് ചരിത്രം സാക്ഷിയാണ്. അവരേയും പലരീതിയിലുള്ള അക്രമങ്ങൾക്കും ദ്രോഹങ്ങൾക്കും കുറിമാനമാക്കിയിരുന്നു. എന്നല്ല ഹദ്റത്ത് അബൂത്വാലിബ് ഉൾപ്പെടെ അക്രമങ്ങൾക്ക് വിധേയരായിരുന്നു. എഴുതുന്നയാൾ പറയുന്നത്, 'ഈയാളുകളെല്ലാം സുരക്ഷിതരായിരുന്നുവെന്നാണ്.' പക്ഷേ, ഞാൻ പറഞ്ഞതുപോലെ ഇതും അവരുടെ ഒരു ചിന്താഗതിയാണ്. കാരണം ചരിത്രം പറയുന്നത് നബി(സ)തിരുമേനിയും ഹദ്റത്ത് അബൂബക്കറും(റ) ഒന്നും സുരക്ഷിതരായിരുന്നില്ലെന്നാണ്. അദ്ദേഹം വീണ്ടും തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറയുന്നു: 'ഇവരിരുവരും സുരക്ഷിതരായി. പക്ഷേ, മറ്റുള്ള എല്ലാവർക്കെല്ലാം ഇരുമ്പുചട്ട അണിയിക്കപ്പെട്ടു. അവരെ കത്തിക്കാളുന്ന വെയിലത്ത് പൊള്ളിച്ചു. അല്ലാഹു ഇച്ഛിച്ചിടത്തോളം അവർ ഇരുമ്പുചട്ടയും അതികഠിമാനമായ വെയിലും സഹിച്ചു.' ശെഅ്ബി പറയുന്നു: 'ഹദ്റത്ത് ഖബ്ബാബ്(റ) ഒരുപാട് ക്ഷമിച്ചു. ഇസ്‌ലാമിനെ ഉപേക്ഷിക്കുക എന്ന സത്യനിഷേധികളുടെ ആവശ്യം അദ്ദേഹം അംഗീകരിച്ചില്ല. അപ്പോൾ അദ്ദേഹത്തിന്റെ പുറത്ത് ചുട്ടുപഴുത്ത് കല്ലുകൾവെച്ചു. അങ്ങനെ അദ്ദേഹത്തിന്റെ പുറത്തുള്ള തൊലി വെന്തുപോയി. ഉസുദുൽ ഗാബയിൽ നിന്നുള്ളതാണ് ഈ എല്ലാ നിവേദനവും.(ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ വാല്യം 2, പേജ് 147, ഖബ്ബാബ് ബിൻ അറത്ത്, ദാറുൽകുതുബുൽ ഇൽമിയ്യ, ബേറൂത്ത് 2003)

ഹദ്റത്ത് ഉമർ(റ) ഇസ്‌ലാം സ്വീകരിച്ച നേരത്തുണ്ടായ ഹദ്റത്ത് ഖബ്ബാബിന്റെ ഒരു സംഭവം ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) സീറത്തു ഖാത്തമുന്നബിയ്യീനിൽ ഇങ്ങനെ വിവരിച്ചിരിക്കുന്നു: 'ഹദ്റത്ത് ഹംസത്ത്(റ) ഇസ്‌ലാം സ്വീകരിച്ചിട്ടു കുറച്ചുദിവസമെ ആയിരുന്നുള്ളൂ. അല്ലാഹു മുസ്‌ലിമീങ്ങൾക്ക് മറ്റൊരു സന്തോഷാവസരം കാണിച്ചു. അതുവരെ ഹദ്റത്ത് ഉമർ(റ) കഠിനവിരോധികളിൽപ്പെട്ടയാളായിരുന്നു; അദ്ദേഹം മുസ്‌ലിമായി. അദ്ദേഹത്തിന്റെ ഇസ്‌ലാംസ്വീകരണ സംഭവവും വളരെ ഹൃദ്യമാണ്. ധാരാളമാളുകൾ അത് കേട്ടിട്ടുള്ളതുമാണ്. വായിച്ചിട്ടുള്ളതുമാണ്. പക്ഷേ, ഇദ്ദേഹം നല്കിയ വിശദീകരണവും ഞാൻ വിവരിക്കാം. ഇതുവിവരിക്കേണ്ടത് അദ്ദേഹത്തിന്റെ ചരിത്രമറിയാൻ നിർബന്ധമാണ്. 'ഹദറ്ത്ത് ഉമറിന്റെ സ്വഭാവത്തിൽ ദ്വേഷം വളരെ കൂടുതലായിരുന്നു. എന്നാൽ, ഇസ്‌ലാമിനോടുള്ള വിരോധം അത് പതിന്മടങ്ങാക്കി. ഇസ്‌ലാം സ്വീകരിക്കുന്നതിനുമുമ്പേ ഹദ്റത്ത് ഉമർ(റ) ദരിദ്രരും ദുർബലരുമായ മുസ്‌ലിമീങ്ങളെ, അവർ ഇസ്‌ലാം സ്വീകരിച്ച കാരണത്താൽ കഠിനമായി ബുദ്ധിമുട്ടിക്കാറുണ്ടായിരുന്നു. പക്ഷേ, ഏമാന്മാർ അവരെ ബുദ്ധിമുട്ടിച്ച് ക്ഷീണിക്കുകയും എന്നിട്ടും അവർ തങ്ങളിലേക്ക് മടങ്ങുന്നില്ലെന്ന് കാണുകയും ചെയ്യുമ്പോൾ എന്തുകൊണ്ട് ഈ കുഴപ്പത്തിന്റെ സ്ഥാപകനെ കൊന്ന് ഈ പ്രശ്നം പരിഹരിച്ചുകൂടാ എന്ന് അദ്ദേഹം ചിന്തിച്ചു. ഈ ചിന്ത

വന്നതോടെ വാളുമെടുത്ത് വീട്ടിൽനിന്നിറങ്ങി. നബി(സ)തിരുമേനിയെ തേടി നടക്കാൻ തുടങ്ങി. ഉമർ നഗ്നമായ വാളുമായി നടന്നുപോകുന്നത് വഴിയിൽവെച്ച് ഒരാൾ കണ്ടു. ഉമറേ! എവിടേക്കാണ് പോകുന്നതെന്ന് അയാൾ ചോദിച്ചു. ഉമർ പറഞ്ഞു:'മുഹമ്മദിന്റെ കഥകഴിക്കാനാഗ്രഹിക്കുന്നു.' അയാൾ ചോദിച്ചു: 'മുഹമ്മദിനെ വധിച്ച് താങ്കൾ ബനൂ അബ്ദുമനാഫിൽനിന്ന് സുരക്ഷിതനായിരിക്കുമെന്ന് കരുതുന്നുണ്ടോ?' ആദ്യം താങ്കളുടെ വീട്ടിലെ കാര്യം അറിയുക. താങ്കളുടെ സഹോദരനും അളിയനും മുസ്‌ലിമായിക്കഴിഞ്ഞിരിക്കുകയാണ്.' അതുകേട്ടപാടെ ഉമർ കോപാന്ധനായി. തിരിച്ച് തന്റെ സഹോദരി ഫാത്വിമായുടെ വീട്ടിലേക്കുള്ള വഴിയിലൂടെ നടന്നു. വീടിന് അടുത്തെത്തിയപ്പോൾ ഉള്ളിൽനിന്ന് വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്നതിന്റെ ശബ്ദം കേട്ടു. അത് ഖബ്ബാബ് ബിൻ അറത്ത്(റ) ശ്രുതിമനോഹരമായ നിലയിൽ അവരെ ഓതിക്കേൾപ്പിക്കുകയായിരുന്നു. ഈ ശബ്ദം കേട്ടതോടെ ഉമറിന്റെ കോപം ആളിപ്പടർന്നു. പക്ഷേ അദ്ദേഹത്തിന്റെ കാൽപെരുമാറ്റം കേട്ടതോടെ ഖബ്ബാബ്(റ) എവിടെയോ ഒളിച്ചു. വിശുദ്ധ ഖുർആന്റെ ഏടുകൾ ഫാത്വിമയും എവിടെയൊക്കെയോ ഒളിപ്പിച്ചുവെച്ചു. ഹദ്റത്ത് ഉമറിന്റെ സഹോദരിയുടെ പേര് ഫാത്വിമ എന്നായിരുന്നു. ഹദ്റത്ത് ഉമർ ഉള്ളിൽ കടന്നു. ക്ഷുഭിതനായി പറഞ്ഞു: നിങ്ങൾ നിങ്ങളുടെ ദീനിൽ നിന്ന് തെറ്റിപ്പോയിരിക്കുന്നുവെന്ന് ഞാൻ കേട്ടു. ഇതു പറഞ്ഞുകൊണ്ട് തന്റെ അളിയൻ സയീദ് ബിൻ സയ്ദിനെ കയറിപ്പിടിച്ചു. ഫാത്വിമ തന്റെ ഭർത്താവിനെ രക്ഷിക്കാൻ മുന്നോട്ടു കുതിച്ചു. വടംവലിക്കിടയിൽ അവർക്ക് മുറിവേറ്റു. എന്നാൽ, ഫാത്വിമ(റ) ധൈര്യത്തോടെ പറഞ്ഞു: 'ഉമറേ! അതേ! ഞങ്ങൾ മുസ്‌ലിമായി കഴിഞ്ഞിരിക്കുന്നു. നിനക്കു ചെയ്യാവുന്നതൊക്കെ ചെയ്തുകൊള്ളുക. ഇനി ഞങ്ങൾ ഇസ്‌ലാമിനെ ഉപേക്ഷിക്കുകയില്ല.' ഹദ്റത്ത് ഉമർ കർക്കശക്കാരനായിരുന്നു. പക്ഷേ, ആ കാർക്കശ്യത്തിന്റെ പർദയ്ക്കുപിന്നിൽ സ്നേഹത്തിന്റേയും മൃദുലതയുടേയും ഒരു മിന്നലാട്ടമുണ്ടായിരുന്നു. അത് ചില നേരങ്ങളിൽ അതിന്റെ നിറം കാണിക്കാറുണ്ട്. സഹോദരിയുടെ ഈ തന്റേടത്തോടെയുള്ള വാക്യങ്ങൾ ഉമർ കേട്ടു. കണ്ണുയർത്തി ഫാത്വിമയെ നോക്കി. അവർ ചോരയിൽ നനഞ്ഞിരുന്നു. ആ ദൃശ്യത്തിന്റെ സ്വാധീനം ഉമറിന്റെ ഖൽബിലുണ്ടായി. കുറച്ചുനേരം മിണ്ടാതിരുന്നിതിനുശേഷം പെങ്ങളോടു പറഞ്ഞു: 'നിങ്ങൾ വായിച്ചുകൊണ്ടിരുന്ന ആ ഗ്രന്ഥം എന്നെയൊന്ന് കാണിക്കുക.' ഫാത്വി മ പറഞ്ഞു: 'അത് ഞാൻ കാണിക്കുകയില്ല. കാരണം നീ ആ ഏടുകൾ നഷ്ടപ്പെടുത്തിക്കളയും.' ഉമർ പറഞ്ഞു: 'ഒരിക്കലുമില്ല. നീ എനിക്ക് അത് കാണിച്ചുതരിക. തീർച്ചയായും ഞാൻ അത് തിരിച്ചു തരുന്നതാണ്.' അപ്പോൾ ഫാത്വിമ പറഞ്ഞു: 'നീ ആദ്യം ശുദ്ധിവരുത്തി വരിക. പരിശുദ്ധനായിക്കൊണ്ടാണ് വിശുദ്ധ ഗ്രന്ഥം തൊടേണ്ടത്. നീ ആദ്യം കുളിച്ചു വരിക. എന്നാൽ, ഞാനത് കാണിച്ചുതരാം.' സാഹിബ് സാദ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് (റ) എഴുതുന്നു: കുളിക്കുമ്പോൾ ഉമറിന്റെ ദ്വേഷം നല്ലവണ്ണം തണുക്കുമെന്ന് കണ്ടായിരിക്കണം ഫാത്വിമ അങ്ങനെ പറഞ്ഞത്; തണുത്ത മനസ്സോടെ ചിന്തിക്കുമായിരിക്കാം! ഉമർ കുളികഴിഞ്ഞുവന്നപ്പോൾ ഹദ്റത്ത് ഫാത്വിമ(റ) വിശുദ്ധ ഖുർആനിന്റെ ഏടുകളെടുത്ത് അദ്ദേഹത്തിന്റെ മുന്നിൽവച്ചു. അദ്ദേഹം അതെടുത്തു നോക്കി. അത് സൂറാ ത്വാഹായുടെ പ്രാരംഭവചനങ്ങളായിരുന്നു. ഹദ്റത്ത് ഉമർ(റ) ഭയന്ന മനസ്സോടെ അത് ഓതാൻ തുടങ്ങി. ഓരോരോ വാക്കുകളും ആ സൗഭാഗ്യവാന്റെ ഉള്ളിൽ തറച്ചുകൊണ്ടുപോയി. അത് അതിന്റെ സ്വാധീനം കാണിച്ചുകൊണ്ടിരുന്നു. വായിച്ച് വായിച്ച് ഉമർ ഈ വചനത്തിലെത്തി:

*ഇന്നനീ അനല്ലാഹു ലാ ഇലാഹ ഇല്ലാ അന ഫഅ്ബുദ്നീ വ അഖിമിസ്സ്വലാത്ത ലി ദിക്‌രി ഇന്ന സ്സാഅത്ത ആത്തിയത്തുൻ അകാദു ഉഖ്ഫീഹാ ലി തുജ്സാ കുല്ലു നഫ്സിൻ ബിമാ തസ്ആ*(20:15–16)

തീർച്ചയായും ഞാൻതന്നെയാണ് അല്ലാഹു. ഞാനല്ലാതെ മറ്റു ഒരു ആരാധ്യനുമില്ല. അതിനാൽ എന്നെ ആരാധിക്കുക. എന്നെ സ്മരിക്കുന്നതിനുവേണ്ടി നമസ്കാരം നില നിറുത്തുകയും ചെയ്യുക. തീർച്ചയായും അന്ത്യനാൾ വരുന്നതാണ്. ഓരോ ആത്മാവിനും അത് പ്രവർത്തിച്ചതനുസരിച്ച് പ്രതിഫലം നല്കുന്നതിന് ഞാൻ അതിനെ(ആ നേരത്തെ)വെളിപ്പെടുത്തിയേക്കാം.

ഹദ്റത്ത് ഉമർ ഈ വചനം ഓതിയതോടെ അദ്ദേഹത്തിന്റെ കണ്ണുകൾ തുറന്നു. ഉറങ്ങിക്കിടന്ന പ്രകൃതി ഉണർന്നു. അനിയന്ത്രിതമായി പറഞ്ഞു: 'ഇത് എത്രമാത്രം അത്ഭുതവും പരിശുദ്ധവുമായ വചനങ്ങളാണ്.' ഹദ്റത്ത് ഖബ്ബാബ്(റ) ഉമറിന്റെ ഈ വാക്കുകൾ കേട്ടപാടെ പുറത്തുവന്നു. അല്ലാഹുവിന് ശുക്ർ ചെയ്തുകൊണ്ട് പറഞ്ഞു: 'ഇത് റസൂലുല്ലായുടെ ദുആയുടെ ഫലമാണ്. കാരണം അല്ലാഹുവിനാണ! ഞാൻ ഇന്നലെയാണ് നബി(സ)തിരുമേനി ഇങ്ങനെ ദുആ ചെയ്യുന്നത് കേട്ടത്. 'അല്ലാഹുവേ! നീ ഉമർ ബിൻ ഖത്വാബിനേയോ അംറ് ബിൻ ഹിശാമിനേയോ(അബൂജഹ്ൽ) ഇവരിൽനിന്ന് ഒരാളെ തീർച്ചയായും ഇസ്‌ലാമിനു നല്കിയാലും.' ഹദ്റത്ത് ഉമറിന്റെ ഓരോരോ നിമഷവും വളരെ വിലപിടിച്ചതായിരുന്നു. ആ വചനങ്ങൾ വായിച്ചതിനുശേഷം, നബി(സ)തിരുമേനിയുടെ സ്ഥാനത്തെ തിരിച്ചറിഞ്ഞതിനുശേഷം അദ്ദേഹത്തിന് അവിടെ നില്ക്കുക പ്രയാസമായി. ഉമർ(റ) ഖബ്ബാബിനോടു പറഞ്ഞു: 'എനിക്കിപ്പോൾത്തന്നെ മുഹമ്മദ് റസൂലുല്ലായിലേക്കുള്ള വഴി പറഞ്ഞുതരിക. എവിടെയാണുള്ളത്?' പക്ഷേ, കുറച്ചു ആത്മനിയന്ത്രണത്തിനുവെളിയിലായിരുന്നു ഉമർ. വാൾ ഉറയിലിടാതെ നഗ്നമായിത്തന്നെ പിടിച്ചിരുന്നു.

അക്കാലത്ത് നബി(സ)തിരുമേനി ദാറു അർക്കമിലായിരുന്നു ഉണ്ടായിരുന്നത്. ഹദ്റത്ത് ഖബ്ബാബ് (റ) അവിടുത്തെ മേൽവിലാസം നല്കി. ഉമർ അവിടെയെത്തി. വാതിലിൽ ശക്തമായി മുട്ടിവിളിച്ചു. സ്വഹാബ വാതിൽ പഴുതിലൂടെ നോക്കിയപ്പോൾ നഗ്നമായ വാളും പിടിച്ച് ഉമർ നില്ക്കുന്നതാണ് കണ്ടത്. എന്നാൽ, വാതിൽ തുറക്കാൻ നബി(സ)തിരുമേനി പറഞ്ഞു. ഹ ദ്റത്ത് ഹംസത്തും(റ)വാതിൽ തുറക്കാൻ പറഞ്ഞു, ഹദ്റത്ത് ഹംസയും അവിടെ ഉണ്ടായിരുന്നു. 'സദുദ്ദേശ്യത്തോടെയാണ് വന്നിട്ടുള്ളതെങ്കിൽ നല്ലതുതന്നെ. അല്ല ദുരുദ്ദേശ്യമാണെങ്കിൽ അവന്റെതന്നെ വാളുകൊണ്ട് അവന്റെ തല കൊയ്തിടുന്നതാണ്.' ഹംസത്ത്(റ) പറഞ്ഞു. വാതിൽ തുറക്കപ്പെട്ടു. നഗ്നമായ വാളുമായി ഉമർ ഉള്ളിൽ പ്രവേശിച്ചു. അദ്ദേഹത്തെ കണ്ട് നബി(സ)തിരുമേനി മുന്നോട്ടു നീങ്ങി. ഉമറി ന്റെ കോന്തല പിടിച്ചു ശക്തമായി കുടഞ്ഞു. എന്നിട്ടു ചോദിച്ചു: 'ഉമറേ! വരവിന്റെ ഉദ്ദേശ്യമെന്താണ്? താങ്കൾ അല്ലാഹുവിന്റെ ശിക്ഷയ്ക്കുവേണ്ടി സൃഷ്ടിക്കപ്പെട്ടതല്ലെന്ന് ഞാൻ കാണുന്നു.' ഉമർ പറഞ്ഞു: 'യാ റസൂല്ലലാഹ്! ഞാൻ മുസ്‌ലിമാകാൻ വന്നതാണ്.' ഈ വാക്കുകൾ കേട്ടപ്പോൾ നബി(സ) തിരുമേനി 'അല്ലാഹു അക്ബർ' എന്നു പറഞ്ഞു. അതിനോടൊപ്പം സ്വഹാബത്തും എത്രമാത്രം ഉറക്കെ അല്ലാഹു അക്ബർ എന്നു പറഞ്ഞുവെന്നാൽ മക്കയിലെ പർവതങ്ങളിൽ അത് അലയടിച്ചു. (സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ്(റ)എം.എ.പേജ് 157–159)

ഹദ്റത്ത് ഖബ്ബാബ് വിവരിക്കുന്നു: ഒരിക്കൽ ഞങ്ങൾ നബി(സ)തിരുമേനിയോട് ഞങ്ങളുടെ ബുദ്ധിമുട്ടുകൾ പ്രകടിപ്പിച്ചു. നബി(സ)തിരുമേനി ആ നേരത്ത് കഅ്ബയുടെ തണലിൽ തന്റെ ചാദുറിൽ ചാരി ഇരിക്കുകയായിരുന്നു. ഞങ്ങൾ ചോദിച്ചു: 'അങ്ങ് ഞങ്ങൾക്കുവേണ്ടി അല്ലാഹുവിനോട് സഹായം ആവശ്യപ്പെടുകയില്ലേ?' അപ്പോൾ അവിടന്ന് പറഞ്ഞു: 'നിങ്ങൾക്കു മുമ്പേ കഴിഞ്ഞുപോയ ആളുകളുടെ സ്ഥിതി എപ്രകാരമായിരുന്നുവെന്നാൽ, അവരെ മണ്ണിൽ ജീവനോടെ കുഴിച്ചു മൂടുമായിരുന്നു. എന്നിട്ട് ഈർച്ചവാൾ കൊണ്ടുവന്ന് തലയിൽവച്ച് രണ്ടായി പിളർത്തുമായിരുന്നു. അതൊന്നും അവരെ തങ്ങളുടെ ദീനിൽ നിന്ന് തടഞ്ഞു നിറുത്തിയില്ല. ഇരുമ്പ് ചീർപ്പുപയോഗിച്ച് അവരുടെ മാംസം എല്ലിൽ നിന്ന് മാന്തി വേർപ്പെടുത്തുമായിരുന്നു. അതൊന്നും അവരെ ദീനിൽനിതന്ന് തടയുന്നതുമായിരുന്നില്ല.' തുടർന്ന് അവിടന്ന് പറഞ്ഞു: 'അല്ലാഹുവാണ! അല്ലാഹു ഈ ജോലി അതായത് എന്റെ ദൗത്യം തീർച്ചയായും പൂർത്തിയാക്കുന്നതാണ്. ഏതൊരു ഉദ്ദേശ്യത്തിനാണോ ഞാൻ വന്നിട്ടുള്ളത് അത് പൂർത്തിയാകുക തന്നെചെയ്യും. എളുപ്പങ്ങളും വരുന്നതായിരിക്കും.' തുടർന്ന് അവിടന്ന് പറഞ്ഞു: 'എത്രത്തോളമെന്നാൽ ഒരു യാത്രക്കാരൻ സ്വൻആയിൽനിന്ന് ഹള്റമൗത്തുവരെ യാത്ര ചെയ്യും. സ്വൻആയും ഹള്റമൗത്തും യമനിലെ രണ്ടു നഗരങ്ങളാണ്. പറയുന്നു, അവ രണ്ടിനുമിടയിൽ 216 മൈൽ ദൂരമുണ്ട്. എന്തായാലും നബി(സ)തിരുമേനി പറഞ്ഞു: 'ഇയാൾ യാത്ര ചെയ്യും. ഇയാൾക്ക് അല്ലാഹുവിനെ അല്ലാതെ മറ്റാരേയും പേടി ഉണ്ടാകുകയില്ല.' അല്ലെങ്കിൽ ഇങ്ങനേയും പറഞ്ഞു, 'തന്റെ ആടുകളുടെമേൽ ചെന്നായ്ക്കൾ ആക്രമണം നടത്തുമെന്ന ഭയവുമുണ്ടാകുകയില്ല.' അവിടന്ന്(സ) പറഞ്ഞു: 'എന്നാൽ, നിങ്ങൾ ധിറുതി കൂട്ടുകയാണ്. ക്ഷമയിലൂടെയായിരിക്കും ഈ എല്ലാ കാര്യങ്ങളും നടക്കുന്നത്.' ഇതു ബുഖാരിയിലെ നിവേദനമാണ്.(സ്വഹീഹുൽ ബുഖാരി കിതാബുൽമനാഖിബ്, ബാബു അലാമാത്തുന്നുബുവ്വത്തി ഫിൽഇസ്‌ലാം, ഹദീഥ് നമ്പർ 3612) (മുഅ്ജമുൽ ബുൽദാൻ വാള്യം 2, പേജ് 311, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ, ബേറൂത്ത്)

മറ്റൊരു സ്ഥലത്ത് ഈ നിവേദനം ഈരീതിയിൽ രേഖപ്പെടുത്തിയിരിക്കുന്നു: ഹദ്റത്ത് ഖബ്ബാബ്(റ) വിവരിക്കുന്നു: 'ഞാൻ നബി(സ)തിരുമേനിയുടെ അടുത്തുവന്നു. അവിടന്ന് ഒരു മരത്തിന്റെ തണലിൽ കിടക്കുകയായിരുന്നു. കൈ തലയുടെ താഴെ വെച്ചിരുന്നു. ഞാൻ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ!ഞങ്ങളെ ദീനിൽനിന്ന് തെറ്റിക്കുമോ എന്ന് ഞങ്ങൾ ഭയപ്പാടോടെ കാണുന്ന ജനതക്കെതിരെ അങ്ങ് ഞങ്ങൾക്കുവേണ്ടി ദുആ ചെയ്താലും. അപ്പോൾ അവിടന്ന് എന്നിൽനിന്ന് മൂന്നുപ്രാവശ്യം മുഖം തിരിച്ചു. ഞാനിത് പറയുമ്പോഴെല്ലാം അവിടന്ന് മുഖം തിരിക്കുമായിരുന്നു. മൂന്നാമത്തെ പ്രാവശ്യം അവിടന്ന് എഴുന്നേറ്റിരുന്നു. എന്നിട്ടു പറഞ്ഞു: 'ജനങ്ങളേ! അല്ലാഹുവിനെ ഭയപ്പെട്ടുകൊണ്ടിരിക്കുക. ക്ഷമിക്കുകയും ചെയ്യുക. അല്ലാഹുവാണ! നിങ്ങൾക്കു മുമ്പേയും അല്ലാഹുവിന്റെ സത്യവിശ്വാസികളായ ദാസർ കടന്നു കഴിഞ്ഞിട്ടുണ്ട്. അവരുടെ തലയിൽ വാളു വെച്ചു ഈർന്ന് രണ്ടുകഷണമാക്കിയിരുന്നു.

എന്നാൽ, അവർ തങ്ങളുടെ ദീനിൽനിന്ന് പിന്മാറിയില്ല. അല്ലാഹുവിനെ ഭയപ്പെട്ടുകൊണ്ടിരിക്കുക. അല്ലാഹു നിങ്ങളുടെ വഴികൾ തുറക്കുന്നവനാണ്. നിങ്ങളുടെ ജോലി ഉണ്ടാക്കുന്നവനുമാണ്.' (അൽമുസ്തദർക് അലസ്സ്വഹീഹയ്ൻ ലിൽഹാക്കിം വാള്യം 2, പേജ് 431-432, കിതാബു മഅ്രിഫത്തിസ്സ്വഹാബ ബാബു ദിക്റു മനാഖിബ് ഖബ്ബാബ് ബിൻ അറത്ത്(റ) ഹദീഥ് നമ്പർ 5643)

ഹദ്റത്ത് ഖബ്ബാബിൽനിന്ന് നിവേദനം. അദ്ദേഹം പറയുന്നു: 'ഞാനൊരു ഒരു കൊല്ലനായിരുന്നു. ആസിം ബിൻ വാഇലിന് ഞാൻ കടം കൊടുത്തിരുന്നു. അതു ചോദിക്കാൻ ഞാൻ അയാളുടെ അടുത്തുവന്നു. അയാൾ എന്നോടു പറഞ്ഞു:'മുഹമ്മദിനെ നിഷേധിക്കുകയും അയാളുടെ ബയ്അത്തിൽനിന്ന് പുറത്തുവന്നിരിക്കുന്നുവെന്ന് താങ്കൾ വിളംബരപ്പെടുത്തുകയും ചെയ്യാത്തിടത്തോളം ഞാൻ താങ്കളുടെ കടം ഒരിക്കലും വീട്ടുകയില്ല.' ഹദ്റത്ത് ഖബ്ബാബ്(റ) പറയുന്നു: 'മരിച്ചാലും വേണ്ടില്ല, ജീവിച്ചാലും വേണ്ടില്ല നബി(സ)തിരുമേനിയെ ഒരിക്കലും തള്ളിപ്പറയുകയില്ലെന്ന് ഞാൻ അയാളോടു പറഞ്ഞു. അതായത് താൻ നിഷേധിക്കുക എന്നത് അസംഭാവ്യമാണെന്ന്! പിന്നീട് അയാളും ഇത്തരത്തിലുള്ള മറുപടി നല്കി: 'ഞാൻ മരിച്ചതിനുശേഷം ജീവിപ്പിക്കപ്പെടുകയും എന്റെ ധനത്തിന്റേയും മക്കളുടേയും അടുത്തു വരികയും ചെയ്യുമ്പോൾ നിന്റെ കടം വീട്ടുന്നതായിരിക്കും. ഞാൻ തരികയില്ലെന്ന് അയാളും പറഞ്ഞു. ഹദ്റത്ത് ഖബ്ബാബ്(റ) പറയുന്നു: ഇതു സംബന്ധിച്ചാണ് ഈ ആയത്തിറങ്ങിയത്: *അഫറയ്ത്തല്ലദീ കഫറ ബി ആയാത്തിനാ വ ഖാലൽ ഊത്തയന്ന മാലൻ വ്വ വലദാ അത്ത്വലഅൽഗയ്ബ അമിത്തഖദ ഇൻദർറഹ്മാനി അഹദാ കല്ലാ സനക്തുബു മാ നഖൂലു വ നമദ്ദു ലഹൂ മിനൽഅദാബി മദ്ദാ, വ്വ നരിഥുഹൂ മാ യഖൂലു വ യഅ്തീനാ ഫർദാ*(19:78-81)

"നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുകയും 'തീർച്ചയായും എനിക്ക് (ധാരാളം) ധനവും സന്തതികളും നല്കപ്പെടുന്നതാണ്' എന്ന് ഉറപ്പിച്ചു പറയുകയും ചെയ്തവനെ നീ കണ്ടുവോ? അവൻ പരോക്ഷ കാര്യം അറിഞ്ഞിട്ടുണ്ടോ? അല്ലെങ്കിൽ പരമകാരുണികന്റെ പക്കൽനിന്ന് വല്ല കരാറും വാങ്ങിയിട്ടുണ്ടോ? ഒരിക്കലും അങ്ങനെയല്ല. അവൻ പറയുന്നതിനെ നാം എഴുതിവെക്കുന്നതാണ്. അവന് ശിക്ഷയെ വളരെ നീട്ടിക്കൊടുക്കുകയും ചെയ്യും. അവൻ അഭിമാനിച്ചു പറയുന്നതിനെ നാം അവനിൽനിന്ന് അവകാശമായെടുക്കും. അവൻ ഏകനായി നമ്മുടെ അടുത്തു വരുന്നതുമാണ്."(അത്ത്വബക്കാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ്, വാള്യം 3, പേജ് 122, ഖബ്ബാബ് ബിൻ അറത്ത്, ദാറുൽകുതുബുൽ ഇൽമിയ്യ, ബേറൂത്ത് 1990)

ഹദ്റത്ത് ഖബ്ബാബ്(റ) കൊല്ലാനായിരുന്നു. വാളുകൾ നിർമിക്കാറുണ്ടായിരുന്നു. നബി(സ)തിരുമേനി അദ്ദേഹത്തെ വളരെ ഇഷ്ടപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ അടുത്ത് പോകാറുണ്ടായിരുന്നു. നബി(സ)തിരുമേനി ഹദ്റത്ത് ഖബ്ബാബിന്റെ അടുത്ത് വരുന്ന കാര്യം ഖബ്ബാബിന്റെ ഉടമസ്ഥ അറിഞ്ഞു. അവർ ചുട്ടുപഴുത്ത ഇരുമ്പ് ഖബ്ബാബിന്റെ തലയിൽ വെച്ച് ചാപ്പകുത്താൻ തുടങ്ങി. നബി(സ)തിരുമേനിയുടെ മുന്നിൽ ഹദ്റത്ത് ഖബ്ബാബ്(റ) പരാതി പറഞ്ഞപ്പോൾ നിബി(സ) ദുആ ചെയ്തു: 'അല്ലാഹുവേ നീ ഖബ്ബാബിനെ സഹായിച്ചാലും.' അതിന്റെ ഫലമായി ഖബ്ബാബിന്റെ യജമാനത്തി ഉമ്മു അൻമാറിന്റെ തലയിൽ എന്തോ രോഗം ബാധിച്ചു. അതുകാരണം പട്ടിയെപ്പോലെ അവർ കുരക്കുമായിരുന്നു. തലയിൽ ഇരുമ്പ് ചൂടാക്കി ചാപ്പകുത്തണമെന്ന് നിർദേശിക്കപ്പെട്ടു. അദ്ദേഹത്തോടു പറയപ്പെട്ടു നീ എന്റെ തലയിൽ ചാപ്പ കുത്തുക. ഖബ്ബാബിനെക്കൊണ്ട് തലയിൽ ഇരുമ്പ് പഴുപ്പിച്ച് ചാപ്പകുത്തിക്കാൻ അവർ നിർബന്ധിതയായി.(ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ വാള്യം 2, പേജ് 148, ഖബ്ബാബ് ബിൻ അറത്ത്, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).

അബൂലയ്ലാ കിൻദിയിൽനിന്ന് നിവേദനം. അദ്ദേഹം പറയുന്നു: 'ഒരിക്കൽ ഹദ്റത്ത് ഉമർ(റ)ന്റെയടുക്കൽ ഹദ്റത്ത് ഹദ്റത്ത് ഖബ്ബാബ്(റ) ചെന്നപ്പോൾ അദ്ദേഹം പറഞ്ഞു: അടുത്തുവരിക. കാരണം അമ്മാർ ബിൻ യാസിർ അല്ലാതെ ഈ മജ്ലിസിന് താങ്കളെക്കാൾ കൂടുതൽ അർഹൻ മറ്റാരുംമില്ല. ഹദറത്ത് ഖബ്ബാബ്(റ) ബഹുദൈവാരാധകർ അദ്ദേഹത്തിന് ഏല്പിച്ച് പരിക്കുകളുടെ തന്റെ മുതുകിലുള്ള അടയാളങ്ങൾ കാണിക്കാൻ തുടങ്ങി. ഈ നിവേദനം ത്വബക്കാത്തുൽ കുബ്റായിലേതാണ്(അത്ത്വബക്കാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ്, വാള്യം 3, പേജ് 122, ഖബ്ബാബ് ബിൻ അറത്ത്, ദാറുൽകുതുബുൽഇൽമിയ്യ, ബേറൂത്ത് 1990)

മറ്റൊരിടത്ത് നടുവിലെ മുറിവ് കാണിക്കുന്നതിനെക്കുറിച്ച് അല്പം വിശദീകരണം ഇങ്ങനെ നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്:ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബിന്റെ അടുത്തു ഹദ്റത്ത് ഖബ്ബാബ്(റ) വന്നു. ഖബ്ബാബിനെ അദ്ദേഹം തന്റെ ഇരിപ്പിടത്തിൽ ഇരുത്തി. എന്നിട്ട് പറഞ്ഞു; ഈ സഭയിൽ ഇരിക്കാൻ അർഹത ഒരു വ്യക്തിയ്ക്കു ശേഷം ഇദ്ദേഹത്തിനല്ലാതെ ഈ ഭൂതലത്തിൽ മറ്റാർക്കുമില്ല. ഹദ്റത്ത് ഖബ്ബാബ് ചോദിച്ചു: അമീറുൽ മുഅ്മിനീൻ അതാരാണ്? അപ്പോൾ ഹദ്റത്ത് ഉമർ പറഞ്ഞു: അത് ബിലാൽ ആകുന്നു. ഹദ്റത്ത് ഖബ്ബാബ്, ഹദ്റത്ത് ഉമർ(റ)നോടു പറഞ്ഞു; അല്ലയോ അമീറുൽ മുഅ്മിനീൻ, ബിലാൽ എന്നെക്കാൾ കൂടുതൽ അർഹനല്ല. എന്തുകൊണ്ടെന്നാൽ, ബിലാൽ ബഹുദൈവാരാധകരുടെ കൈയിലായിരുന്നപ്പോൾ അദ്ദേഹത്തെ സഹായിക്കാൻ ആരെങ്കിലുമൊക്കെ ഉണ്ടായിരുന്നു. അവർ മുഖേന അല്ലാഹു അദ്ദേഹത്തെ രക്ഷിക്കുമായിരുന്നു. എന്നാൽ, എന്നെ സംരക്ഷിക്കാൻ ആരുമുണ്ടായിരന്നില്ല. ഒരു ദിവസം ആളുകൾ എന്നെപിടിക്കുന്നതും എന്നെ കത്തിക്കുന്നതിന് തീയിടുന്നതും പിന്നീട് എന്നെ അതിലിടുന്നതുമായ അവസ്ഥയിൽ ഞാൻ എന്നെത്തന്നെ കണ്ടു. ഹദ്റത്ത് ഖബ്ബാബ്(റ) പറയുന്നു, ഒരു ദിവസം എന്റെ അവസ്ഥ ഇതായിരുന്നു. തീക്കനലുകളിൽ ഒരാൾ എന്നെ വലിച്ചിടുകയും തന്റെ കാല് എന്റെ നെഞ്ചിൽ ചവിട്ടിപ്പിടിക്കുകയും ചെയ്തു. അപ്പോൾ എന്റെ നടുവ് തന്നെയായിരുന്നു, ചൂടുള്ള തറയിൽനിന്ന് രക്ഷിച്ചത്. അല്ലെങ്കിൽ അദ്ദേഹം ഇങ്ങനെ പറഞ്ഞു:എന്റെ നടുവ് തന്നെയായിരുന്നു തറ തണുപ്പിച്ചത്. പിന്നീട് അദ്ദേഹം തന്റെ പുറത്തുനിന്ന് തുണിമാറ്റി. അപ്പോൾ അത് വെള്ളപ്പാണ്ടുപോലെ വെളുത്തിരുന്നു.(ത്വബക്കാത്ത് ഇബ്നു സഅ്ദ്, വാള്യം 3, പേജ് 123, ഖബ്ബാബ് ബിൻ അറത്ത്, ദാറുൽകുതുബുൽഇൽമിയ്യ, ബേറൂത്ത് 1990)

അതായത് ചൂടുള്ള കനലുകളിൽ കിടത്തിയപ്പോൾ ആ കനലുകളെ തണുപ്പിക്കുന്ന ഒരു വസ്തുവുമുണ്ടായിരുന്നില്ല. ശരീരത്തിലെ തൊലിയും കൊഴുപ്പും ഉരുകിയൊലിച്ചാണ് ആ തീക്കനലുകൾ അണഞ്ഞത്.

പിന്നീട് ഇതു സംബന്ധമായി ഒരു നിവേദനം ഇങ്ങനേയുമുണ്ട്. ശെബയീ പറയുന്നു: ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബ്(റ) ഹദ്റത്ത് ഖബ്ബാബിനോടു അന്യാരാധകർ ചെയ്ത ദ്രോഹങ്ങളെ സംബന്ധിച്ചു ചോദിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു: അമീറുൽ മുഅ്മിനീൻ! എന്റെ പുറം ഒന്നു നോക്കുക. ഹദ്റത്ത് ഉമർ(റ) പുറം നോക്കിയിട്ട് പറഞ്ഞു: ഇത്തരം പുറം ഞാനെ വിടേയും കണ്ടിട്ടില്ല. ഹദ്റത്ത് ഖബ്ബാബ്(റ) പറഞ്ഞു, തീക്കുണ്ഡത്തിനുമേൽ എന്നെ കിടത്തുമായിരുന്നു. എന്റെ നടുവിലെ കൊഴുപ്പല്ലാതെ മറ്റൊന്നും ആ തീയെ അണച്ചിരുന്നില്ല.(ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ വാള്യം 2, പേജ് 148, ഖബ്ബാബ് ബിൻ അറത്ത്, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ), ഹദ്റത്ത് ഖബ്ബാബിനെക്കുറിച്ച് വിവരിച്ചത് ഇങ്ങനെയാണ്: 'നബി(സ) തിരുമേനിയെ വിശ്വസിച്ചവരിൽ ഏറ്റവുമധികം പീഢനമനുഭവിച്ചത് അടിമകൾ തന്നെയായിരുന്നു എന്നത് സ്മരണീയമാണ്. ഖബ്ബാബ് ബിൻ അറത്ത് ഒരു അടിമയായിരുന്നു. അദ്ദേഹം കൊല്ലപ്പണിചെയ്തിരുന്നു. അദ്ദേഹം പ്രാരംഭഘട്ടത്തിൽതന്നെ നബി(സ)തിരുമേനിയെ വിശ്വസിച്ചു. ആളുകൾ അദ്ദേഹത്തെ വളരെയധികം പീഢിപ്പിച്ചു. ഏതുവരെയെന്നാൽ അദ്ദേഹത്തിന്റെ തന്നെ ആലയിലെ തീച്ചൂളയിൽനിന്ന് തീയെടുത്ത് അദ്ദേഹത്തെ അതിൽ കിടത്തി. നടുവ് അനങ്ങാതിരിക്കാൻ നെഞ്ചിനുമുകളിൽ കല്ല് കയറ്റിവച്ചു. അദ്ദേഹത്തിന് കൂലിയായി പണം നൽകാനുള്ളവർ അത് നിഷേധിച്ചു. എന്നാൽ, ഇത്രയേറെ ശാരീരികവും സാമ്പത്തികവുമായ നാശനഷ്ടങ്ങളുണ്ടായിട്ടും നിമിഷനേരത്തേക്കു പോലും അദ്ദേഹത്തിന് ചാഞ്ചല്യമുണ്ടായില്ല. വിശ്വാസത്തിൽ അടിയുറച്ചു നിന്നു. അദ്ദേഹത്തിന്റെ നടുവിലെ അടയാളം അവസാനകാലംവരെ ഉണ്ടായിരുന്നു. അങ്ങനെ ഹദ്റത്ത് ഉമറിന്റെ ഭരണത്തിന്റെ നാളുകളിൽ അദ്ദേഹം തന്റെ കഴിഞ്ഞുപോയ വിപത്തുകളെ കുറിച്ച് പറഞ്ഞു. അപ്പോൾ മുതുകു കാണിക്കാൻ ഹദ്റത്ത് ഉമർ(റ) പറഞ്ഞു. അദ്ദേഹം പുറത്തുനിന്ന് തുണിമാറ്റിയപ്പോൾ പുറംമുഴുവൻ വെള്ളപ്പാണ്ടുപോലയായിരുന്നു കണ്ടത്.' (ദുൻയാ കാ മുഹ്സിൻ, അൻവാറുൽഉലൂം വാള്യം 20 പേജ് 193)

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) മറ്റൊരു സ്ഥ


## ഹദീഥുന്നബ്‌വി (സ):

*നബി(സ)തിരുമേനി പറഞ്ഞു:'ഒരു കാരക്കയുടെ കീറ് ധർമം ചെയ്തുകൊണ്ടെങ്കിലും നരകത്തെ നിങ്ങൾ സൂക്ഷിക്കുക.' (ബുഖാരി, മുസ്ലിം)*

ത്വാലിബെ ദുആ
M.P.Haneef Ahmad
Ahmadiyya Jama-ath Koodali, Kerala.

## ഹദീഥുന്നബ്‌വി (സ):

**നബി(സ)തിരുമേനി പറഞ്ഞു:മുസ്ലിമീങ്ങളെ ശല്യപ്പെടുത്തിയിരുന്ന വഴിവക്കിലെ ഒരു വൃക്ഷം മുറിച്ചു നീക്കിയതിന്റെ പേരിൽ സ്വർഗത്തിൽ സഞ്ചരിക്കാൻ കഴിഞ്ഞ ഒരാളെ ഞാൻ കാണാനിടയായി.' (മുസ്ലിം)**

ത്വാലിബെ ദുആ:
Members of lajna Imayillah,
Ahmadiyya jama'ath Calicut (Kerala)

ലത്ത് പറയുന്നു: ഒരിക്കൽ പ്രാരംഭകാലത്തെ മുസ്‌ലിമീങ്ങളിൽ പെട്ട ഖബ്ബാബ് എന്ന അടിമയുടെ പുറം കൂടെയുള്ളവർ നഗ്നമായിക്കാണാനിടയായി. അദ്ദേഹത്തിന്റെ പുറത്തുള്ളതൊലി മനുഷ്യരുടേതു പോലെയായിരുന്നില്ല; മൃഗത്തിന്റെ പോലയായിരുന്നു. അതുകണ്ട് അവർ പരിഭ്രമിച്ചുകൊണ്ട് അദ്ദേഹത്തോടു ചോദിച്ചു, 'താങ്കൾക്കിത് എന്ത് രോഗമാണ്?' അദ്ദേഹം പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു, ഇത് രോഗമല്ല. ഇതൊരു ഓർമയാണ്. അടിമകളായിരുന്ന നവമുസ്‌ലിമീങ്ങളായ ഞങ്ങളെ മക്കയിലെ തെരുവീഥികളിലെ പരുക്കൻ കല്ലുകളിലൂടെ വലിച്ചിഴച്ചിരുന്നതിന്റെയും, നിരന്തരം മർദനങ്ങൾ അഴിച്ചുവിട്ടതിന്റെയും ഫലമായാണ് എന്റെ പുറം ഈ രൂപത്തിലായത്.'(ദീബാച്ച തഫ്‌സീറുൽഖുർആൻ, അൻവാറുൽ ഉലൂം വാള്യം 20, പേജ് 193)

ആ പ്രാരംഭകാല മുസ്‌ലിമീങ്ങളിൽ ദരിദ്രരുമുണ്ടായിരുന്നു. ഭൂരിഭാഗവും അടിമകളായിരുന്നു. ഇസ്‌ലാം സ്വീകരിച്ചതിനുശേഷം അവർക്ക് കഴിയേണ്ടിവന്ന ബുദ്ധിമുട്ടുകളെ കുറിച്ച് ഹദ്‌റത്ത് ഖബ്ബാബ്(റ)പറഞ്ഞത് നമ്മൾ കേട്ടു; ചിലപ്പോൾ തീക്കനലിൽ മലർത്തിക്കിടത്തുമായിരുന്നു. ചിലപ്പോൾ കല്ലുകളിലൂടെ വലിച്ചിഴയ്ക്കുമായിരുന്നു. ഈ ബുദ്ധിമുട്ടുകളും പ്രയാസങ്ങളുമെല്ലാം അവർ സഹിച്ചു. ഇസ്‌ലാമിന്റെ അഭിവൃദ്ധി പിന്നീടുണ്ടായപ്പോൾ അല്ലാഹു അവരെ അനുഗ്രഹിച്ചതെങ്ങനെയെന്നും അവരുടെ ഭൗതികസ്ഥാനം എങ്ങനെ സ്ഥാപിതമായെന്നും പ്രതിപാദിച്ചുകൊണ്ട് ഹദ്‌റത്ത് മുസ് ലിഹ് മൗഊദ്(റ) ഒരിക്കൽ പറഞ്ഞു: 'ഹദ്‌റത്ത് ഉമർ(റ) ഒരിക്കൽ തന്റെ ഖിലാഫത്തു കാലത്ത് മക്കയിൽ വന്നു. മക്കയിലെ പ്രസിദ്ധ കുടുംബങ്ങളിൽപ്പെട്ട വലിയ വലിയ നേതാക്കന്മാർ ഹദ്‌റത്ത് ഉമറിനെ കാണാനെത്തി. ഹദ്‌റത്ത് ഉമർ തങ്ങളെ നല്ലവണ്ണം അറിയുന്നയാളാണെന്നും അതുകൊണ്ട് രാജാവായ അദ്ദേഹം തങ്ങൾക്ക് പ്രത്യേക പരിഗണനയും ആദരവും ബഹുമാനവും നല്കുമെന്നും അങ്ങനെ തങ്ങളുടെ കളഞ്ഞുപോയ പ്രതാപം തങ്ങൾക്ക് തിരിച്ചു കിട്ടുമെന്നും അവർ ധരിച്ചു. അങ്ങനെ അവർ വന്ന് ഹദ്‌റത്ത് ഉമറിനോടു സംസാരിക്കാൻ തുടങ്ങി. അവർ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ സദസ്സിലേക്ക് ഹദ്‌റത്ത് ബിലാൽ(റ) കടന്നുവന്നു. അല്പ സമയം കഴിഞ്ഞപ്പോൾ ഹദ്‌റത്ത് ഖബ്ബാബ്(റ)വന്നു. ആദ്യമായി വിശ്വസിച്ച അടിമകൾ ഇങ്ങനെ ഒന്നിനു പിറകെ ഒന്നായി വന്നുകൊണ്ടിരുന്നു. അവർ അവിടെ സന്നിഹിതരായിരുന്നവരുടേയോ അവരുടെ പൂർവികരുടേയോ അടിമകളായിരുന്നു. അവിടെ നേരത്തെ വന്നിരുന്ന യുവാക്കളായ നേതാക്കന്മാരുടെ അല്ലെങ്കിൽ അക്കാലത്തെ നേതാക്കന്മാരുടെ പൂർവികരായ ആളുകളുടെ അടിമകളായിക്കഴിഞ്ഞവരായിരുന്നു അവർ. തങ്ങളുടെ ശക്തിയുടെ കാലഘട്ടത്തിൽ ഈ അടിമകളുടെമേൽ കഠിനമായ ദ്രോഹങ്ങൾ ചെയ്തവരായിരുന്നു അവർ. ഹദ്‌റത്ത് ഉമർ(റ) ഓരോ അടിമയും വരുമ്പോഴും അവരെ ഹൃദ്യമായി വരവേറ്റു. ഹദ്‌റത്ത് ഖബ്ബാബും ബിലാലും വരുമ്പോഴും, മറ്റു ആദ്യകാല വിശ്വാസികൾ വരുമ്പോഴും ഒരു കാലത്ത് അടിമയായി കഴിഞ്ഞവർ വരുമ്പോഴും തന്റെ മജ്‌ലിസിൽ ഹദ്‌റത്ത് ഉമർ(റ) അവർക്ക് പ്രാധാന്യം നല്കുകയും അവരെ സ്വാഗതം ചെയ്യുകയും ചെയ്തു. ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് ഖലീഫത്തുൽ മസീഹ് ഥാനീ(റ) തുടർന്നെഴുതുന്നു: 'അടിമയായി കഴിഞ്ഞ ഓരോ ആളും വരുമ്പോൾ ഹദ്‌റത്ത് ഉമർ(റ) അവരെ ആദരിക്കുകയും സ്വാഗതം ചെയ്യുകയും ചെയ്തു. ഓരോരുത്തരും വരുമ്പോൾ നിങ്ങൾ അല്പം പിന്നാക്കം മാറിയിരിക്കുക എന്ന് മുൻനിരയിൽ ആദ്യം വന്നിരുന്നിരുന്ന നേതാന്മാരോടു ഉമർ(റ) പറഞ്ഞുകൊണ്ടിരുന്നു. ആ നേതാക്കന്മാർ അങ്ങനെ നീങ്ങി നീങ്ങി ഏറ്റവും പിന്നിൽ വാതിൽവരെയെത്തി. അക്കാലഘട്ടത്തിൽ വലിയ ഹാളുകളൊന്നുമുണ്ടാകുകയില്ല. ഒരു ചെറിയ മുറിയായിരിക്കും. എല്ലാവർക്കും അതിൽ ഒരുമിച്ചിരിക്കാൻ പറ്റുമായിരുന്നില്ല. അതുകൊണ്ടാണ് അവർക്ക് പിന്നാക്കം മാറി മാറി ചെരുപ്പുകൾ വെക്കുന്നിടംവരെ എത്തേണ്ടിവന്നത്. അവർ ചെരുപ്പുകൾ വെക്കുന്നിടംവരെ എത്തിയപ്പോൾ എങ്ങനെയാണ് ഒന്നിനുപിറകെ ഒന്നായി വന്നുകൊണ്ടിരുന്ന അടിമകൾ മുന്നിലിരുന്നതെന്ന് അവർ നോക്കിക്കണ്ടു. അവരെ മുന്നിലിരുത്തുന്നതിനുവേണ്ടി ആ നേതാക്കന്മാരെ പിന്നിലേക്ക് മാറ്റേണ്ടിവന്നു. ഇതു നേതാക്കന്മാരുടെ മനസ്സിനെ നോവിച്ചു.

ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ്(റ) എഴുതുന്നു: ഒരു കാലത്ത് സത്യനിഷേധികളുടെ അടിമകളായി കഴിഞ്ഞവരെ ഒന്നിനു പിറകെ ഒന്നായി അവിടെ കൊണ്ടുവരാനുള്ള അവസ്ഥ അല്ലാഹുവും ഒരുക്കി. ഒരിക്കലാണ് അവരെ മാറ്റി ഇരുത്തിയിരുന്നതെങ്കിൽ അവർക്ക് അത്ര വിഷമമുണ്ടാകുമായിരുന്നില്ല. എന്നാൽ, ആളുകൾ വരുന്നതനുസരിച്ച് അവരെ പിന്നിലേക്ക് മാറ്റേണ്ടിവന്നു. അതുകൊണ്ടാണ് അവർക്ക് അത് സഹിക്കാൻ കഴിയാതെ വന്നത്. അവരെഴുന്നേറ്റ് വെളിയിൽപോയി. പരസ്പരം പരാതിപ്പെടാൻ തുടങ്ങി; എങ്ങനെയാണ് തങ്ങൾ അപമാനിതരായതെന്നും ഓരോ അടിമയും കയറിവരുമ്പോൾ തങ്ങൾ പിന്നിലേക്ക് തള്ളപ്പെട്ടുവെന്നും അങ്ങനെ തങ്ങൾക്ക് ചെരുപ്പുകൾ സൂക്ഷിക്കുന്നിടത്ത് പോയി ഇരിക്കേണ്ടിവന്നുവെന്നും അവർ പറഞ്ഞുകൊണ്ടിരുന്നു. അപ്പോൾ അവരിൽപ്പെട്ട ഒരു യുവാവ് പറഞ്ഞു: അതിൽ തെറ്റ് ആരുടേതാണ്? ഉമറിന്റേതാണോ? നമ്മുടെ പൂർവികരുടേതാണോ? നിങ്ങൾ ചിന്തിച്ചാൽ ഹദ്‌റത്ത് ഉമറിന് ഇതിൽ ഒരു തെറ്റുമില്ലെന്ന് മനസ്സിലാകുന്നതാണ്. അതു നമ്മുടെ പൂർവികരുടെ തെറ്റാണ്. അതിന് ഇന്ന് നമുക്ക് ശിക്ഷകിട്ടി എന്നു മാത്രം. കാരണം അല്ലാഹു തന്റെ റസൂലിനെ അയച്ചപ്പോൾ നമ്മുടെ പൂർവികർ അദ്ദേഹത്തെ എതിർത്തു; ഈ അടിമകൾ അദ്ദേഹത്തെ വിശ്വസിച്ചു. അവർ എല്ലാതരം ബുദ്ധിമുട്ടുകളും സഹിച്ചു. അതിനാൽ ഇന്ന് നമുക്ക് അപമാനിതരാകേണ്ടി വന്നെങ്കിൽ അത് ഉമറിന്റെ തെറ്റല്ല. നമ്മുടെതന്നെ തെറ്റാണ്. ആ യുവാവിന്റെ വാക്കുകൾ കേട്ട് മറ്റുള്ളവർ പറഞ്ഞു, ഇത് നമ്മുടെ പൂർവികർ ചെയ്ത തെറ്റിന്റെ ഫലമാണെന്ന് നമ്മൾ സമ്മതിക്കുന്നു. എന്നാൽ, ഈ അപമാനം അകറ്റുന്നതിന് വല്ല മാർഗവുമുണ്ടോ? അതോ മാർഗമൊന്നുമില്ലേ? അപ്പോൾ എല്ലാവരും കൂടിയാലോചിച്ചു. അങ്ങനെ തങ്ങളുടെ ചിന്തയിൽ ഒന്നും വരുന്നില്ലെന്നും ഉമറിനോടുതന്നെ അതിനുള്ള ചികിത്സ ചോദിക്കാമെന്നും അവർ തീരുമാനിച്ചു. അങ്ങനെ അവർ ഹദ്‌റത്ത് ഉമറിന്റെ അടുത്തുവന്നു. അവർ പറഞ്ഞു, ഇന്ന് ഞങ്ങളോടുണ്ടായത് താങ്കൾ നല്ലവണ്ണം അറിയുന്നതാണല്ലോ? ഞങ്ങൾക്കും അത് അറിയാം. ഹദ്‌റത്ത് ഉമർ(റ) പറഞ്ഞു: 'മാപ്പാക്കണം. ഞാൻ നിർബന്ധിതനായിരുന്നു. കാരണം ഇവർ നബി(സ)തിരുമേനിയുടെ സദസ്സിൽ ആദരണീയരായിരുന്നു. ഒരു പക്ഷേ, നിങ്ങളുടെ അടിമകളായിരിക്കും. അതുകൊണ്ട് അവരെ ആദരിക്കേണ്ടത് എന്റെ കടമയായിരുന്നു.' അതുകേട്ട് അവർ പറഞ്ഞു: അതു ഞങ്ങൾക്കറിയാം. ഇതു ഞങ്ങളുടെതന്നെ തെറ്റിന്റെ ഫലമാണ്. എന്നാൽ, ഈ മുറിവുണക്കാൻ വല്ല മാർഗവുമുണ്ടോ? ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: നമുക്ക് അത് അനുമാനിക്കാൻപോലും കഴിയുകയില്ല. ഇക്കാലത്ത് അത് അനുമാനിക്കുക എന്നത് വളരെ ദുഷ്കരമാണ്. മക്കയിലെ നേതാക്കന്മാരായ അവർക്ക് അവിടെ എത്രമാത്രം ശക്തിയുണ്ടായിരുന്നു. ഹദ്‌റത്ത് ഉമർ(റ)ന് അവരുടെ കുടുംബപരമായ അവസ്ഥകൾ നല്ലവണ്ണം അറിയാമായിരുന്നു. അദ്ദേഹം മക്കയിലാണ് ജനിച്ചത്. അവിടയാണ് വളർന്നത്. അതുകൊണ്ട് ആ യുവാക്കളുടെ പിതാക്കന്മാരും എത്രമാത്രം ആദരണീയരായിരുന്നുവെന്നുള്ളതും ഹദ്‌റത്ത ഉമറിന് അറിയാമായിരുന്നു. ഒരാൾക്കും അവരുടെനേരെ ദൃഷ്ടി ഉയർത്തി നോക്കാൻ ധൈര്യമുണ്ടായിരുന്നില്ല. അവർക്ക് എത്രമാത്രം സ്വാധീനശക്തിയും പ്രതാവുമാണ് ഉണ്ടായിരുന്നത്! അവർ ഇക്കാര്യം പറഞ്ഞപ്പോൾ ഹദ്‌റത്തിന്റെ ഉമർ(റ)ന്റെ മുന്നിൽ സംഭവങ്ങൾ ഓരോന്നോരോന്നായി വരാൻ തുടങ്ങി. അദ്ദേഹത്തിന് വിഷമമുണ്ടായി. അതുകൊണ്ട് അദ്ദേഹത്തിന് ആ നേരത്ത് സംസാരിക്കാൻതന്നെ കഴിഞ്ഞില്ല. അദ്ദേഹം കൈയുയർത്തുക മാത്രമാണ് ചെയ്തത്. അവിടന്ന് വടക്കുഭാഗത്തേക്ക് വിരൽചൂണ്ടി. അതിന്റെ ഉദ്ദേശ്യം വക്കുഭാഗമായ ശാമിൽ ചില ഇസ്‌ലാമിക യുദ്ധങ്ങൾ നടക്കുന്നുണ്ടെന്നും അതിൽപോയി പങ്കെടുക്കുക എന്നുമായിരുന്നു. ഒരു പക്ഷേ, അത് പ്രായശ്ചിത്തമാകും! അങ്ങനെ അവർ ക്ഷണത്തിൽ അവിടെനിന്ന് എഴന്നേല്ക്കുകയും വേഗം യുദ്ധത്തിൽ പങ്കെടുക്കാൻ പുറപ്പെടുകയും ചെയ്തു. ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ്(റ) എഴുതുന്നു: ആ രാജകുമാരന്മാർ എത്രപേരാണോ ഉണ്ടായിരുന്നത് അവരാരും തിരിച്ചു വന്നിരുന്നില്ലെന്ന് ചരിത്രം പറയുന്നു. എല്ലാവരും അവിടെ ശഹീദായി. ഇപ്രകാരം അവർ തങ്ങളുടെ കുടുംബങ്ങളുടെ മേലുണ്ടായിരുന്ന നിന്ദ്യതയുടെ കലമായിച്ചുകളഞ്ഞു. (തഫ്‌സീറെ കബീർ വാള്യം 8, പേജ് 65–66)

ഇതിൽനിന്നുകിട്ടുന്ന ഫലമിതാണ്; ത്യാഗങ്ങൾ ചെയ്യേണ്ടിവരുന്നു. പ്രാരംഭകാലത്ത് ത്യാഗങ്ങൾ ചെയ്തവർക്ക് ആദരവു കിട്ടി. തങ്ങളുടെ

## ഹദീഥുന്നബ്‌വി (സ):

***നബി(സ)തിരുമേനി പറഞ്ഞു: അല്ലാഹു പറയുന്നു,'എന്റെ ദാസരേ! രാവും പകലും നിങ്ങൾ കുറ്റകൃത്യങ്ങൾ ചെയ്യുന്നു. ഞാനാണെങ്കിൽ എല്ലാ പാപങ്ങളും പൊറുത്തു കൊടുക്കുന്നു. നിങ്ങളെന്നോടു പാപമോചനം അർഥിക്കുക. ഞാൻ നിങ്ങൾക്കു പൊറുത്തുതരാം.'(മുസ്‌ലിം)***

**ത്വാലിബെ ദുആ:**
**Ahmadiyya Muslim Jama'at Palluruthy, Ernakulam dist:**

## ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: 'പുണ്യകർമങ്ങളിൽ ഒന്നിനേയും നീ നിസാരമാക്കിത്തള്ളരുത്;അത് നിന്റെ സഹോദരുനുമായി മുഖപ്രസന്നതയോടെ കണ്ടുമുട്ടുക എന്നതാണെങ്കിലും.' (മുസ്‌ലിം)**

**ത്വാലിബെ ദുആ:**
**Abdul Hameed Koya Ameer Ahmadiyya Jama'ath Kannur Town, Kerala**

പൂർവികർ ചെയ്ത് തെറ്റിന്റെ കല മായച്ചു കളയാൻ ത്യാഗങ്ങളിലൂടെ മാത്രമെ പിന്നീട് വരുന്നവർക്ക് സാധിക്കുകയുള്ളു.

ഹദ്റത്ത് ഖബ്വാബും ഹദ്റത്ത് മിഖ്ദാദ് ബിൻ അംറും മദീനയിൽ ഹിജ്റത്ത് ചെയ്തു. അവരിരുവരും കുൽഥൂം ബിൻ ഇൽഹദിന്റെ വീട്ടിലാണ് താമസിച്ചിരുന്നത്. ഹദ്റത്ത് കുൽഥൂമിന്റെ വഫാത്തുവരെ അവിടത്തന്നെ കഴിഞ്ഞു. ഹദ്റത്ത് കുൽഥൂമിന്റെ വഫാത്ത് നബി(സ) തിരുമേനി ബദ്റിലേക്ക് പുറപ്പെടുന്നതിന് കുറച്ചുകാലം മുമ്പേയായിരുന്നു. പിന്നീട് അവരിരുവരും സഅ്ദ് ബിൻ ഉബാദയുടെ വീട്ടിലേക്കു പോയി. ഹിജ്റ അഞ്ചാം വർഷം ബനൂഖുറയ്ളയുടെമേൽ വിജയം നേടി.(അത്ത്വബക്കാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ്, വാള്യം 3, പേജ് 123, ഖബ്വാബ് ബിൻ അറത്ത്, ദാറുൽകുതുബുൽ ഇൽമിയ്യ, ബേറൂത്ത് 1990)(അത്ത്വബക്കാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ്, വാള്യം 2, പേജ് 57, ഗസ് വത്തു റസുലുല്ലാഹി(സ)ഇലാ ബനീ ഖുറയ്ള, ദാറുൽകുതുബുൽഇൽമിയ്യ, ബേറൂത്ത് 1990)

ഹദ്റത്ത് നബി(സ)തിരുമേനി ഹദ്റത്ത് ഖബ്വാബിനേയും ഹദ്റത്ത് ഖർറാശ് ബിൻ സ്വിമ്മ മോചിപ്പിച്ച അടിമ ഹദ്റത്ത് തമീമിന്റേയുമിടയിൽ സുഹൃത് ബന്ധമുണ്ടാക്കി. മറ്റൊരു അഭിപ്രായമനുസരിച്ച് നബി(സ)തിരുമേനി ഹദ്റത്ത് ഖബ്വാബിനേയും ഹദ്റത്ത് ഹയ്ർ ബിൻ അത്തീക്കിനേയുമാണ് സഹോദരന്മാരാക്കിയത്. അല്ലാമ ഇബ്നു അബ്ദുൽ ബർറിന്റെ പക്കൽ ആദ്യത്തെ നിവേദനമാണ് കൂടുതൽ ശരിയായിട്ടുളളത്.' (അൽഇസ്തീആബ് ഫീ മഅ്രിഫത്തി അൽഅസ്ഹാബ് വാള്യം 2, പേജ് 21, ഖബ്വാബ് ബിൻ അറത്ത്, ദാറുൽജീൽ ബേറൂത്ത്)

ഹദ്റത്ത് ഖബ്വാബ്(റ) ബദ്ർ, ഉഹുദ്, ഖൻദഖ്, ഉൾപ്പെടെ മറ്റെല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തിരുന്നു. (അത്ത്വബക്കാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ്, വാള്യം 3, പേജ് 123, ഖബ്വാബ് ബിൻ അറത്ത്, ദാറുൽകുതുബുൽഇൽമിയ്യ, ബേറൂത്ത് 1990)

അബൂഖാലിദ് വിവരിക്കുന്നു: ഒരു ദിവസം ഞങ്ങൾ മസ്ജിദിൽ ഇരിക്കുമ്പോൾ ഹദ്റത്ത് ഖബ്വാബ് വന്ന് ഒന്നും മിണ്ടാതെയിരുന്നു. ആളുകൾ അദ്ദേഹത്തോട് പറഞ്ഞു: അങ്ങയുടെ സ്നേഹിതന്മാർ അങ്ങയുടെ അടുത്ത് ഒത്തു കൂടിയിരിക്കുകയാണ്. താങ്കൾ എന്തെങ്കിലും അവരോടു വിവരിക്കുന്നതിനും അവരോടു എന്തെങ്കിലും കല്പിക്കുന്നതിനുംവേണ്ടി. ഹദ്റത്ത് ഖബ്വാബ്(റ) പറഞ്ഞു: ഞാനെന്തു കാര്യമാണ് അവരോടു കല്പിക്കേണ്ടത്! ഞാൻ സ്വയം ചെയ്യാത്ത വല്ല കാര്യവും അവരോടു കല്പിച്ചു പോയാലോ!(ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ വാള്യം 2, പേജ് 149, ഖബ്വാബ് ബിൻ അറത്ത്, ദാറുൽ കുതുബുൽഇൽമിയ്യ ബേറൂത്ത് 2003)

ഇതായിരുന്നു അവരുടെയെല്ലാം ദൈവഭയത്തിന്റെയും തഖ്വയുടെയും നിലവാരം.

അബ്ദുല്ലാഹ് ബിൻ ഖബ്വാബ്(റ) തന്റെ പിതാവിൽനിന്ന് നിവേദനം. നബി(സ)തിരുമേനി ഒരിക്കൽ നമസ്കരിച്ചു. അത്ര ദീർഘമായി അതിനുമുമ്പേ ഒരിക്കലും അവിടന്ന് അങ്ങനെ നമസ്കരിച്ചിട്ടില്ല. ആളുകൾ ചോദിച്ചു, അല്ലാഹുവിന്റെ റസൂലേ! ഇതിനുമുമ്പേ ഇന്ന് നമസ്കരിച്ചതു പോലെ അങ്ങ് ഒരിക്കലും നമസ്കരിച്ചിട്ടില്ല.' അവിടന്ന് പറഞ്ഞു: അതേ! ഇത് അഭിരുചിയുടേയും ഭയത്തിന്റേയും നമസ്കാരമാണ്. ഞാൻ ഇതിൽ അല്ലാഹുവിൽനിന്ന് മൂന്നു കാര്യങ്ങൾ ചോദിച്ചു. അല്ലാഹു എനിക്ക് രണ്ടെണ്ണം തന്നു. ഒന്ന് തടഞ്ഞുവച്ചു. അല്ലാഹുവേ! എന്റെ ഉമ്മത്തിനെ വരൾച്ചകൊണ്ടു നശിപ്പിക്കരുതെ എന്നു ഞാൻ അല്ലാഹുവിനോടു പറഞ്ഞു. അത് അല്ലാഹു എനിക്കു നല്കി. എന്റെ ഉമ്മത്തിനുമേൽ അവർക്ക് അപരിചതരായ ഒരു ശത്രുവിനേയും അധികാരികളാക്കരുതേ എന്ന് ദുആ ചെയ്തു. അത് അല്ലാഹു എനിക്കു നല്കി. ഉമ്മത്ത് എന്ന നിലയിൽ ഇന്നും ഉമ്മത്ത് സ്ഥാപിതമാണ്. ആരെങ്കിലും ഭരണം നടത്തുന്നുവെങ്കിൽ ഇവർ സ്വയം ഭരണം തങ്ങളുടെമേൽ അധികാരപ്പെടുത്തുകയാണ്. ഉമ്മത്ത് അഥവാ സമുദായമെന്ന നിലയിൽ ദൈവകൃപയാൽ നബി(സ)തിരുമേനിയുടെ ഉമ്മത്ത് സ്ഥാപിതമാണ്. എന്റെ ഉമ്മത്ത് പരസ്പരം കലഹിക്കുന്നവരാകരുതെ എന്നു ഞാൻ ദുആ ചെയ്ത്. അത് അല്ലാഹു എനിക്കു നല്കിയില്ല.' (സുനനുത്തിർമദി അബ്വാബുൽ ഫിതൻ ഹദീഥ് നമ്പർ 2175)

താരിഖിൽ നിന്ന് നിവേദനം. നബി(സ)തിരുമേനിയുടെ സ്വഹാബാക്കളുടെ ഒരു സംഘം ഹദ്റത്ത് ഖബ്വാബിനെ മരണശയ്യയിലായിരിക്കുമ്പോൾ സന്ദർശിക്കാനായി പോയി. അവർ പറഞ്ഞു ഓ, അബൂ അബ്ദുല്ലാഹ് സന്തോഷവാനായിരിക്കുക. താങ്കൾ താങ്കളുടെ സഹോദരങ്ങളുടെ അടുത്തേക്ക് ഹൗളെ കൗഥറിലേക്കാണ് പോകുന്നത്. ഹദ്റത്ത് ഖബ്വാബ് പറഞ്ഞു: നിങ്ങളെന്റെ മുന്നിൽ നമുക്ക് മുമ്പേ കടന്നുപോയവരെ സ്മരിക്കുകയുണ്ടായി. അവർക്ക് അവരുടെ പ്രതിഫലത്തിൽനിന്ന് ഒന്നും ഈ ലോകത്ത് പ്രാപിക്കാൻ സാധിച്ചില്ല. അവർക്ക് ശേഷം ഞങ്ങൾ ഈ ലോകത്ത് അവശേഷിച്ചു. ഞങ്ങൾ ഇവിടെ തന്നെ അതെല്ലാം കരസ്ഥമാക്കി. ഞങ്ങളുടെ മുൻ കർമങ്ങൾക്കുള്ള പ്രതിഫലമാണോ ഇതെന്ന് ഞങ്ങൾ ആശങ്കപ്പെട്ടു. ഹദ്റത്ത് ഖബ്വാബ് ദീർഘകാലം കഠിനമായ രോഗാവസ്ഥയിൽ കഴിയുകയുണ്ടായി.'(ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ വാള്യം 2, പേജ് 149, ഖബ്വാബ് ബിൻ അറത്ത്, ദാറുൽ കുതുബുൽഇൽമിയ്യ ബേറൂത്ത് 2003)

ഹാരിഥ ബിൻ മുള്രിബിൽനിന്ന് നിവേദനം. ഞാൻ ഹദ്റത്ത് ഖബ്വാബിന്റെ അടുക്കൽ അദ്ദേഹത്തിന്റെ രോഗവിവരം അറിയാൻ പോയി. അദ്ദേഹം നാലുസ്ഥലത്തുനിന്ന് ചികിത്സയ്ക്കുവേണ്ടി ചാപ്പകുത്തിച്ചു. ഞാൻ അദ്ദേഹം പറയുന്നതായി കേട്ടു. നബി(സ)തിരുമേനി 'മരണം ആഗ്രഹിക്കുക എന്നത് ആർക്കും അനുവദനീയമല്ല' എന്ന് പറയുന്നത് ഞാൻ കേട്ടില്ലായിരുന്നെങ്കിൽ ഞാൻ അത് ആഗ്രഹിക്കുമായിരുന്നു; അദ്ദേഹം അത്രയധികം ബുദ്ധിമുട്ടിലായിരുന്നു. അദ്ദേഹത്തിന് കഫൻപൊതിയാനുള്ള വസ്ത്രം കൊണ്ടുവന്നു. അത് 'ഖബാത്തിതുണി'യുടേതായിരുന്നു. നേരിയ വസ്ത്രം! അത് ഈജിപ്തിൽ നിർമിക്കുന്നതാണ്. അപ്പോൾ അദ്ദേഹം കരയാൻ തുടങ്ങി. പിന്നീട് അദ്ദേഹം പറഞ്ഞു, നബി(സ)തിരുമേനിയുടെ പിതൃവ്യൻ ഹംസത്ത്(റ) അവർകളെ ഒരു ചാദുർകൊണ്ടാണ് കഫൻപൊതിഞ്ഞത്. അത് കാലിലേക്ക് വലിച്ചിട്ടാൽ തല വെളിയിൽ വരുമായിരുന്നു. തലയിലേക്ക് വലച്ചിട്ടാൽ കാലു വെളിയിൽ വരുമായിരുന്നു. അങ്ങനെ അദ്ദേഹത്തിനുമേൽ 'അദ്ഹർ' എന്ന പുല്ല് ഇടപ്പെട്ടു. ഞാൻ എന്നെ നബി(സ)തിരുമേനിയോടൊപ്പം ഏതൊരു അവസ്ഥയിലാണ് കണ്ടതെന്നാൽ ഞാനൊരു ലോകത്തിന്റെ ഉടമസ്ഥനായിരുന്നു, ഒരു ദിർഹമിന്റേതല്ല. അതായത് ദീനാറും ദിർഹമും ഒന്നും എന്റെ കൈയിലില്ലായിരുന്നു. ഒരു ദീനാർപോലും ഉണ്ടായിരുന്നില്ല. എന്നാൽ, ഇപ്പോഴത്തെ അവസ്ഥ എന്താണ്. ഖബ്വാബ്(റ) പറഞ്ഞു, ഇപ്പോൾ എന്റെ വീടിന്റെ മൂലയിൽ വെച്ചിരിക്കുന്ന പെട്ടിയിൽ തികച്ചും നാല്പതിനായിരം ദിർഹമുണ്ട്. നമ്മുടെ പരിശുദ്ധമായ വസ്തുക്കൾ നമുക്ക് ഈ ജീവിതത്തിൽ നല്കപ്പെട്ടിട്ടില്ലേ എന്ന് ഞാൻ ഭയപ്പെടുന്നു.(അത്ത്വബക്കാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ്, വാള്യം 3, പേജ് 123, ഖബ്വാബ് ബിൻ അറത്ത്, ദാറുൽകുതുബുൽഇൽമിയ്യ, ബേറൂത്ത് 1990) (ലുഗാത്തുൽഹദീഥ് വാള്യം 3, പേജ് 484, അലി ആസിഫ് പ്രിന്റേഴ്സ് ലാഹോർ 2005)

ഹദ്റത്ത് ഖബ്വാബ് വിവരിക്കുകയാണ്: 'ഞങ്ങൾ നബി(സ)തിരുമേനിയുടെ കൂടെ ഹിജ്റത്ത് ചെയ്തു. ഞങ്ങൾ അല്ലാഹുവിന്റെ തൃപ്തിമാത്രം ആഗ്രഹിച്ചു. ഞങ്ങളുടെ പ്രതിഫലം അല്ലാഹുവിന്റെ ഉത്തരവാദിത്വത്തിലായി. ഞങ്ങളിൽ നിന്ന് പ്രതിഫലം തിന്നാതെ മരിച്ചുപോയവരുമുണ്ടായിരുന്നു. അവരിൽ ഹദ്റത്ത് മിസ്അബ് ബിൻ ഉമയ്റുമുണ്ട്. അതുപോലെ ചിലരുണ്ട്. അവരുടെ കർമ ഫലങ്ങൾ പഴുത്തു പാകമായി. അവർ ആ ഫലങ്ങൾ പെറുക്കി എടുത്തുകൊണ്ടിരിക്കുന്നു. ഹദ്റത്ത് മിസ്അബ് ഉഹുദിൽ ശഹീദായിരുന്നു. ആകെ ഒരു പുതപ്പു മാത്രമേ അദ്ദേഹത്തെ കഫൻ ചെയ്യാനായി ഞങ്ങൾക്കുണ്ടായിരുന്നുള്ളു. ഞങ്ങൾ അദ്ദേഹത്തിന്റെ തല മൂടുമ്പോൾ കാലുകൾ വെളിവാകും കാലുകൾ മൂടുമ്പോൾ തല വെളിവാകുകയും ചെയ്യുമായിരുന്നു. അപ്പോൾ നബി(സ)തിരുമേനി ഞങ്ങളോട് അദ്ദേഹത്തിന്റെ തല തുണികൊണ്ട് മൂടാനും കാല് പുല്ലുകൊണ്ട് മൂടാനും പറഞ്ഞു.'(സ്വഹീഹുൽ ബുഖാരി കിതാബുൽ ജനാഇസ് ഹദീഥ് 1276)

സയ്ദുബ്നു വഹബ് വിവരിക്കുന്നു:ഞങ്ങൾ ഹദ്റത്ത് അലി(റ)യോടൊപ്പം സ്വിഫ്ഫീൻ യുദ്ധം കഴിഞ്ഞ് തിരിച്ചുവരികയായിരുന്നു. കൂഫയുടെ വാതിൽക്കൽ അദ്ദേഹമെത്തിയപ്പോൾ എന്താണ് കാണുന്നത്? ഞങ്ങളുടെ വലതുവശത്ത് ഏഴു ഖബറുകളുണ്ട്. ഹദ്റത്ത് അലി(റ) ചോദിച്ചു; ഈ ഖബറുകൾ ആരുടേതാണ്. ആളുകൾ പറഞ്ഞു: അമീറുൽ മുഅ്മിനീൻ താങ്കൾ സ്വിഫ്ഫീനിലേക്ക പുറപ്പെട്ടതിനു ശേഷം ഖബ്വാബ് വഫാത്തായി. കൂഫാക്കു പുറത്ത് മറവു ചെയ്യണമെന്ന് അദ്ദേഹം വസിയ്യത്ത് ചെയ്തിരു

(ശേഷം പേജ് 10ൽ)

**ഹദീഥുന്നബ്വി (സ):**

***നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു പറയുന്നു,***
***'എന്റെ ദാസരേ!ഞാൻ ആരേയും അക്രമിക്കുകയില്ല. നിങ്ങളും ആരേയും അക്രമിക്കരുത്. അത് നിങ്ങൾക്കു നിഷിദ്ധമാണ്.'***
***(മുസ്‌ലിം)***

**ത്വാലിബെ ദുആ:**
**K.Muhammad Shareef & Family**
**Ahmadiyya Jama-ath Vaniyambalam, Kerala.**

**ഹദീസുന്നബ്‌വി(സ)**

**നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു പറയുന്നു:**
**'എന്റെ ദാസരേ! ഞാൻ നിങ്ങൾക്ക് ധരിപ്പിച്ചിട്ടില്ലെങ്കിൽ നിങ്ങളെല്ലാം നഗ്നരാണ്. അതുകൊണ്ട് നിങ്ങളെന്നോടു വസ്ത്രം ആവശ്യപ്പെടുക. ഞാൻ നിങ്ങൾക്കു ധരിപ്പിക്കാം.'(മുസ്‌ലിം)**

**ത്വാലിബെ ദുആ:**
**P.P. Nasiruddin , Ahmadiyya Jama-ath Kannur Town, Kerala.**

# സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലായുടെ അമേരിക്കൻ പര്യടനം

(തുടർച്ച...)

വിവർത്തനം: അമീൻ മുഹമ്മദ് മാത്ര

## 2018 നവംബർ 04, ഞായറാഴ്ച:

**(തുടർച്ച.....)**ഹുദൂർ അയ്യദഹുല്ലാഹ് രാവിലെ 5.40ന് മസ്ജിദ് ബയ്ത്തുർറഹ്മാനിലെത്തി സുബ്ഹി നമസ്കരിപ്പിച്ചു. അതിനുശേഷം താമസസ്ഥലത്തേക്ക് മടങ്ങി. അമേരിക്കയിൽ ഇന്ന്, ഞായറാഴ്ചമുതൽ Winter Time ആരംഭിച്ചിരിക്കുകയാണ്. സമയം ഒരു മണിക്കൂർ പിന്നിലാക്കിയിരിക്കുന്നു. ഹുദൂർ രാവിലെ ഓഫീസ് സംബന്ധമായ കത്തുകളും റിപ്പോർട്ടുകളും വായിക്കുകയും നിർദേശങ്ങൾ നല്കുകയും ചെയ്തു.

**സാമൂഹികമായ കൂടിക്കാഴ്ച:**

പരിപാടി അനുസരിച്ച് 10.50 ന് ഹുദൂർ അൻവർ അയ്യദഹുല്ലാഹ് മസ്ജിദിന്റെ ഹാളിൽ വന്നു. പാക്കിസ്താനിൽനിന്ന് അമേരിക്കയിലെത്തിയിട്ടുള്ള സഹോദരങ്ങളും യുവാക്കളുമായുള്ള ഹുദൂറിന്റെ കൂടിക്കാഴ്ചാ പരിപാടി ആരംഭിച്ചു. 145 യുവാക്കളാണ് ഉണ്ടായിരുന്നത്. ഇവർ അമേരിക്കയുടെ വിവിധ ജമാഅത്തുകളിൽനിന്ന് ദീർഘമായ യാത്ര ചെയ്തു വന്നവരായിരുന്നു.

ഇന്നിവരെല്ലാം തങ്ങളുടെ ജീവിതത്തിൽ ആദ്യമായി ഹുദൂറിനെ കാണുന്നവരായിരുന്നു. ഇവരെല്ലാം തങ്ങളുടെ രാജ്യത്ത് അക്രമപരമായ നിയമങ്ങൾക്കും തങ്ങളുടെ നാട്ടുകാരുടെ അക്രമങ്ങൾക്കും ദ്രോഹങ്ങൾക്കും പാത്രമായവരും ആയിരുന്നു. തങ്ങളുടെ വീടുകളേയും ബന്ധുമിത്രാദികളേയും ഉപേക്ഷിച്ച് ഹിജ്റത്ത് ചെയ്ത് ഈ രാജ്യത്തു വന്ന് താമസിക്കുന്നവരാണ്.

ഹുദൂർ അയ്യദഹുല്ലാഹ് ഊഴമനുസരിച്ച് ഇവർക്കെല്ലാം ഹസ്തദാനം ചെയ്തു. പാക്കിസ്താനിലെവിടെ നിന്നാണ് വന്നതെന്ന് ഹുദൂർ ചിലരോട് ചോദിച്ചറിയുന്നുണ്ടായിരുന്നു. ഈ യുവാക്കൾക്കും ഹുദൂറിനോട് സംസാരിക്കാനുള്ള സൗഭാഗ്യം ലഭിച്ചുകൊണ്ടിരുന്നു. എല്ലാവർക്കും ഫോട്ടോ എടുക്കുന്നതിനും അവസരം ലഭിച്ചു. തങ്ങളുടെ പ്രിയപ്പെട്ട ഇമാമുമായി കുറച്ചു സമയം ചെലവഴിക്കാൻ ഭാഗ്യം ലഭിച്ച അവർക്ക് അവരുടെ ദുഖങ്ങൾ നിവാരണം ചെയ്യാനും സ്വമനസ്സിന് സമാധാനം കൈവരിച്ചുകൊണ്ട് സ്വന്തം താമസസ്ഥലത്തേക്ക് മടങ്ങാനും സാധിച്ചു. മുലാഖാത്ത് കഴിഞ്ഞ് ഹാളിനു പുറത്തേക്ക് വന്ന അവരുടെ അവസ്ഥ വിസ്മയിപ്പിക്കുന്നതായിരുന്നു.

☆ പാക്കിസ്താനിലെ ദവാൽമിയാൽ എന്ന സ്ഥലത്തു നിന്നു വന്ന ഒരു യുവാവ് മുഹമ്മദ് നാസിർ ഇഖ്ബാൽ തന്റെ വികാരം ഇങ്ങനെ പ്രകടിപ്പിച്ചു: 'ഞാനിന്ന് വളരെ സന്തോഷവാനാണ്. ഈ സമയത്തും എന്റെ ശരീരം കോരിത്തരിച്ചിരിക്കുകയാണ്. ഞാൻ സ്വന്തം കണ്ണുകൊണ്ട് ഹുദൂറിനെ കണ്ടു. എനിക്ക് വളരെ സമാധാനം ലഭിച്ചു. എന്റെ അവസ്ഥ വിവരിക്കാൻ ഞാൻ അശക്തനാണ്.

☆ പാക്കിസ്താനിലെ ഘട്ടിയാലിയായിൽ നിന്നു വന്ന മൻസ്വൂർ അഹ്മദ് സാഹിബ് എന്ന യുവാവ് പറയുന്നു: 'ഈ സമയത്ത് എന്റെ ഹൃദയാവസ്ഥ വിസ്മയിപ്പിക്കുന്നതാണ്. എനിക്ക് സംസാരിക്കാൻ കഴിയുന്നില്ല. അദ്ദേഹത്തിന്റെ കണ്ണുകളിൽനിന്ന് കണ്ണീർ ഒഴുകിക്കൊണ്ടിരുന്നു. വളരെ കഷ്ടപ്പെട്ട് ഇങ്ങനെ പറഞ്ഞു: 'ഹുദൂറുമൊത്തുള്ള ആദ്യ കൂടിക്കാഴ്ചയാണ് ഇന്ന് നടന്നത്. ഇത്ര അടുത്തുനിന്ന് ആദ്യമായാണ് ഞാൻ ഹുദൂറിനെ ദർശിക്കുന്നത്.'

ലാഹോറിൽ നിന്നുള്ള ചൗദ്രി സലീം അഹ്മദ് സാഹിബ് പറയുന്നു:'ഞാൻ കണ്ട ഒരു സ്വപ്നം ഇന്ന് പൂർത്തിയായിരിക്കുന്നു. എന്റെ ജീവിതത്തിലാദ്യമായി ഹുദൂറിനെ ഹസ്തദാനം ചെയ്യാൻ എനിക്ക് കഴിഞ്ഞിരിക്കുന്നു. ഞാൻ വളരെ ഭാഗ്യവാനാണ്. അത്യുന്നതനായ അല്ലാഹുവിന് എത്ര നന്ദി പറഞ്ഞാലും അതു കുറവാണ്.'

പാക്കിസ്താനിലെ ഗുജ്റൻവാലയിൽനിന്നു വന്ന ബശാറത്ത് അഹ്മദ് ബാജ്വ സാഹിബ് പറയുന്നു: 'എനിക്ക് ഹുദൂറിനെ കാണാൻ കഴിഞ്ഞിരിക്കുന്നു എന്ന് എനിക്ക് ഇപ്പോഴും ഒരു ഉറപ്പും വരാത്ത അവസ്ഥയിലാണ് ഞാനുള്ളത്. മുമ്പേ ഞാൻ ഹുദൂറിനെ എം.ടി.എയിലൂടെയാണ് കാണാറുണ്ടായിരുന്നത്. ജീവിതത്തിലാദ്യമായി ഇന്നിതാ ഹുദൂറിനെ നേരിൽ അടുത്ത് കണ്ടിരിക്കുന്നു. ഇപ്പോഴുള്ള എന്റെ വികാരം വാക്കുകളിൽ വിവരിക്കാൻ ഞാൻ അശക്തനാണ്.'

ഇന്ത്യയിലെ കേരളത്തിൽനിന്നു വന്ന ഒരു യുവാവ് അബ്ദുൽ കബീർ സാഹിബ് ആദിൽ പറയുന്നു: 'ഹുദൂർ അൻവറിനെ കണ്ടതിനുശേഷം എന്റെയവസ്ഥ അപ്പാടെ മാറിയിരിക്കുന്നു. ഇനി ഞാൻ മുമ്പേയുള്ള മനുഷ്യനല്ല. ഞാൻ ആകെ മാറിയിരിക്കുകയാണ്. ഇനി ഞാൻ നന്മകളിൽ വളരെ പുരോഗതി നേടും.'

പാക്കിസ്താനിലെ മൂസേവാലയിൽ നിന്നു വന്ന അസദ് ബശീർ ഘുമൻ സാഹിബ് പറയുന്നു: 'ജീവിതത്തിൽ ആദ്യമായി ഹുദൂറിനെ കണ്ടുകൊണ്ട് ഞാനിന്ന് വളരെ ഭാഗ്യവാനായിരിക്കുകയാണ്. വളരെയടുത്തുനിന്ന് ഹുദൂറിനെ കണ്ടു എന്ന് മാത്രമല്ല ആ കരം സ്പർശിക്കാനുമുള്ള ഭാഗ്യവും ലഭിച്ചു. അദ്ദേഹത്തിന്റെ കണ്ണുകളിൽനിന്ന് കണ്ണീർ ധാരധാരയായി ഒഴുകുന്നുണ്ടായിരുന്നു. ഇന്നെനിക്ക് പുതു ജീവിതം ലഭിച്ചിരിക്കുന്നുവെന്നും തുടർന്ന് അദ്ദേഹം പറഞ്ഞു.'

പാക്കിസ്താനിലെ ഫൈസലാബാദ് ചെക് നമ്പർ 61 പ്രദേശത്തു നിന്നുവന്ന ഇഹ്സാൻ അഹ്മദ് എന്ന യുവാവ് പറയുന്നു: 'ഈ സമയത്ത് എന്റെ വികാരത്തെ എനിക്ക് നിയന്ത്രിക്കാൻ കഴിയുന്നില്ല. ഹുദൂറിന്റെ സമീപത്തേക്ക് ഞാനെത്തിയതും ഈ ലോകത്തിലല്ലാത്തവിധം മറ്റൊരു ലോകത്ത് എത്തപ്പെട്ടിരുന്നു.'

പാക്കിസ്താനിലെ അഹ്മദ് നഗറിൽനിന്നു വന്ന വഹീദ് അഹ്മദ് സാഹിബ് പറയുന്നു: 'ഇപ്പോൾ സംസാരിക്കാനുള്ള ധൈര്യം എനിക്കില്ല. ഹുദൂറിന്റെ മുന്നിൽ എന്റെയവസ്ഥ ഇതായിരുന്നു. അതായത് എനിക്ക് ഒന്നുംതന്നെ മിണ്ടാൻ കഴിയുന്നില്ലായിരുന്നു. എത്ര ശ്രമിച്ചിട്ടും അതിന്ന് സാധിക്കുന്നില്ലായിരുന്നു. എന്റെ ജീവിതത്തിലാദ്യമായി ഹുദൂറിനെ കാണാൻ സാധിച്ചതിൽ ഭാഗ്യവാനാണ് ഞാനെന്ന് മനസ്സിലാക്കുന്നു.'

റബ്വയിൽനിന്നു വന്ന ഒരു യുവാവ് കലീം അഹ്മദ് സാഹിബ് പറയുന്നു:'ഞാൻ ഈ ലോകത്തുനിന്നുതന്നെ മുറിച്ച് മാറ്റപ്പെട്ടതായി ഹുദൂറിന്റെ അടുത്തെത്തിയപ്പോൾ അത്ഭുതകരമായി എനിക്ക് തോന്നി. മറ്റൊരു ആത്മീയലോകത്ത് ഞാൻ എത്തിപ്പെട്ടിരുന്നു. ഇപ്പോൾ എന്നിൽ ഒരു വമ്പിച്ച മാറ്റം സംബന്ധിച്ചതായി ഞാൻ അനുഭവിച്ചറിയുന്നു.

ഇസ്ലാമാബാദിൽനിന്നുവന്ന ഒരു സ്നേഹിതൻ അർശദ് മുസ്‌ലിം സാഹിബ് പറയുന്നു: 'ഞാൻ ഹുദൂറിനെ സ്വപ്ന ദർശനങ്ങളിൽ കാണാറുണ്ടായിരുന്നു. ഇന്നെന്റെ സ്വപ്നം പൂർത്തിയായിരിക്കുന്നു. എന്റെ കൺമുന്നിൽ ഹുദൂറിനെ കണ്ടിരിക്കുന്നു. ഹുദൂറിന് ഹസ്തദാനം ചെയ്തിരിക്കുന്നു.'

കറാച്ചിയിൽനിന്നു വന്ന അഹ്മദ് മുയിസ്സ് ഹാശിമി സാഹിബ് പറയുന്നു: 'മുമ്പേ ഞാൻ ഹുദൂറിനെ ടീവി മുഖേന കാണാറുണ്ടായിരുന്നു. ജീവിതത്തിലാദ്യമായി ഇന്ന് കൺമുന്നിൽ ഞാൻ ഹുദൂറിനെ കണ്ടു. കാലത്തിന്റെ ഖലീഫയെ കാണുക എന്നത് വളരെ വലിയ അനുഗ്രഹമാണ്. കാലത്തിന്റെ ഖലീഫയുടെ കൈയിൽ ഞാൻ മുത്തി. അനുഗ്രഹങ്ങൾ കരസ്ഥമാക്കി. ഞാനെന്നെ വളരെ ഭാഗ്യവാനാണെന്ന് മനസ്സിലാക്കുന്നു.'

റബ്വ പാക്കിസ്താനിൽനിന്നു വന്ന സയ്യിദ് മുസ്വവ്വിർ അഹ്മദ് സാഹിബ് എന്ന യുവാവ് പറയുന്നു: 'എന്റെ ജീവിതത്തിൽ ഒരു ഖലീഫത്തുൽ മസീഹിനെ ആദ്യമായാണ് നേരിട്ട് ഞാൻ കാണുന്നത്. ഈ ജീവിതത്തിൽ ഹുദൂറിനെ കാണണമെന്ന ഒരേയൊരാഗ്രഹമേയുണ്ടായിരുന്നുള്ളൂ. ഇന്ന് എന്റെ ആഗ്രഹം പൂർത്തിയായി.'

റബ്വയിലെ താഹിറാബാദിൽ നിന്നുവന്ന തൻവീർ അഹ്മദ് സാഹിബ് പറയുന്നു: 'എന്റെ വികാരങ്ങൾ വിവരിക്കുക വാക്കുകളാൽ സാധ്യമല്ല. കൂടുതൽ എനിക്ക് പറയാനും കഴിയില്ല. എന്റെയുള്ളിൽ ആത്മീയത വന്നിരിക്കുന്നു എന്ന് മാത്രമേ പറയാനുള്ളൂ. ഞാൻ ആന്തരികമായി മാറിയിരിക്കുന്നു.'

മണ്ടി ബഹാവുദ്ദീനിൽനിന്നു വന്ന ഒരു ഖാദിം വലീദ് അഹ്മദ് ത്വാഹിർ പറയുന്നു: 'ഹുദൂറിനെ അടുത്തു കണ്ടുകൊണ്ടും ഹസ്തദാനം സ്വീകരിച്ചുകൊണ്ടും എന്റെ ജീവിത ലക്ഷ്യം പൂർത്തിയായിരിക്കുന്നു. ജീവിതത്തിൽ ഹുദൂറിനെ കണ്ട് ജീവിച്ചിരിക്കണമെന്ന എന്റെ ആഗ്രഹം പൂർത്തിയായിരിക്കുന്നു.'

ലാഹോറിൽനിന്നുവന്ന മിർസാ വസീം അഹ്മദ് എന്ന യുവാവ് പറയുന്നു: 'ഇന്ന് ഹൃദയം ദൈവസ്തുതിയാൽ നിർഭരമായിരിക്കുന്നു. പരമോന്നതനായ പ്രിയപ്പെട്ട നേതാവിനെ കാണാൻ അവസരം ഒരുക്കി തന്നിരിക്കുന്നു. അല്ലാഹുത്തആല എന്റെ മക്കൾക്കും ഖിലാഫത്തിനോട് എന്നും ബന്ധപ്പെട്ട് നിൽക്കാൻ തുണയേകുമാറാകട്ടെ. ഇതു തന്നെയാണ് ജീവിതം. ഇതിനെ കൂടാതെ മറ്റൊന്നുമില്ല.'

സർഗോദ ജില്ലയിലെ ഭേരയിൽനിന്നുവന്ന രിള്‌വാൻ ഹയ്ദർ എന്ന യുവാവ് പറയുന്നു: 'ഹുദൂറിനെ കാണാനുള്ള ഭാഗ്യം കിട്ടി. എന്തെങ്കിലും പറയാൻ ഞാൻ അശക്തനാണ്. ഞാനിന്ന് വളരെ ഭാഗ്യം നേടിയ മനുഷ്യനായിരിക്കുന്നുവെന്ന് മാത്രം പറയും. വളരെ സമാധാനവും സുഖവും ശാന്തിയും ഇന്നെനിക്ക് കൈവന്നിരിക്കുന്നു. എന്റെ ജീവിതത്തിലെ ഏറ്റവും നല്ല ദിവസം ഇതു തന്നെയാണ്.'

ഒടുവിൽ പ്രായമുള്ള നാലുപേർ ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. അവർ കസേരയിൽ

ഇരുന്നു. വാത്സല്യത്തോടെ ഹുദൂർ അവരുടെയടുക്കൽ വന്നു.അവരുടെ കൈകൾ പിടിച്ചു. അവരുടെ അവസ്ഥകൾ ചോദിച്ചറിഞ്ഞു.

കൂടിക്കാഴ്ചയുടെ ഈ പ്രോഗ്രാം 11.25 വരെ നീണ്ടു നിന്നു. ശേഷം ഹുദൂർ ഓഫീസിലേക്ക് പോയി. അവിടെ കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ച നടന്നു.

**കുടുംബപരമായ കൂടിക്കാഴ്ചകൾ**

ഇന്നു രാവിലെ നടന്ന ഈ സെഷനിൽ 52 കുടുംബങ്ങളിൽനിന്നുള്ള 269 പേരാണ് പങ്കെടുത്തത്. വിദ്യാർഥി വിദ്യാർഥിനികൾക്ക് ഹുദൂർ പേനയും കുട്ടികൾക്ക് ചോക്ലേറ്റും നല്കി. അമേരിക്കയിലെ 35 ജമാഅത്തുകളിൽനിന്നും പ്രദേശങ്ങളിൽനിന്നുമുള്ളവരാണ് ഇന്ന് ഹുദൂറിനെ കാണാനെത്തിയത്. 12 മുതൽ 13 മണിക്കൂർ നൂറുകണക്കിനു മൈലുകൾതാണ്ടി ഹുദൂറിനെ കാണാനെത്തിയതായിരുന്നു അവർ. എല്ലാവർക്കും ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും ഭാഗ്യം ലഭിച്ചു. കുടുംബ കൂടിക്കാഴ്ചകളുടെ ഈ സന്ദർശന വേളയിലെ ഒടുവിലത്തെ സെഷനായിരുന്നു ഇത്. കൂടിക്കാഴ്ചാ വിഭാഗം ഇൻചാർജ് ശംഷാദ് അഹ്മദ് നാസിർ സാഹിബ് മുബല്ലിഗ് പറയുന്നു: 'ഹുദൂർ അൻവറിന്റെ അമേരിക്കൻ പര്യടനത്തെ കുറിച്ച് അറിഞ്ഞപ്പോൾത്തന്നെ ജമാഅത്തംഗങ്ങളുടെ ഉള്ളിൽ സന്തോഷത്തിന്റേയും ആനന്ദത്തിന്റേയും തിരമാല അലതല്ലി. കൂടിക്കാഴ്ചയ്ക്കുവേണ്ടി ഫോമുകൾ വരാൻ തുടങ്ങി. പതിനായിരത്തിലധികം അഹ്മദികൾ തങ്ങളുടെ കുടുംബത്തോടൊപ്പവും വ്യക്തിപരമായ നിലയിലും ഫോമുകൾ പൂരിപ്പിച്ചയച്ചു.

സ്ത്രീകളും പുരുഷന്മാരും ഫോമുകൾ അയച്ചതിനുശേഷം എങ്ങനെയെങ്കിലും ഒരുമിനുട്ട് നേരമെങ്കിലും ഹുദൂറുമായി കൂടിക്കാഴ്ച നടത്താൻ അവസരം തരണമെന്ന് ആവർത്തിച്ച് പറഞ്ഞുകൊണ്ടിരുന്നു. ചില സ്ത്രീകൾ കരഞ്ഞുകൊണ്ട് തങ്ങൾ കുട്ടികളോടു, ഹുദൂർ വരുന്നുണ്ടെന്ന് പറഞ്ഞപ്പോൾ മുതൽ മക്കളുടെ ഉള്ളിൽ അത്ഭുതകരമായൊരു excitement ആണ് ഉണ്ടായിട്ടുള്ളതെന്ന് പറയുകയുണ്ടായി.

ജീവിതത്തിലൊരിക്കലും ഹുദൂറിനെ കണ്ടിട്ടില്ലാത്തവർക്കു മാത്രമെ കൂടിക്കാഴ്ചയ്ക്കുള്ള അവസരം ഉണ്ടാകുകയുള്ളുവെന്ന് ജമാഅത്തിന്റെ സംഘാടകർ ഇപ്രാവശ്യം തീരുമാനിച്ചിരുന്നു. അങ്ങനെ ഹുദൂർ അൻവറിന്റെ ഈ യാത്രയ്ക്കിടയിൽ കൂടിക്കാഴ്ചകളുടെ മൊത്തം 12 സെഷൻ മസ്ജിദ് ബയ്ത്തുൽ ആഫിയത്ത് (ഫലോഡെൽഫിയ), മസ്ജിദ് ബയ്ത്തുസ്സമീഅ്(ഹ്യൂസ്റ്റൺ), മസ്ജിദ് ബയ്ത്തുർ റഹ്മാൻ ((വാഷിംഗ്ടൺ)എന്നിവിടങ്ങളിൽ നടന്നു. ഈ 12 സെഷനുകളിൽ 757 കുടുംബങ്ങൾ തങ്ങളുടെ പ്രിയങ്കരനായ ഇമാമുമായി കൂടിക്കാഴ്ച നടത്താനുള്ള ഭാഗ്യം കരസ്ഥമാക്കി. പുരുഷന്മാരുടേയും സ്ത്രീകളുടേയും വ്യക്തിഗതമായ ഗ്രൂപ്പുകളേയും ചേർത്ത് 3970ൽ കൂടുതൽ ആളുകൾ തങ്ങളുടെ ഇമാമുമായി കൂടിക്കാഴ്ചയ്ക്ക് സൗഭാഗ്യരായി. എല്ലാവരും തങ്ങളുടെ പ്രിയപ്പെട്ട ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനുള്ള സൗഭാഗ്യവും കരസ്ഥമാക്കി.

ഇന്നത്തെ കുടുംബകൂടിക്കാഴ്ചകൾ 2.10 വരെ തുടർന്നു. പിന്നീട് ഹുദൂർ മസ്ജിദിന്റെ പുരുഷന്മാരുടെ ഹാളിൽ വന്നു. അവിടെ വ്യക്തിഗതമായ നിലയിൽ ലജ്നയുടെ ഒരു സംഘം കൂടിക്കാഴ്ചയ്ക്ക് ഭാഗ്യവതികളായി. ഈ ഗ്രൂപ്പിൽ പങ്കെടുത്ത സ്ത്രീകളുടെ എണ്ണം 128 ആയിരുന്നു. കൂടിക്കാഴ്ച 2.5വരെ നീണ്ടുനിന്നു.

**നാഷണൽ മജ്ലിസെ ആമില**

അതിനുശേഷം ഹുദൂർ മീറ്റിംഗ് റൂമിൽ വന്നു. അവിടെ ഹുദൂറിന്റെ സാന്നിധ്യത്തിൽ ഖുദ്ദാമുൽ അഹ്മദിയ്യാ യു.എസ്.എയുടെ നാഷണൽ മജ്ലിസെ ആമില മീറ്റിംഗ് നടന്നു. ഏറ്റവുമാദ്യം ഹുദൂർ ദുആ ചെയ്യിച്ചു.

2018 നവംബറിൽ ഖുദ്ദാമുൽ അഹ്മദിയ്യാ യു.എസ്.എ യുടെ പുതിയ ടേം ആരംഭിച്ചു. പുതിയ സ്വദ്ർ നിയമിതനായി. ഹുദൂർ അയ്യദഹുല്ലാഹു ത്തആലാ ബിനസ്രിഹിൽ അസീസ് ഖുദ്ദാമുൽ അഹ്മദിയ്യാ യു.എസ്.എ യുടെ സ്വദ്ർ സാഹിബിനോടു ആദ്യമുണ്ടായിരുന്ന മജ്ലിസെ ആമില മെമ്പർമാർതന്നെയാണോ ഇപ്പോഴും ഉള്ളതെന്ന് ചോദിച്ചു. താങ്കൾ ആമില അംഗങ്ങൾക്ക് അവരുടെ ചുമതലകളെ കുറിച്ച് പറഞ്ഞുകൊടുത്തുവോ?

അപ്പോൾ സ്വദർ സാഹിബ് മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ പറഞ്ഞു: ജി ഹുദൂർ. ആമില അംഗങ്ങൾക്ക് അവരുടെ ചുതലകളെ കുറിച്ച് പറഞ്ഞുകൊടുത്തു കഴിഞ്ഞിട്ടുണ്ട്.

☆ അതിനുശേഷം ഹുദൂർ നാഇബു സ്വദ്ർമാരേയും മുആവിൻ സ്വദ്ർമാരേയും പരിചയപ്പെട്ടു. ഇരിക്കുന്നതിന്റെ ക്രമീകരണം ഇങ്ങനെ വേണമെന്ന് ഹുദൂർ പറഞ്ഞു; സ്ദറിനുശേഷം മുഅത്തമദ് ഇരിക്കുക. പിന്നീട് എല്ലാ മുഹതമിംമാരും പിന്നീട് മുആവിൻ സ്വദ്ർമാരും അതിനുശേഷം ഒരു ഭാഗത്ത് നാഇബുസ്വദ്ർമാരേയും ഇരുത്തേണ്ടതാണ്.

☆ തുടർന്ന് ഹുദൂർ ചോദിച്ചപ്പോൾ മുഹതമിം അത്ഫാൽ സാഹിബ് പറഞ്ഞു, അത്ഫാലിന്റെ മൊത്തം എണ്ണം 1240 ആകുന്നു. അത്ഫാലിന്റെ തർബിയ്യത്തിനെ സംബന്ധിച്ചിടത്തോളം ഞങ്ങൾ ഫോക്കസ് ചെയ്യുന്നത് നാഷണൽ ഇജ്തിമായാണ്. പിന്നീട് റീജ്യണൽ അത്ഫാൽ റാലികൾ സംഘടിപ്പിക്കുന്നു.

ഹുദൂർ ചോദിച്ചു: തദ്ദേശതലത്തിൽ തർബിയ്യത്തി ക്ലാസുകൾ സംഘടിപ്പിക്കാറുണ്ടോ? അതിൽ എത്ര കുട്ടികളാണ് പങ്കെടുക്കാറുള്ളത്?

മുഹതമിം അത്ഫാൽ പറഞ്ഞു: ഏകദേശം 500 അത്ഫാൽ ആ ക്ലാസുകളിൽ പങ്കെടുക്കുന്നു.

ഹുദൂർ പറഞ്ഞു: അത്ഫാൽ ഖുദ്ദാമുൽ അഹ്മദിയ്യായിൽ പോകുമ്പോൾ അത്ര കർമനിരതരാകുന്നില്ല. അത്ഫാലിന് ശരിയായ നിലയിൽ തർബിയ്യത്ത് കൊടുക്കുകയാണെങ്കിൽ, ട്രൈനിംഗ് നല്കുകയാണെങ്കിൽ പിന്നീട് അവർ ഖുദ്ദാമുൽ അഹ്മദിയ്യായിൽ എത്തുമ്പോൾ ജമാഅത്തുപരമായ activities കളിൽ താൽപര്യം അവസാനിച്ചു പോകുന്നവരാകുകയില്ല.

☆അതിനുശേഷം മുഅ്ത്തമദ് സാഹിബ് പറഞ്ഞു: ഞാൻ കഴിഞ്ഞ വർഷം അഡീഷണൽ മുഅ്ത്തമദ് എന്ന നിലയിൽ പ്രവർത്തിച്ചു വരികയായിരുന്നു. ഈ വർഷം മുഅ്ത്തമദിന്റെ ചുമതലയാണ് കിട്ടിയിട്ടുള്ളത്. ഞങ്ങളുടെ മൊത്തം മജ്ലിസുകൾ 72 ആകുന്നു. കഴിഞ്ഞവർഷം 74 ആയിരുന്നു.

അതുകേട്ടപ്പോൾ ഹുദൂർ പറഞ്ഞു: നിങ്ങളുടെ മജ്ലിസുകൾ കൂടുതലാകുന്നതിനുപകരം കുറഞ്ഞുകൊണ്ടിരിക്കുന്നതെന്താണ്? ചില മജ്ലിസുകളെ കൂട്ടിചേർത്തിട്ടുണ്ടോ?

മുഅ്ത്തമദ് സാഹിബ് പറഞ്ഞു: ഞങ്ങൾ ചില മജ്ലിസുകളെ കൂട്ടിചേർത്തിട്ടുണ്ട്.

ഹുദൂർ ചോദിച്ചു: എല്ലാ മജ്ലിസുകളും അവരവരുടെ റിപ്പോർട്ടുകൾ അയക്കാറില്ലേ? എല്ലാ മജ്ലിസുകളും കർമനിരതവുമാണോ?

മുഅ്ത്തമദ് സാഹിബ് പറഞ്ഞു: അൽഹംദുലില്ലാഹ് എല്ലാ മജ്ലിസുകളിൽനിന്നും നൂറുശതമാനം റിപ്പോർട്ടുകളും ലഭിക്കാറുണ്ട്.

അതിനുശേഷം ഹുദൂർ ഊഴമനുസരിച്ച് എല്ലാ മുഹ്തമിംമാരേയും റീജ്യണൽ ഖാഇദുമാരേയും മുൻ മുഹ്തമിംമാരേയും പരിചയപ്പെട്ടു.

☆അതുകഴിഞ്ഞ് ഹുദൂർ എല്ലാ മുഹ്തമിംമാരോടും അവർ മുമ്പിൽ വന്നിരിക്കാൻ പറഞ്ഞു. തുടർന്ന് ഹുദൂർ പറഞ്ഞു: നിങ്ങൾ ഖുദ്ദാമുൽ അഹ്മദിയ്യായിൽ പ്രവർത്തിക്കാൻ തുടങ്ങിയിട്ട് ഒരുപാടു കാലമായി. നിങ്ങളുടെ ചുമതലകൾ എങ്ങനെ നിറവേറ്റണമെന്ന് നിങ്ങൾക്കറിയാം. ഏറ്റവും ആദ്യത്തെ കാര്യം നിങ്ങളുടെ വാർഷിക പരിപാടികൾ അല്ലെങ്കിൽ പദ്ധതികൾ തയ്യാറാക്കുക എന്നതാണ്. മുൻമുഹ്തമിംമാരുടെ പക്കൽ ഏതെങ്കിലും പദ്ധതികളോ മറ്റോ കിടപ്പുണ്ടെങ്കിൽ അവർ പുതിയ മുഹ്തമിംമാർക്ക് അത് നല്കേണ്ടതാണ്. മുൻമുഹ്തമിംമാരുടെ പക്കൽ ഔദ്യോഗികമായി ഏതെങ്കിലും പദ്ധതികൾ ഉണ്ടെങ്കിൽ ശരി, ഇല്ലെങ്കിൽ നിങ്ങൾ വർഷം മുഴുവനുമുള്ള പ്ലാനുകൾ സ്വയം തയ്യാറാക്കുക. ഈ പ്ലാൻ ദൃഢതരമായിരിക്കേണ്ടതാണ്. ഖുദ്ദാമുൽ അഹ്മദിയ്യായുടെ നാഷണൽ ഇജ്തിമായിൽ ആയിരത്തിലേറെ ഖുദ്ദാം പങ്കെടുത്തിട്ടില്ലെന്ന് ഞാൻ കണ്ടു. റീജ്യണൽ ലവലിനുള്ള ഇജ്തിമാകളെ കുറിച്ച് എനിക്കറിയില്ല.

ഇപ്രകാരം തന്നെ ഹുദൂർ ചോദിച്ചു: നിങ്ങളുടെ വെസ്റ്റ് കോസ്റ്റ്, ഈസ്റ്റ് കോസ്റ്റ് റീജ്യണൽ ഇജ്തിമാകൾ നടക്കാറുണ്ടോ?

അപ്പോൾ സ്വദ്ർ സാഹിബ് പറഞ്ഞു: ആദ്യമൊക്കെ ഞങ്ങളുടെ വെസ്റ്റ് കോസ്റ്റ്, ഈസ്റ്റ് കോസ്റ്റ് റീജ്യണൽ ഇജ്തിമാകൾ നടന്നിരുന്നു. എന്നാൽ, ഇപ്പോൾ നടക്കുന്നില്ല. എന്നല്ല ഇപ്പോൾ മജ്ലിസുകളെ 12 റീജ്യണുകളിലായി വിഭജിച്ചിരിക്കുകയാണ്. ഓരോ റീജ്യണും അവരുടെ ഇജ്തിമാകൾ നടത്തുന്നുണ്ട്.

☆ ഹുദൂർ ചോദിച്ചപ്പോൾ ഒരു റീജ്യണൽ ഖാഇദ് പറഞ്ഞു: അദ്ദേഹത്തിന്റെ റീജ്യണിൽ ഖുദ്ദാമിന്റെ തജ്നീദ് 370 ആകുന്നു. അതിൽ 90 ഖുദ്ദാം റീജ്യണൽ ഇജ്തിമായിൽ പങ്കെടുത്തിരുന്നു. ഇപ്രകാരം മറ്റൊരു ഖാദിം പറഞ്ഞു:അദ്ദേഹത്തിന്റെ റീജ്യണിലെ അത്ഫാലിന്റേയും ഖുദ്ദാമിന്റേയും മൊത്തം എണ്ണം 454 ആകുന്നു. അപ്പോൾ ഹുദൂർ പറഞ്ഞു: അത്ഫാലിന്റേയും

**ഹദീഥുന്നബ്‌വി (സ):**

*നബി(സ)തിരുമേനി പറഞ്ഞു: 'നീ ധാരാളം സുജൂദ് ചെയ്യണം. എന്തുകൊണ്ടെന്നാൽ അല്ലാഹുവിനുവേണ്ടി നീ ചെയ്യുന്ന ഒരു സുജൂദിനു പകരം അല്ലാഹു നിന്നെ ഒരു പടി ഉയർത്തുകയും അതു കൊണ്ടുതന്നെ ഒരു പാപം നിനക്കു പൊറുക്കുകയും ചെയ്യും.'(മുസ്‌ലിം)*

ത്വാലിബെ ദുആ:
Dr. C. Salahuddin, Ameer Ahmadiyya Jama-ath Calicut, Kerala.

**ഹദീസുന്നബ്‌വി(സ)**

നബി(സ)തിരുമേനി പറഞ്ഞു:
'സദ്‌വൃത്തിയോടൊപ്പം ദീർഘായുസ്സ് ലഭിച്ചിട്ടുള്ളവനാണ് ജനങ്ങളിൽ മഹോന്നതൻ.'
(തിർമുദി)

ത്വാലിബെ ദുആ:
Muhammad Safwan&Family, Ahmadiyya Jama-ath Kakkanad, Kerala.

ഖുദ്ദാമിന്റേയും ഒരുമിച്ച് തജ്നീദ് തയ്യാറാക്കുമ്പോൾ സംശയമുണ്ടാകുന്നു. നിങ്ങളുടെ നാളിം അത്ഫാലിന് തജ്നീദ് തയ്യാറാക്കാവുന്നതാണ്. നിങ്ങൾ അത്ഫാലുൽ അഹ്മദിയ്യായുടെ ഖാഇദല്ല. മറിച്ച് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഖാഇദാണ്. അതുകൊണ്ട് വെവ്വേറെ സ്പഷ്ടവും വ്യക്തവുമായ നിലയിൽ വിവരങ്ങൾ നല്കുക.

അപ്പോൾ ഖാഇദ് സാഹിബ് പറഞ്ഞു: ഞങ്ങളുടെ റീജ്യണിൽ മൊത്തം 340 ഖുദ്ദാമും 114 അത്ഫാലുമുണ്ട്. 340 ൽനിന്ന് 80 ഖുദ്ദാം ഇജ്തിമായിൽ പങ്കെടുത്തു.

അപ്പോൾ ഹുദൂർ പറഞ്ഞു: ഇത് കഷ്ടിച്ച് നാലിലൊരു ഭാഗമെ ആകുന്നുള്ളു. റീജ്യണൽ ലെവലിലും നാഷണൽ ലെവലിന്റെ അവസ്ഥ തന്നെയാണല്ലോ.

ഹുദൂർ പറഞ്ഞു: നിങ്ങളുടെ പരിപാടികളിൽ outdoor activitiesനും കളികളുടെ പരിപാടികൾ തുടങ്ങിയവയ്ക്കും കൂടുതൽ പ്രാധാന്യം നല്കുന്നതായും ഞാൻ കണ്ടു. ഇജ്തിമായിന്റെ അവസരത്തിൽ 70 മുതൽ 80 ശതമാനംവരെ തഅ്ലീമുപരവും തർബിയ്യത്തുപരവുമായിരിക്കേണ്ടതാണ്. അതിൽ ജനറൽ നോളെജ്, മതപരവും ദീനിപരവുമായ ജ്ഞാനങ്ങൾ, വിശുദ്ധ ഖുർആൻ പാരായണ മത്സരം, ബാങ്കുവിളി മത്സരം, ഇതുപോലെ മറ്റു ചോദ്യോത്തര പരിപാടികളും നടത്താവുന്നതാണ്. അടുത്ത വർഷത്തേക്ക് ഈ രീതിയിൽ പരിപാടികൾ തയ്യാറാക്കുക. ഹുദൂർ പറഞ്ഞു: മുഴുവർഷത്തേക്കുമായി എന്തെങ്കിലും വേലാല ചിന്തിച്ച് ഉണ്ടാക്കാൻ ഞാൻ നിങ്ങളുടെ സ്വദ്ർ സാഹിബിനോടു പറഞ്ഞിട്ടുണ്ട്. മൂന്നു വിഷയങ്ങൾ പറയാനും അതിൽനിന്ന് ഏതൊരു വേലാല ആണോ ഫൈനൽ ആകുന്നത് അതനുസരിച്ച് നിങ്ങളെല്ലാവരും പ്രവർത്തിക്കുക എന്നും ഞാൻ അദ്ദേഹത്തോടു പറഞ്ഞു. വർഷം മുഴുവൻ നിങ്ങളുടെ പരിപാടികൾ ആ theme അനുസരിച്ചായിരിക്കേണ്ടതാണ്. നിങ്ങളുടെ നാഷണൽ -റീജ്യണൽ ഇജ്തിമായിന്റെ പരിപാടികളും അതേ theme അനുസരിച്ചായിരിക്കേണ്ടതാണ്. വർഷാവസാനം നിങ്ങളെന്താണ് കരസ്ഥമാക്കിയതെന്ന് അറിയാനാണിത്. അല്ലെങ്കിൽ എത്രത്തോളം ഈ theme ന്റെ ഉദ്ദേശ്യം കരസ്ഥമാക്കാൻ ശ്രമിച്ചു എന്നറിയാൻ. ഇൻശാഅല്ലാഹ് കുറച്ചു ദിവസത്തിനുള്ളിൽത്തന്നെ ഇതുസംബന്ധമായി നിങ്ങൾക്ക് അറിയാൻ കഴിയുന്നതായിരിക്കും. വേലാല എന്താണെന്ന് അറിഞ്ഞു കഴിഞ്ഞാൽ നിങ്ങൾ അതനുസരിച്ച് പണിയെടുക്കാൻ തുടങ്ങുക. നിങ്ങൾ എങ്ങനെയാണ് പ്ലാനുകൾ തയ്യാറാക്കിയിട്ടുള്ളതെന്ന് ഞാനും അറിയുന്നതിന് മുഹ്തമിംമാർ അടുത്ത രണ്ടാഴ്ചയക്കുള്ളിൽ തങ്ങളുടെ പ്ലാൻ പൂർത്തിയാക്കി സ്വദ്ർ സാഹിബ് മുഖേന എനിക്കു അയച്ചുതരിക.

ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു: നിങ്ങൾ ഇനി മുമ്പേയുള്ളതിനെക്കാൾ കൂടുതൽ കർമനിരതരാകേണ്ടതുണ്ട്. എന്നല്ല എല്ലാവർഷവും മുമ്പേയുള്ളതിനെക്കാൾ കൂടുതൽ കർമനിരതരാകേണ്ടതാണ്. നിങ്ങൾക്കു മുമ്പേയുള്ളവർ ഒരു പണിയും ചെയ്തില്ല എന്നല്ല ഞാൻ പറയുന്നത്. അവരും പണിയെടുത്തു. വളരെ അധ്വാനത്തോടെ പ്രവൃത്തിച്ചു. പക്ഷേ, ഓരോ വർഷവും നമ്മുടെ ചുവടുകൾ മുന്നോട്ടുയരേണ്ടതാണ്. നമ്മുടെ അഭിവൃദ്ധിയുടെ ഒഴുക്ക് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് കൂടുതൽ മെച്ചപ്പെട്ടതായിരിക്കേണ്ടതാണ്.

ഹുദൂർ പറഞ്ഞു: മുഅ്ത്തമദ് സാഹിബ്, താങ്കൾ ഇതു നോട്ടു ചെയ്യുക. എല്ലാ മുഹ്തമിംകാരിൽനിന്നും അവരുടെ പ്ലാൻ തയ്യാറാക്കി വാങ്ങുക എന്നതും പിന്നീട് അത് അനുമതിക്കായി എനിക്ക് അയക്കുക എന്നതും താങ്കളുടെ ഉത്തരവാദിത്വമാണ്. ഇനി അനുമതി കിട്ടുന്നതിന് കുറച്ചു ദിവസമോ ആഴ്ചകളോ എടുക്കുകയാണെങ്കിൽ മുഹ്തമിംമാർ അവരവരുടെ പ്ലാനുകൾ അനുസരിച്ച് പ്രവർത്തിക്കുക. മുഹ്തമിംമാർ അയക്കുന്ന പ്ലാനുകളിൽ ഞാൻ ഒരു തരത്തിലുള്ള കുറവും വരുത്തുകയില്ല. ചില കാര്യങ്ങൾ കൂടുതൽ ചേർക്കാൻ സാധ്യതയുണ്ട്. അതുകൊണ്ട് മുഹ്തമിംമാർ ഏതു പ്ലാനുകൾ ഉണ്ടാക്കുകയാണെങ്കിലും അതനുസരിച്ചുള്ള പ്രവർത്തനവും അതിനോടൊപ്പം ആരംഭിക്കേണ്ടതാണ്. അതിനോടൊപ്പം ഔദ്യോഗികമായി അനുമതിയും കരസ്ഥമാക്കുക. പിന്നീട് ത്രൈമാസ റിപ്പോർട്ടിൽ അതനുസരിച്ച് എത്രമാത്രം പ്രവർത്തനം നടന്നുവെന്ന കാര്യവും രേഖപ്പെടുത്തുക.

ഹുദൂർ പറഞ്ഞു: ഇപ്പോൾ പുതിയ ആമില ചാർജെടുത്തിരിക്കുകയാണ്. അതുകൊണ്ട് പുതിയ ആവേശത്തോടും ഉത്സാഹത്തോടും കൂടി പ്രവർത്തിക്കേണ്ടതാണ്. റീജ്യണൽ ഖാഇദുമാരും പുതിയ ആവേശത്തോടുകൂടി പണിയെടുക്കാൻ തുടങ്ങേണ്ടതാണ്. നിങ്ങളുടെ പ്ലാൻ നിങ്ങൾ തയ്യാറാക്കി കഴിഞ്ഞാൽ ഉടനെതന്നെ അത് തദ്ദേശ മജ്ലിസുകളിലെ ഖാഇദുമാർക്ക് അയച്ചുകൊടുക്കുക. അതുപോലെതന്നെ ഈ പ്ലാൻ എല്ലാ നാളിമുമാർക്കും അയച്ചുകൊടുക്കുക എന്നത് മുഅ്ത്തമദിന്റെ ഉത്തരവാദിത്വമാണ്. എങ്ങനെ പ്രവർത്തനം നടക്കുന്നുവെന്ന് പിന്നീട് നോക്കുകയും ചെയ്യുക. ടാർജറ്റ് കരസ്ഥമാക്കുന്നതിനുവേണ്ടി എത്രത്തോളം പരിശ്രമിച്ചുകൊണ്ടിരിക്കുന്നുവെന്നും നോക്കുക. തദ്ദേശവും റീജ്യണലുമായ ഇജ്തിമാകളിലും ഈ theme നെ നിങ്ങളുടെ ടാർജറ്റാക്കുക. വിവിധ വകുപ്പുകൾ നല്കപ്പെടുന്ന മുആവിനെ സ്വദ്ർമാരും നാഇബു സ്വദ്ർമാരും തങ്ങളുടെ വകുപ്പുകളെ നോക്കേണ്ടതാണ്. തങ്ങളുടെ വകുപ്പുകൾ പ്ലാനിംഗ് അനുസരിച്ച് പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. ടാർജറ്റുകൾ കരസ്ഥമാക്കുന്നതിനുവേണ്ടി ആത്മാർഥമായി പരിശ്രമിക്കുകയും ചെയ്യുക.

ഹുദൂർ അൻവർ പറഞ്ഞു: നിങ്ങളെന്തെങ്കിലും ചെയ്യാനും ലോകത്ത് മാറ്റം വരുത്താനും ആഗ്രഹിക്കുന്നെങ്കിൽ നിങ്ങളുടെ മുദ്രാവാക്യം, 'യുവാക്കൾ പരിഷ്കരിക്കപ്പെടാതെ ജനതകൾ പരിഷ്കരിക്കപ്പെടുകയില്ല' എന്നതാണ്. പിന്നീട് ഇതിനുവേണ്ടി നിങ്ങൾക്ക് കഠിനാധ്വാനം ചെയ്യേണ്ടിവരും. (തുടരും)

(ബദ്ർ ഉർദു 9-5-2019)

(പേജ് 7ൽനിന്ന്)

ന്നു. മരിച്ചവരെ അവരവരുടെ വാതിൽപ്പടിയോട് ചേർന്നും വീട്ടുമുറ്റത്തുംതന്നെ മറവുചെയ്യുന്ന സമ്പ്രദായമായിരുന്നു അവിടെയുണ്ടായിരുന്നത്. എന്നാൽ, ഖബ്ബാബ് മരിച്ചപ്പോൾ അദ്ദേഹം ഇപ്രകാരം വെളിയിൽ മറവുചെയ്യണമെന്ന് വസിയ്യത്തു ചെയ്യുന്നതു കണ്ട മറ്റു ജനങ്ങളും അതുപോലെ മറവു ചെയ്യാൻ തുടങ്ങി. ഹദ്റത്ത് അലി(റ) പറഞ്ഞു; അല്ലാഹു ഖബ്ബാബിനുമേൽ കരുണ ചൊരിയുമാറാകട്ടെ. അദ്ദേഹം സസന്തോഷം ഇസ്‌ലാം സ്വീകരിച്ചു, അനുസരണയോടെ ഹിജ്റത്ത് ചെയ്തു, ഒരു മുജാഹിദിനെപ്പോലെ ജീവിതം കഴിച്ചുകൂട്ടി, ശാരീരികമായി പരീക്ഷിക്കപ്പെട്ടു. സൽകർമം ചെയ്യുന്നയാളുടെ പ്രതിഫലം അല്ലാഹു പാഴാക്കുകയില്ല. അദ്ദേഹത്തിന്റെ ശാരീരികമായ ബുദ്ധിമുട്ടുകളും രോഗവും ദീർഘകാലം നിലനിന്നു. ഹദ്റത്ത് അലി(റ) ആ ഖബറുകളുടെ അടുത്തുപോയി എന്നിട്ടു പറഞ്ഞു: വിശ്വാസികളും മുസ്‌ലിമീങ്ങളുമായ ഇതിലെ നിവാസികളേ! നിങ്ങൾക്ക് സമാധാനമുണ്ടാകട്ടെ. ഞങ്ങൾക്കു മുമ്പേ പോയ മുന്നൊരുക്കക്കാരായവരാണ് നിങ്ങൾ. ഞങ്ങൾ നിങ്ങൾക്കു പിറകേവന്ന് നിങ്ങളുമായി ഉടൻ കണ്ടുമുട്ടുന്നവരാണ്. അല്ലാഹുവേ നീ ഞങ്ങൾക്കും അവർക്കും പൊറുത്തുനൽകേണമേ. നീ പൊറുത്തുകൊടുക്കുന്നവനാണ്. അവർക്ക് നീ മാപ്പു നൽകേണമേ. പരലോകത്തെക്കുറിച്ച് ഓർക്കുന്നവർക്കും കണക്ക് ബോധിപ്പിക്കാനായി കർമങ്ങൾ ചെയ്യുന്നവർക്കും അതു പൂർത്തിയാക്കാൻ അനിവാര്യമായ കാര്യങ്ങളിൽ സംതൃപ്തരായിക്കൊണ്ട് അല്ലാഹുവിനെ തൃപ്തിപ്പെടുത്തുന്നവർക്കും സന്തോഷവാർത്തയായിരിക്കട്ടെ.'(ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ വാള്യം 2, പേജ് 149, ഖബ്ബാബ് ബിൻ അറത്ത്, ദാറുൽ കുതുബുൽഇൽമിയ്യ ബേറൂത്ത് 2003)

ഹദ്റത്ത് അലി അവിടെ ഇങ്ങനെയാണ് ദുആ ചെയ്തു. ഹദ്റത്ത് ഖബ്ബാബ് ഹിജ്റി 37ന് എഴുപത്തിമൂന്നാം വയസ്സിൽ വഫാത്തായി.'(അത്ത്വബഖാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ്, വാള്യം 3, പേജ് 124, ഖബ്ബാബ് ബിൻ അറത്ത്, ദാറുൽകുതുബുൽഇൽമിയ്യ, ബേറൂത്ത് 1990)


## നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.


## ഹദീഥുന്നബ്‌വി (സ):

***നബി(സ)തിരുമേനി പറഞ്ഞു:'അല്ലാഹു പറയുന്നു, എന്റെ ദാസൻ എന്നിലേക്ക് ഒരു ചാൺ അടുത്താൽ അവനിലേക്ക് ഞാൻ ഒരു മുഴം അടുക്കും. ഒരു മുഴം അവനടുത്താൽ ഒരു വാര ഞാനടുക്കും. എന്റെ അടുത്ത് അവൻ നടന്നുവന്നാൽ അവന്റെ അടുക്കലേക്ക് ഞാൻ ഓടിച്ചെല്ലും.'(ബുഖാരി)***


താലിബെ ദുആ
P.P.Raheem & Family
Ahmadiyya Jama-ath Payangadi, Kerala.


## ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: നരകം ദേഹേച്ഛകൊണ്ടും സ്വർഗം കയ്പേറിയ കാര്യങ്ങൾകൊണ്ടും തടുക്കപ്പെട്ടിരിക്കുന്നു. (ആ തട ഭേദിച്ചാലല്ലാതെ അതിൽ കടക്കുക സാധ്യമല്ല) (ബുഖാരി മുസ്‌ലിം)**


താലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala.

# സ്ത്രീകളുടെമേൽ നബി(സ)ചെയ്ത ഔദാര്യങ്ങൾ

സ്ത്രീകളുടെ അവകാശങ്ങൾക്കായി ആദ്യം ശബ്ദം ഉയർത്തുകയും അവരുടെ അവകാശങ്ങൾ സ്ഥാപിച്ചു കാണിക്കുകയും ചെയ്ത ആദ്യത്തെ വീരപുരുഷനാണ് നമ്മുടെ യജമാനരായ ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ). സ്ത്രീകളുടെമേൽ ആ മഹാത്മാവ് കാണിച്ച വിലമതിക്കാനാവാത്ത ഔദാര്യങ്ങൾ അളന്നു നോക്കുന്നതിന് നബി(സ)തിരുമേനിയുടെ കാലത്തെ സ്ത്രീകളുടെ ജീവിതങ്ങളിലേക്ക് നമുക്ക് പോകേണ്ടതായി വരും.

അക്കാലത്തെ സ്ത്രീകളുടെ അവസ്ഥ വിശുദ്ധ ഖുർആൻ ഇങ്ങനെ വിവരിക്കുന്നു: *വഇദാ ബുശ്ശിറ അഹദുഹും ബിൽഉൻഥാ ളല്ല വജ്ഹുഹു മുസ്‌വദ്ദൻ വ ഹുവ കളീം* "അവരിലൊരാൾക്ക് പെൺകുട്ടി പിറന്നുവെന്ന സന്തോഷവാർത്ത അറിയിക്കപ്പെട്ടാൽ അവന്റെ മുഖം കരുവാളിച്ചു പോകുന്നു. അവൻ കോപം ഉള്ളിലൊതുക്കി നിറുത്തുന്നവനായിരിക്കും"(16:59). ഈ ഖുർആനിക വിവരണത്തിൽനിന്ന് ആ സമൂഹത്തിലെ സ്ത്രീയുടെ നില നല്ലവണ്ണം മനസ്സിലാകുന്നുണ്ട്. അങ്ങനെയൊരു അവസ്ഥയുണ്ടായാൽ ഒന്നുകിൽ ആ നിന്ദ്യത സ്വീകരിക്കുക, അല്ലെങ്കിൽ അവളെ മണ്ണിൽ കുഴിച്ചു മൂടുക എന്നതായിരുന്നു അവരുടെ ഭർത്താക്കന്മാരുടെ നയം.

അറേബ്യയിലെ ചില ഗോത്രങ്ങളിൽ പുരുഷന്മാർ തങ്ങളുടെ നാണവും മാനവും കാക്കുന്നതിനുവേണ്ടി പെൺകുട്ടികളെ ജീവനോടെ കുഴിച്ചുമൂടിയിരുന്ന സമ്പ്രദായം നിലനിന്നിരുന്നു. ഒരിക്കൽ നബി(സ)തിരുമേനിയുടെ മുമ്പിൽ ഖയ്സുബ്നു ആസിം(റ)എന്ന സ്വഹാബി ജാഹിലിയ്യ കാലഘട്ടത്തിൽ തന്റെ മകളെ ജീവനോടെ കുഴിച്ചുമൂടിയ വേദനാജനകമയ സംഭവം കേൾപ്പിച്ചു. അവൾ അബ്ബാ അബ്ബാ എന്നു വിളിച്ചുകൊണ്ടിരുന്നു. പക്ഷേ, അയാൾക്ക് ദയയുണ്ടായില്ല. അയാൾ അവളെ ജീവനോടെ കുഴിച്ചുമൂടുകതന്നെ ചെയ്തു. ഇതുകേട്ട് നബി(സ) തിരുമേനിയുടെ മനസ്സ് വേദനകൊണ്ട് നിറഞ്ഞു. ആ മഹാത്മാവ് പറഞ്ഞു:"ആ നിഷ്കളങ്ക കുട്ടി അബ്ബാ അബ്ബാ എന്നു പറഞ്ഞുകൊണ്ടിരുന്നിട്ടും നിനക്ക് അവളോട് ദയയുണ്ടായില്ലല്ലോ?'

ഹദ്റത്ത് ഉമർ(റ) പറയുന്നു: "അല്ലാഹുവാണ! ഞാൻ ജാഹിലിയ്യ കാലത്ത് സ്ത്രീക്ക് ഒരു പ്രാധാന്യവും നല്കിയിരുന്നില്ല. അങ്ങനെ ഇരിക്കുമ്പോഴാണ് അല്ലാഹു അവരുടെ അവകാശങ്ങളെക്കുറിച്ച് വിശുദ്ധ ഖുർആനിൽ കല്പന ഇറക്കി അനന്തരാവകാശത്തിലും അവരെ അവകാശികളാക്കിയത്. ഒരു ദിവസം ഞാൻ എന്റെ എന്തോ ഒരു കാര്യം ആലോചിക്കുകയായിരുന്നു. എന്റെ ഭാര്യ പറഞ്ഞു:'താങ്കൾ ഇങ്ങനെ ചെയ്യുകയായിരുന്നെങ്കിൽ അത് ശരിയാകുമായിരുന്നു.' ഞാൻ അവളോടു പറഞ്ഞു: 'എന്റെ കാര്യത്തിൽ ഇടപ്പെടാൻ നിനക്കെങ്ങനെയാണ് ചങ്കൂറ്റമുണ്ടായത്?' അവൾ പറഞ്ഞു:'താങ്കളുടെ മുമ്പിൽ ആരും സംസാരിച്ചുപോകരുതെന്ന് താങ്കൾ ആഗ്രഹിക്കുകയാണോ? താങ്കളുടെ മകൾ അല്ലാഹുവിന്റെ റസൂലിന്റെ മുമ്പിൽ സംസാരിക്കുന്നു."(ബുഖാരി)

അറബികളുടെ സമ്പ്രദായമനുസരിച്ച് ജാഹിലിയ്യ കാലഘട്ടത്തിൽ വിധവ, സ്വയം ഭർത്താവിന്റെ അനന്തരാവകാശ സ്വത്തിൽ വീതിക്കപ്പെട്ടിരുന്നു. ഭർത്താവിന്റെ അടുത്ത ബന്ധു(ഉദാഹരണമായി അയാളുടെ മൂത്ത സഹപത്നീ പുത്രൻ) അതിന് ഏറ്റവും കൂടുതൽ അവകാശിയായി കരുതപ്പെട്ടിരുന്നു. അയാൾ ഇഷ്ടപ്പെട്ടാൽ ആ സ്ത്രീയെ വിവാഹം കഴിക്കുമായിരുന്നു. ഇനി ഇഷ്ടപ്പെട്ടില്ലെങ്കിൽ അയാൾ ഇഷ്ടപ്പെടുന്ന മറ്റാരെങ്കിലും അവരെ വിവാഹം കഴിക്കുമായിരുന്നു. സ്ത്രീക്ക് തന്റേതായ ഒരു അവകാശവും ഉണ്ടായിരുന്നില്ല.(ബുഖാരി)

നബി(സ)തിരുമേനി വിധവയ്ക്ക് വിവാഹം കഴിക്കാനുള്ള അവകാശം നല്കി. അവിടന്ന് പറഞ്ഞു: 'സ്വന്തം കാര്യത്തെക്കുറിച്ച് തീരുമാനമെടുക്കാൻ 'ഒലി'യെക്കാൾ അധികം അവൾക്ക് അവകാശമുണ്ട്.'(ബുഖാരി)

യതീമായ പെൺകുട്ടികളുടെ അവകാശങ്ങൾക്ക് ഒരു ജാമ്യവും ഉണ്ടായിരുന്നില്ല. ചില ഘട്ടങ്ങളിൽ യതീം പെൺകുട്ടിയുടെ സമ്പന്നനായ സംരക്ഷകൻതന്നെ അവരുടെ സമ്പത്ത് പിടിച്ചെടുക്കുന്നതിനുവേണ്ടി അവളെ വിവാഹം കഴിക്കുമായിരുന്നു. ഹഖ്മഹ്റും അയാളുടെ ഇഷ്ടമനുസരിച്ച് തുച്ഛമായിട്ടേ നല്കുമായിരുന്നുള്ളൂ. വിശുദ്ധ ഖുർആനിൽ ഈ ദുരാചാരത്തിനും തടയിടപ്പെട്ടു. യതീമായ പെൺകുട്ടികളോട് നീതിപൂർവം പെരുമാറണമെന്ന് നിർദേശമുണ്ടായി.(ബുഖാരി)

ഇസ്‌ലാമിനുമുമ്പേ, സ്ത്രീയുടെ വിലയില്ലായ്മയുടേയും നിന്ദ്യതയുടേയും മറ്റൊരു വശമായിരുന്നു അവളുടെ 'പ്രത്യേകദിനങ്ങളിൽ'(അയ്യാമുൽ ഹയ്ള്) അവൾ വീട്ടുകാരിൽനിന്നെല്ലാം മാറി നില്ക്കണമെന്നത്. ഭർത്താവിനോടൊപ്പം ഇരിക്കുക എന്നതു പോയിട്ട്, വീട്ടുകാരും അവളുമായി ഇടപഴകുകയില്ലായിരുന്നു.(മുസ്‌ലിം)

ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) സാമൂഹികമായ ഈ തിന്മയേയും അകറ്റുകയുണ്ടായി. അവിടത്തെ ശരീഅത്തിൽ കല്പന ഇറങ്ങി: 'രജസ്വലത ഒരു അസ്വാസ്ഥ്യമാകുന്നു. ആ ദിനങ്ങളിൽ ശാരീരികബന്ധം മാത്രമാണ് വിരോധിക്കപ്പെട്ടിട്ടുള്ളത്. പൊതുവെയുള്ള സഹവാസമൊന്നും ഒരിക്കലും വിലക്കപ്പെട്ടിട്ടില്ല.(2:223)

നബി(സ)തിരുമേനി ഭാര്യമാരുടെ പ്രത്യേകമായ ദിനങ്ങളിൽ അവരെ കൂടുതൽ പരിഗണിക്കുമായിരുന്നു. അവരുമായി ഇരിക്കുകയും സംസാരിക്കുകയുമൊക്കെ ചെയ്യുമായിരുന്നു. കിടക്കയിൽ അവരുമൊത്ത് വിശ്രമിക്കുമായിരുന്നു. ഇടപഴകി ജീവിക്കുന്നതിൽ ഒരു കുറവും വരുത്തിയിരുന്നില്ല.(അബൂദാവൂദ്)

ഭർത്താവ് മരിച്ചു കഴിഞ്ഞാൽ അറേബ്യയിൽ സ്ത്രീകളുടെ അവസ്ഥ അങ്ങേയറ്റം മോശവും നിന്ദ്യവും ആയിരുന്നു. ഏറ്റവും തരംതാണ വസ്ത്രം ഉടുപ്പിച്ച്, വീട്ടിൽനിന്ന് വേറിട്ട ശൂന്യമായ സ്ഥലത്ത് ഒരു വർഷംവരെ ഇദ്ദ കഴിച്ചുകൂട്ടാൻ അവളെ പാർപ്പിക്കുമായിരുന്നു. ഒരു കൊല്ലം കഴിയുകയും ഒരു നായ ആ വഴിക്ക് നടന്നു പോകുകയും ചെയ്താൽ നാല്കാലികളുടെ കാഷ്ഠത്തിന്റെ ഒരു തുണ്ടെടുത്ത് അവൾ എറിഞ്ഞിട്ടാണ് ആ തടവറയിൽനിന്ന് വെളിയിൽ വന്നിരുന്നത്.(ബുഖാരി)

ആ അജ്ഞാനകാലത്തെ സ്ത്രീകളോടുള്ള വെറുപ്പും നിന്ദാപരമായ വികാരങ്ങളും ഇല്ലാതാക്കുന്നതിനുവേണ്ടി നമ്മുടെ യജമാനരായ മുഹമ്മദ് മുസ്തഫാ(സ) ഇങ്ങനെ പറഞ്ഞു: "നിങ്ങളുടെ ഈ ലോകത്തിൽ എനിക്കേറ്റവും ഇഷ്ടപ്പെട്ട വസ്തുക്കളിൽ ഒന്നാമത്തേത് ഭാര്യമാരാണ്. പിന്നീട് പ്രിയപ്പെട്ടത് നല്ല സുഗന്ധവും. പക്ഷേ, നമസ്കാരത്തിലും അല്ലാഹുവിനോടുള്ള സ്നേഹത്തിലും തന്നെയാണ് എന്റെ കണ്ണുകൾക്ക് കുളിർമ."(നിസാഇ)

ഒരു അവസരത്തിൽ നബി(സ)തിരുമേനി ഇങ്ങനെ വെളിപ്പെടുത്തി: 'പൊതുവെ സ്ത്രീ, പുരുഷനെ അപേക്ഷിച്ച് ബുദ്ധിപരമായ കഴിവുകളിൽ ന്യൂന ആയിരുന്നിട്ടും പുരുഷനെ അതിജയിക്കാനുള്ള കരുത്ത് അവൾ ഉൾക്കൊള്ളുന്നുണ്ട്.'

നബി(സ)തിരുമേനി സ്ത്രീകളുടെ അപേക്ഷമാനിച്ച് അവരുടെ വിദ്യാഭ്യാസത്തിനും ധാർമികമായ ശിക്ഷണത്തനുംവേണ്ടി ഒരു പ്രത്യേക ദിവസം നിശ്ചയിച്ചിരുന്നു. അന്നേ ദിവസം അവരെ ഉപദേശിക്കുകയും അവരുടെ ചോദ്യങ്ങൾക്ക് മറുപടി നല്കുകയും ചെയ്തിരുന്നു.(ബുഖാരി)

നബി(സ)തിരുമേനി സ്ത്രീകളെ സാമൂഹികജീവിതപരിപാടികളിൽ തുല്യരായിട്ട് പങ്കെടുപ്പിച്ചു. ഇസ്‌ലാമികാഘോഷങ്ങളായ പെരുന്നാൾ അവസരങ്ങളിൽ എല്ലാ പുരുഷന്മാരേയും സ്ത്രീകളേയും പ്രായപൂർത്തിയായ പെൺകുട്ടികളെപ്പോലും പങ്കെടുപ്പിക്കണമെന്ന് നിർദേശിക്കുകയുണ്ടായി. ഏതെങ്കിലും പെൺകുട്ടിയുടെ കൈയിൽ പർദയ്ക്കായി ചാദുർ ഇല്ലെങ്കിൽ അവളുടെ കൂട്ടുകാരി നല്കേണ്ടതാണ്. നമസ്കാരമില്ലാത്ത സ്ത്രീകളും പെരുന്നാളിന്റെ കൂട്ടായ പ്രാർഥനയിൽ പങ്കെടുക്കണമെന്നും പറഞ്ഞു.(ബുഖാരി)

നബി(സ)തിരുമേനി മാതാവ്, മകൾ, സഹോദരി, ഭാര്യ എന്ന നിലയിൽ സ്ത്രീകളുടെ ആദരവും ബഹമാനവും സ്ഥാപിക്കുകയുണ്ടായി. ചരിത്രത്തിൽ അതിനുദാഹരണം എവിടേയും കാണുകയില്ല. ആ മഹാത്മാവ് പറഞ്ഞു: "സ്വർഗം മാതാവിന്റെ പാദത്തിൻ കീഴിലാണ്." പെൺകുട്ടികളെ ജീവനോടെ കുഴിച്ചുമൂടിയിരുന്നവർക്ക് "അവരെ പരിപാലിച്ചു വളർത്തുകയാണെങ്കിൽ സ്വർഗം കിട്ടുമെന്ന സുവാർത്ത നല്കി." നബി(സ)തിരുമേനിയുടെ മകൾ ഫാതിമ

## ഹദീഥുന്നബവ്വി (സ):

***നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു പറയുന്നു, 'എന്റെ ദാസരേ!ഞാൻ ആരേയും അക്രമിക്കുകയില്ല. നിങ്ങളും ആരേയും അക്രമിക്കരുത്. അത് നിങ്ങൾക്കു നിഷിദ്ധമാണ്.' (മുസ്‌ലിം)***

ത്വാലിബെ ദുആ
P.Abdul Ameer
Sadr, Ahmadiyya jama'ath Pathapiriyam (Kerala)

## ഹദീസുന്നബവ്വി(സ)

**നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു പറയുന്നു: 'എന്റെ ദാസരേ! ഞാൻ നിങ്ങൾക്ക് ധരിപ്പിച്ചിട്ടില്ലെങ്കിൽ നിങ്ങളെല്ലാം നഗ്നരാണ്. അതുകൊണ്ട് നിങ്ങളെന്നോടു വസ്ത്രം ആവശ്യപ്പെടുക. ഞാൻ നിങ്ങൾക്കു ധരിപ്പിക്കാം.'(മുസ്‌ലിം)**

ത്വാലിബെ ദുആ:
Members of lajna Imayillah,
Ahmadiyya jama'ath Mathottam (Kerala)

**EDITOR**
**H.Shamsuddin**

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ *Weekly* **BADAR** *Qadian*

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-5 Thursday 11 June 2020 Issue-24

**MANAGER**
**NAWAB AHMAD**
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

(റ) വന്നു. നബി(സ) ആദരവോടെ എഴുന്നേററു നിന്നു. ഭാര്യമാരോടുള്ള ആദരവും ബഹുമാനവും അവിടന്ന് സ്ഥാപിച്ചു. അവരെ വീട്ടിലെ റാണികളാക്കി. പറഞ്ഞു: "ഏറ്റവും നല്ല ആളുകൾ ഭാര്യമാരോട് നല്ല നിലയിൽ പെരുമാറുന്നവരാണ്. സ്ത്രീകളോടു നല്ലനിലയിൽ പെരുമാറുന്നവരിൽ നിങ്ങളിൽ ഏറ്റവും ഉത്തമൻ ഞാനാണ്."
സ്ത്രീകളോടുള്ള ആദരവും അവരുടെ സൗകുമാര്യതയും സംബന്ധിച്ച് നബി(സ)തിരുമേനിക്ക് വളരെ ശ്രദ്ധയുണ്ടായിരുന്നു. ഒരു യാത്രാവേളയിൽ അവിടത്തെ ഭാര്യമാർ ഒട്ടകപ്പുറത്ത് യാത്ര ചെയ്യുകയായിരുന്നു. ഒട്ടകം ഓടിച്ചിരുന്ന അഞ്ചശ, അതിനെ പായിക്കാൻ തുടങ്ങി. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: 'അഞ്ചശാ! നിനക്കു നന്മവരട്ടെ. നേർത്ത പളുങ്കുകളാണ് കൂടെയുള്ളത്. ഈ പളുങ്കുകൾക്ക് കേടുവരുത്താതിരിക്കുക. അത് പൊട്ടിപ്പോകരുത്. ഒട്ടകത്തെ പതുക്കെ തെളിക്കുക!" ഈ സംഭവം ഒരു നിവേദകനായ അബൂ ഖലാബത്ത് പറയാറുണ്ടായിരുന്നു: "നോക്കൂ! നബി(സ)തിരുമേനി സ്ത്രീകളുടെ സൗകുമാര്യതയെ പരിഗണിച്ചുകൊണ്ട് അവരെ പളുങ്ക് എന്ന് പറയുകയുണ്ടായി. ഈ പ്രയോഗം മറ്റാരെങ്കിലുമായിരുന്നു നടത്തിയിരുന്നതെങ്കിൽ അത്തരം സ്ത്രീകളുടെ ക്ഷേമകാംക്ഷികളെ നിങ്ങൾ ജീവിക്കാൻ വിടുമായിരുന്നോ? തീർച്ചയായും അവനെ ശകാരിക്കുമായിരുന്നു!(മുസ്‌ലിം)
നബി(സ)തിരുമേനിയുടെ ധൈര്യമായിരുന്നു അത്. അതായത് അബലയുടെ അവകാശത്തിനെതിരെ സമൂഹം മുഴുവൻ നിന്നിരുന്ന കാലത്തായിരുന്നു നബി(സ)തിരുമേനി ഈ മുദ്രാവാക്യം മുഴുക്കയിത്. പുരുഷനായിക്കൊണ്ട് സ്ത്രീയുടെ അവകാശത്തിനുവേണ്ടി പൊരുതിയ ഏറ്റവും വലിയ ധ്വജവാഹകനുള്ള ഉദാഹരണം. അത് നബി(സ) തിരുമേനിക്ക് മാത്രമായിരിക്കും. അത് ചരിത്രത്തിൽ തങ്കലിപികളാൽ എഴുതപ്പെട്ടുകൊണ്ടേപോകും. സ്ത്രീകൾക്ക് ഒരു അവകാശവുമില്ലെന്ന് മനസ്സിലാക്കിയിരുന്നതും പരിചാരികമാരോടും അടിമസ്ത്രീകളോടും പെരുമാറിയിരുന്നതിനെക്കാൾ മോശമായി അവരോട് പെരുമാറിയിരുന്നതുമായ സമൂഹത്തിൽ നബി(സ)തിരുമേനി അവളെ വീടിന്റെ റാണിയാക്കി. ആ മഹാത്മാവ് പറഞ്ഞു:'ഭാര്യ തന്റെ ഭർത്താവിന്റെ വീടിന്റെ മേൽനോട്ടക്കാരിയാണ്. അവൾ അവളുടെ ഉത്തരവാദത്തെ കുറിച്ച് ചോദിക്കപ്പെടുന്നതാണ്. നബി(സ)തിരുമേനി സ്ത്രീയുടെ അവകാശം തുറന്നു വിവരിക്കുകയുണ്ടായി.
ഹദ്‌റത്ത് മുആവിയ ബിൻ ഹയ്ദ വിവരിക്കുന്നു: ഞങ്ങളിൽ ഒരാളുടെ ഭാര്യമാരോടുള്ള കടമ എന്താണ് എന്ന് ചോദിച്ചപ്പോൾ നബി(സ) തിരുമേനി പറഞ്ഞു:'നിങ്ങൾ ഭക്ഷണം കഴിക്കുമ്പോൾ അവളേയും കഴിപ്പിക്കുക. നിങ്ങൾ വസ്ത്രം ധരിക്കുന്ന നിലവാരത്തിൽ അവളേയും ധരിപ്പിക്കുക. അതായത് നിങ്ങളുടെ കഴിവും ശക്തിയും നിങ്ങളുടെ ജീവിത നിലവാരവുമനുസരിച്ച് ഭാര്യയോടുള്ള കടമ നിറവേറ്റുക. അവൾക്ക് ശിക്ഷ നല്കിക്കൊണ്ട് മുഖത്ത് ഒരിക്കലും അടിക്കരുത്. ഒരിക്കലും അപരാധം പറയരുത്. ചീത്ത വിളിക്കരുത്. ഒരിക്കലും വേറിട്ടു നില്ക്കരുത്. ആവശ്യം വരികയാണെങ്കിൽ വീടിന്റെ ഉള്ളിൽ കിടക്കകൾ വേർപെടുത്താൻ അനുവാദമുണ്ട്.(അബൂദാവൂദ്)
നിർബന്ധിതനായാൽ സ്ത്രീയെ ശിക്ഷിക്കാം എന്ന് പറയുകയുണ്ടായി. അനാശാസ്യ പ്രവൃത്തിയിൽനിന്ന് ഭാര്യയെ തടയുന്നതിനുവേണ്ടിയാണ് നബി(സ)തിരുമേനി കുടുംബനാഥനായ ഭർത്താവിന് ഈ അനുവാദം നല്കിയിട്ടുള്ളതെന്ന് കാര്യം ഓർമിക്കേണ്ടതാണ്. എന്നാൽ, അതിനെ ദുരുപയോഗം ചെയ്യുന്നത് നബി(സ) തിരുമേനി കണ്ടപ്പോൾ പറഞ്ഞു: 'ലാ തള്‌രിബു ഇമാഅല്ലാഹി സ്ത്രീകൾ അല്ലാഹുവിന്റെ ദാസിമാരാണ്. അവരുടെമേൽ കൈയേറ്റം ചെയ്യാതിരിക്കുക. സ്ത്രീകളെ ചിലർ മർദിക്കുന്നുവെന്നറിഞ്ഞപ്പോൾ നബി(സ)പറഞ്ഞു: 'ലയ്‌സ ഉലായിക്ക് ലിഖിയാരിക്കും അക്കൂട്ടർ നിങ്ങളിലെ നല്ലവരിൽപ്പെട്ടവരല്ല.(നിസാഇ)
നബി(സ)തിരുമേനി അറഫാ മൈതാനിയി ൽ ചെയ്ത വിടവാങ്ങൽ പ്രസംഗത്തിൽ പറഞ്ഞു: 'ഈ സാധുക്കൾ നിങ്ങളുടെയിടയിൽ തടവുകാരെപ്പോലെയാണുള്ളത്. അവരെന്തെങ്കിലും അനാശാസ്യപ്രവൃത്തി ചെയ്താൽ മാത്രമേ നിങ്ങൾക്കവരെ ശിക്ഷിക്കാൻ അനുവാദമുളളു. അപ്പോൾ നിങ്ങൾ നിങ്ങളുടെ കിടക്കകൾ വേർപെടുത്തി ഇടുക. അല്ലെങ്കിൽ അതിന്റെ അടുത്ത പടിയെന്ന നിലയിൽ അവരെ ശകാരിച്ചുകൊണ്ട് ശിക്ഷ നല്കാവുന്നതാണ്. എന്നാൽ, ശരീരത്തിൽ ഒരു തരത്തിലുള്ള പാടും അടയാളവും ഉണ്ടാകുന്നതരത്തിൽ ശിക്ഷ നല്കാൻ പാടില്ല. അവർ അനുസരിക്കുകയാണെങ്കിൽ അവരോട് മറ്റു രീതികൾ കൈക്കൊള്ളുന്നത് ഉചിതമല്ല. ഓർമിക്കുവിൻ! സ്ത്രീകളുടെമേൽ നിങ്ങൾക്ക് ചില അവകാശങ്ങൾ ഉള്ളതുപോലെതന്നെ സ്ത്രീകൾക്ക് നിങ്ങളുടെമേലും ചില അവകാശങ്ങളുണ്ട്. സ്ത്രീകളുടെമേലുള്ള നിങ്ങളുടെ അവകാശം അവർ നിങ്ങൾക്കുവേണ്ടി അവരുടെ ചാരിത്രം കാത്തുസൂക്ഷിക്കുക എന്നതാണ്. നിങ്ങളുടെ ഇഷ്ടത്താലല്ലാതെ മറ്റാരും വീട്ടിൽ വരാൻ അനുവദിക്കരുത്. നിങ്ങളിലുള്ള അവരുടെ അവകാശം നിങ്ങൾ ഭക്ഷണത്തിലും വസ്ത്രത്തിലും അശനപാനീയങ്ങളിലും നല്ല നിലയിൽ അവരോട് പെരുമാറുക എന്നതാണ്. കഴിയുന്നിടത്തോളം ഏറ്റവും നല്ല നിലയിൽ അവരോട് പെരുമാറുക (തിർമിദി)

---

**(പേജ് 1ൽനിന്ന്)**

ളിൽപ്പെട്ടവനല്ല, എന്നു പറയുമ്പോൾ യഥാർഥത്തിൽ ഹനീഫൻ(ഋജുമാനസൻ)എന്ന് പറയാൻ നമുക്ക് കഴിയുമോ? വായകൊണ്ടു പറയുന്നതുപോലെ അവിടേക്ക് ശ്രദ്ധയും ഉണ്ടാകുകയാണെങ്കിൽ അവൻ മുസ്‌ലിമായിരിക്കുമെന്നതിൽ സംശയമില്ല; അവൻ മുഅ്മിനും ഹനീഫുമാണ്. എന്നാൽ, അല്ലാഹുവിനെ ഉപേക്ഷിച്ചുകൊണ്ട് അന്യദൈവത്തോടു ചോദിക്കുന്നവൻ അവിടേയും കുമ്പിടുകയാണ് ചെയ്യുന്നത്. നാവുകൊണ്ടും പ്രകടനംകൊണ്ടും അല്ലാഹുവിന്റെ മുമ്പിൽ കുമ്പിടാൻ കഴിയാത്തവന്റെമേൽ ദൗർഭാഗ്യതയുടേയും നിഷേധത്തിന്റേയും നേരം വരാൻ പോകുകയാണെന്ന് ഓർക്കുക.
നമസ്കാരം ഉപേക്ഷിക്കുന്നതിന്റെ ശീലത്തിന്റേയും അലസതയുടേയും ഒരു കാരണം ഇതും കൂടിയാണ്; കാരണം മനുഷ്യൻ അന്യദൈവത്തിന്റെ മുമ്പിൽ കുമ്പിടുമ്പോൾ ആത്മാവിന്റേയും മനസ്സിന്റേയും ശക്തികൾ(തുടക്കത്തിൽ മരത്തിന്റെ ശാഖകൾ ഒരു ഭാഗത്തേക്ക് തിരിച്ചുവിട്ടാൽ ആ ഭാഗത്തേക്കുതന്നെ വളരുന്ന) ആ വൃക്ഷത്തെപ്പോലെ ആ ഭാഗത്തേക്കുതന്നെ അത് കുനിയുന്നു. അല്ലാഹുവിൽനിന്ന് ഒരു കാഠിന്യവും കടുപ്പവും അവന്റെ മനസ്സിലുണ്ടായി അതിനെ മഞ്ഞുകട്ടിയും കല്ലുമാക്കിമാറ്റുന്നു;ആ ശാഖകൾപോലെ! പിന്നീട് അവന് മറുഭാഗത്തേക്ക് തിരിയാൻ കഴിയില്ല. ഇപ്രകാരം ആ മനസ്സും ആത്മാവും നിത്യേന അല്ലാഹുവിൽനിന്ന് അകന്നകന്നുപോകുന്നു. അതിനാൽ മനുഷ്യൻ അല്ലാഹുവിനെ വിട്ട് മറ്റുള്ളവരോടു ചോദിക്കുക എന്നത് വലിയ ഭയാനകവും മനസ്സിനെ വിറകൊള്ളിക്കുകയും ചെയ്യുന്ന കാര്യമാണ്. അതുകൊണ്ട് നമസ്കരിക്കേണ്ടത് വലിയ നിർബന്ധമായ കാര്യമാണ്. ഒന്നാമതായി അതൊരു ഉറച്ച ശീലമായി മാറണം. അല്ലാഹുവിലേക്ക് മടങ്ങുന്നുവെന്ന വിചാരമുണ്ടാകണം. പിന്നീട് മെല്ലെ മെല്ലെ ആ സമയം സ്വയമേവ വരുന്നതായിരിക്കും. സകലതും വിച്ഛേദിച്ചു കഴിയുമ്പോൾ മനുഷ്യൻ ഒരു പ്രകാശത്തിന്റേയും നിർവൃതിയുടേയും അനന്തരാവകാശിയായിത്തീരുന്നു. ഞാൻ ഇക്കാര്യം വീണ്ടും താക്കീതായി പറയുകയാണ്, ഖേദകരമെന്ന് പറയട്ടെ അന്യദൈവത്തിലേക്ക് മടങ്ങുകയും അവിടെ പോയി നേർച്ച വഴിപാടുകൾ നടത്തുകയും ചെയ്യുന്നതിന്റെ ദൂഷ്യഫലങ്ങൾ വിവരിക്കാനുള്ള വാക്കുകൾ എനിക്കു കിട്ടിയില്ല. ഇക്കാര്യം അല്ലാഹുവിന്റെ ആത്മീയരോഷത്തെ പ്രകോപിപ്പിക്കുന്നതാണ്. കാരണം ഇത് ആളുകളെ പൂജിക്കലാണ്. അത് അവനെ അല്ലാഹുവിൽനിന്നകറ്റുകയും ദൂരത്തേക്കെടുത്തെറിയുകയും ചെയ്യുന്നു. തടിച്ച വാക്കുകളിൽ ഞാൻ അതിനെ വിവരിക്കാം. ഇത് അങ്ങനെയല്ലെങ്കിൽത്തന്നെയും കാര്യം നല്ലവണ്ണം മനസ്സിലാകുന്നതായിരിക്കും. പുരുഷത്വമുള്ള ആരും തന്റെ ഭാര്യ അന്യപുരുഷനുമായി ലൈംഗിക ബന്ധത്തിലേർപെടുന്നത് കണ്ടാൽ ഇഷ്ടപ്പെടുകയില്ല. അവൾ ആ അവസ്ഥയിൽ കുറ്റക്കാരിയാണെന്നും വധാർഹയാണെന്നും ഭർത്താവ് കരുതുന്നു. എന്നല്ല അത്തരം സംഭവങ്ങൾ ചിലപ്പോൾ ഉണ്ടാകുന്നുമുണ്ട്. ഇതുപോലുള്ള ദ്വേഷവും ആത്മീയരോഷവുമാണ് ദൈവത്വത്തിന്റേത്. ദാസത്വവും പ്രാർഥനയും അതേ സത്തയുമായുള്ള സമമായ ബന്ധമാണ്. മറ്റാരെയെങ്കിലും ആരാധ്യനായി നിശ്ചയിക്കുന്നതും അവരെ വിളിച്ച് പ്രാർഥിക്കുന്നതും അവനിഷ്ടപ്പെടുകയില്ല. അതിനാൽ നല്ലവണ്ണം ഓർത്തുകൊള്ളുക! വീണ്ടും പറയുകയാണ് നല്ലവണ്ണം ഓർത്തുകൊള്ളുക! അന്യദൈവത്തിന്റെ മുമ്പിൽ കുമ്പിടുക എന്നത് അല്ലാഹുവുമായുള്ള ബന്ധം വെട്ടിമുറിക്കലാണ്. നമസ്കാരമെന്നോ തൗഹീദെന്നോ എന്തുവേണമെങ്കിലും പറഞ്ഞുകൊള്ളുക. കാരണം തൗഹീദിന്റെ കർമപരമായ ഏറ്റുപറച്ചിലിന്റെ പേരുതന്നെയാണ് നമസ്കാരം. താനൊന്നുമല്ലെന്ന പൂർണമായ വിചാരത്തിന്റേയും വണക്കത്തിന്റേയും ആത്മാവും ഋജുവായ മനസ്സുമില്ലാത്ത നേരത്ത് അത് അനുഗ്രഹരഹിതവും നിഷ്ഫലവുമാണ്.(മൽഫൂദാത്ത് വാള്യം 1 പേജ് 143–146, 2018 ഖാദിയാൻ)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin